ഇനകീയാസൂത്രണ പദ്ധതി

മഞ്ചേരി ഗ്രാമ പഞ്ചായത്ത്




സമഗ്ര വികസന രേഖ


കേരളം
കണ്ണൂർ

14.2—7

ജനകീയ ആസൂത്രണ പദ്ധതി

മയ്യിൽ ഗ്രാമ പഞ്ചായത്ത്



വികസന സെമിനാർ

'96 നവംബർ 9 ശനിയാഴ്ച

മയ്യിൽ ഗവ: ഹൈസ്കൂൾ

മയ്യിൽ ഗ്രാമ പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ

ടി. രുഗ്മിണിട്ടീച്ചർ	-	പ്രസിഡണ്ട്
സി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ	-	വൈസ്പ്രസിഡണ്ട്
കെ.ശ്രീധരൻ മാസ്റ്റർ	-	സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
സി.വി.ലളിത	-	മെമ്പർ
എ.പി. മൊയ്തുഹാജി		»
എം.ബി. കുഞ്ഞിക്കണ്ണൻ		»
കെ.രമേശൻ		»
സി.വി.മോഹനൻ		»
കെ.സരോജിനി		»
പി. സുശീല		»

1. ആമുഖം
2. പൊതുവിവരണം
3. സാമൂഹ്യസാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹ്യസാമ്പത്തിക മേഖലകൾ
5-1 കൃഷിയും ജലസേചനവും
5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5-3 വ്യവസായം
5-4 വിദ്യാഭ്യാസം
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5-8 സംസ്കാരം
5-9 വനിത
5-10 സഹകരണം
5-11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
5-12 വിഭവസമാഹരണം

മയ്യിൽ ഗ്രാമപഞ്ചായത്ത്

വികസന സമിതി

പ്രസിഡണ്ട് : ടി. രുഗ്മിണി ടീച്ചർ

വൈസ് പ്രസിഡണ്ട് : സി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ

സി.വി. കുഞ്ഞിരാമൻ നമ്പ്യാർ

സെക്രട്ടറി : പി. ബാലൻ

ജോ.സെക്രട്ടറിമാർ : പി.വി. മോഹനൻ


കെ.പി. ബാലകൃഷ്ണൻ

കെ. ശ്രീധരൻ

ട്രഷറർ കോ-ഓഡിനേറ്റർ : പി.കെ. വിജയൻ

സബ്കമ്മിറ്റി ചെയർമാന്മാരുംകൺവീനർമാരും

കൃഷി	കെ.കെ.കുഞ്ഞനന്തൻനമ്പ്യാർ	കെ.എം. ദിവാകരൻ
ആരോഗ്യം	ഡോ. കെ. ഇന്ദിര	കെ.ആർ. ബാലകൃഷ്ണൻ
മൃഗസംരക്ഷണം	കെ.കെ.രാമചന്ദ്രൻ	എം. ഈശ്വരൻ എമ്പ്രാന്തിരി
ജലസേചനം	കെ.കെ.ഗോവിന്ദൻ	പി.പി. ദാമോദരൻ
പശ്ചാത്തലസൗകര്യം	സി. ഗോപാലൻ	പി. കുഞ്ഞികൃഷ്ണൻ
ഊർജ്ജം	ടി.ഒ. നാരായണൻ	എം. പി. ദാമോദരൻ
വിദ്യാഭ്യാസം	എം. ബാലകൃഷ്ണൻനമ്പ്യാർ	കെ.സി. ഗോവിന്ദൻ
വനിത	കെ. സരോജിനി	പി. സൗമിനി



1 ആമുഖം


അധികാരവികേന്ദ്രീകരണം നമ്മുടെ സംസ്ഥാനത്തിൽ ഒരു മുഖ്യ അജണ്ടയായി മാറിക്കഴിഞ്ഞിരിക്കുന്നു. നിയമപരമായ ഒരു ബാധ്യത എന്ന നിലയിൽ ത്രിതല പഞ്ചായത്തുകൾ പ്രവർത്തിപ്പിക്കുക എന്നതിലുപരി കേരളത്തിന്റെ വികസനപ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഒരു പ്രായോഗികമാർഗ്ഗം എന്ന നിലയിൽ കൂടിയാണ് നാം അധികാരവികേന്ദ്രീകരണത്തെ സമീപിക്കുന്നത്. പക്ഷെ ഇത് പ്രയോഗത്തിൽ വരുത്താൻ തടസ്സങ്ങൾ ഏറെയുണ്ട്. നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾക്കുപുറമെ പ്രായോഗിക അനുഭവങ്ങളുടെയും വൈദഗ്ധ്യത്തിന്റേയും അഭാവവും മുഖ്യപ്രശ്നമാണ്. ഉദാഹരണമായി പഞ്ചായത്ത് രാജ് നിയമത്തിന്റെ 175-ാം വകുപ്പ് ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി ആസൂത്രണത്തിനുള്ള വിപുലമായ അധികാരം നല്കുന്നു. ഈ അധികാരം എങ്ങിനെ ഫലപ്രദമായി വിനിയോഗിക്കാം? എങ്ങിനെ നല്ലൊരു പദ്ധതി ഉണ്ടാക്കാം? ഇതിനു നമുക്കു മാതൃകകളില്ല. ഇത്തരത്തിൽ വേറെയും ഒട്ടേറെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടാനാവും.

ഈ സാഹചര്യത്തിലാണ് പ്രാദേശിക ആസൂത്രണത്തിനു മൂർത്തവും ആവർത്തന സാധ്യതയുള്ളതുമായ ഒരു മാതൃക സൃഷ്ടിക്കുന്നതിനു സാംഗത്യമേറുന്നത്. 1991ൽ ആരംഭിച്ച വിഭവ ഭൂപട നിർമ്മാണം ഈ ദിശയിലേയ്ക്കുള്ള ഒരു പരീക്ഷണമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കല്യാശ്ശേരി ആസൂത്രണ മാതൃക ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഈ മാതൃകയുടെ പരിമിതികളൊക്കെ ഒഴിവാക്കികൊണ്ട് കുറേക്കൂടി ഫലപ്രദമായ ഒരു പ്രായോഗിക മാതൃക രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ്

സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസിലെ കേരള ഗവേഷണ പരിപാടിയുടെയും, കേരളശാസ്ത്രസാഹിത്യപരിഷത്തിൻെറയും സംയുക്ത സംരംഭമെന്ന നിലയിൽ 5 പഞ്ചായത്തുകളിൽ ജനകീയാസൂത്രണപരിപാടി എന്നൊരു സംരംഭം ആരംഭിച്ചത്. വിഭവഭൂപട നിർമ്മാണം തൊട്ട് നല്ല നിലയിൽ പ്രവർത്തിച്ചുവന്ന മയ്യിൽ പഞ്ചായത്തിനെ ഈപദ്ധതിയിൽ ഉൾപ്പെടുത്തി എന്നത് നമുക്ക് അഭിമാനകരമാണ്. (കോഴിക്കോട് - ഒഞ്ചിയം, തൃശ്ശൂർ- മാടക്കത്തറ, കോട്ടയത്ത്-കുമരകം, പത്തനംതിട്ട-മെഴുവേലി എന്നിവയാണ് മറ്റുപഞ്ചായത്തുകൾ). ഇവയ്ക്കു പുറമേ സ്വമേധയാ മുന്നോട്ട് വന്നവരെ പതിനാറു പഞ്ചായത്തുകളും കല്ല്യാശ്ശേരിയുമടക്കം മൊത്തത്തിൽ 22 പഞ്ചായത്തുകളിലാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനം നടക്കുന്നത്. വിവിധ തുറകളിൽ ആവശ്യമായ അന്വേഷണത്തിൻെറയും പഠനത്തിൻെറയും അടിസ്ഥാനത്തിൽ രണ്ട് വർഷത്തിനകം ശാസ്ത്രീയമായ വികസന പദ്ധതി രൂപപ്പെടുത്തുക. അതോടൊപ്പം ജനപങ്കാളിത്തത്തോടുകൂടി ചില കാര്യങ്ങളെങ്കിലും നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുക- ഇതാണ് ജനകീയ ആസൂത്രണ പരിപാടി ലക്ഷ്യമിട്ടത്. ഈ ലക്ഷ്യത്തോടുകൂടി കഴിഞ്ഞ 10 മാസക്കാലമായി മയ്യിൽ ഗ്രാമപഞ്ചായത്തിലും വിവിധപ്രവർത്തനങ്ങൾ നടന്നുവരികയാണ്. ചാരിറ്റബിൾ സൊസൈറ്റി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട പഞ്ചായത്ത് വികസന സമിതിയുടെ ആഭിമുഖ്യത്തിലും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയന്ത്രണത്തിലുമാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തിപ്പോരുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ ജനകീയ അടിത്തറ വികസിപ്പിക്കുന്നതിനും പദ്ധതി ആസൂത്രണവും നടത്തിപ്പും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഈ സംവിധാനം വളരെയേറെ സഹായകരമാണെന്ന് ഇതിനകം ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ തുടർന്നു വരവെയാണ് സംസ്ഥാന ഗവൺമെൻറിൻെറയും ആസൂത്രണ ബോർഡിൻേറയും നേതൃത്വത്തിൽ ഒൻപതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയ ആസൂത്രണപ്രസ്ഥാനം ആരംഭിക്കുന്നത്. ഇതിൻെറ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിനു ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി നാം നടത്തിയ പഠനങ്ങളും വിവരശേഖരണപ്രവർത്തനങ്ങളും ഏറെ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ ഈ രണ്ട് പരിപാടികളും കൂട്ടി യോജിപ്പിച്ചുകൊണ്ടാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുന്നത്. ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വികസനതുറകളെ അവലോകനം ചെയ്തുകൊണ്ടും ഒൻപതാം പദ്ധതി രൂപീകരണത്തിനുള്ള വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിലും ദ്വിതീയ വിവര ശേഖരണത്തിൻെറ അടിസ്ഥാനത്തിലും തയ്യാറാക്കിയിട്ടുള്ളതാണ് ഈ വികസന റിപ്പോർട്ട്. വിവിധ വികസന തുറകളെ പൊതുഅവലോകനത്തിനു വിധേയമാക്കുന്നതോടൊപ്പം അതതുമേഖലകളിലെ പ്രശ്നങ്ങൾ പട്ടികപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനുള്ള സാധ്യതകൾ എന്തൊക്കെയെന്ന് നിർദ്ദേശിക്കുന്നതിനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. മയ്യിൽ ഗ്രാമപഞ്ചായത്തിൻെറ സമ്പന്നമായ സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലത്തിലും ഭൂപരമായ സവിശേഷതകൾ പരിഗണിച്ചും വേണം വികസനതുറകളെ വിശകലനം ചെയ്യേണ്ടത് എന്നതിനാൽ ഈ ദിശയിലുള്ള ഒരു അവലോകനവും റിപ്പോർട്ടിൻെറ ഭാഗമായി ചേർത്തിട്ടുണ്ട്.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിൻെറ സംഘാടനത്തിനായി പഞ്ചായത്തു തലത്തിൽ രൂപീകരിച്ച റിസോഴ്സ് ഗ്രൂപ്പിൻെറയും വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും നിരന്തരപരിശ്രമം ഈ റിപ്പോർട്ടിൻെറ പിറകിലുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ ഒൻപതാം പദ്ധതി രൂപീകരണത്തിനും അതിൻെറ ഭാഗമായുള്ള സ്കീമുകൾ തയ്യാറാക്കാനും സഹായകരമായ അടിസ്ഥാന രേഖ എന്ന നിലയിൽ ഈ റിപ്പോർട്ട് പഞ്ചായത്ത് വികസന സെമിനാറിൻെറ വിശദമായ ചർച്ചക്ക് വിധേയമാവുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും മുമ്പിൽ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.



2 പൊതുവിവരണം

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലെ ചിറക്കൽ താലൂക്കിൽപ്പെടുന്ന ഭൂവിഭാഗമായിരുന്നു ഇന്നത്തെ മയ്യിൽ ഗ്രാമപഞ്ചായത്ത് പ്രദേശം. 1950ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് അനുസരിച്ച് 1954 ൽ ഇവിടെ മയ്യിൽ, കയരളം, കണ്ടക്കൈ വില്ലേജു പഞ്ചായത്തുകൾ രൂപീകൃതമായി. 1960ലെ കേരള പഞ്ചായത്ത് നിയമം പ്രകാരമാണ് മേൽപറഞ്ഞ, വില്ലേജു പഞ്ചായത്തുകൾ സംയോജിപ്പിച്ച് ഇന്നത്തെ മയ്യിൽ പഞ്ചായത്ത് 1962ൽ ഉടലെടുത്തത്.


വടക്ക് വളപട്ടണം പുഴയും തെക്കും കിഴക്കും കുറ്റ്യാട്ടൂർ പഞ്ചായത്തും പടിഞ്ഞാറ് കൊളച്ചേരി പഞ്ചായത്തുമാണ് മയ്യിൽ പഞ്ചായത്തിന്റെ അതിരുകൾ. 33.08 ചതിരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിലെ ജനസംഖ്യ 1996 കണക്കനുസരിച്ച് 27720 ആണ്. പുരുഷന്മാർ 1332. സ്ത്രീ 13908.

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലെ മയ്യിൽ കയരളം വില്ലേജുകൾ ഉൾപ്പെടുന്ന മയ്യിൽ ഗ്രാമപഞ്ചായത്തു വികസന ബ്ലോക്കിൽപ്പെടുന്നത്. 1995ലെ വിഭജനം അനുസരിച്ച് 11 വാർഡുകൾ ഉണ്ട്. 4 സ്ത്രീ സംവരണവാർഡുകളും- 1പട്ടികജാതി സംവരണ വാർഡുമാണ് നമുക്കുള്ളത്.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	മയ്യിൽ ഗ്രാമപഞ്ചായത്ത്
വില്ലേജുകൾ	മയ്യിൽ, കയരളം
ബ്ലോക്ക് പഞ്ചായത്ത്	ഇരിക്കൂർ
താലൂക്ക്	തളിപ്പറമ്പ്
അസംബ്ലി മണ്ഡലം	തളിപ്പറമ്പ്
ലോകസഭാ മണ്ഡലം	കാസർഗോഡ്
വിസ്തീർണ്ണം	33.08 ച.കി.മീ.
വാർഡുകൾ	11
അതിരുകൾ	വടക്ക് വളപട്ടണം പുഴ തെക്ക്, കിഴക്ക്-കുറ്റ്യാട്ടൂർ പഞ്ചായത്ത് പടിഞ്ഞാറ് കൊളച്ചേരി പഞ്ചായത്ത്.
ജനസംഖ്യ 1991	25223
ആൺ	12430
പെൺ	12793
പ്രസിഡണ്ട്	ടി. രുഗ്മിണി ടീച്ചർ
വൈസ് പ്രസിഡണ്ട്	സി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	കെ. ശ്രീധരൻ





3 സാമൂഹ്യ സാംസ്കാരിക ചരിത്രം.

മയ്യിൽ പഞ്ചായത്ത് പുരാതന സംസ്കാരത്തിന്റെ നിരവധി തെളിവുകൾ ചിതറികിടക്കുന്ന ഒരു ഭൂപ്രദേശമാണ്. പരമ്പരാഗതമായ പ്രയോഗങ്ങൾ, ഐതിഹ്യങ്ങൾ, സ്ഥലനാമങ്ങൾ തുടങ്ങിയവ ഇതിന്റെ തെളിവുകളാണ്. ആര്യന്മാരുടെ വരവിനെത്തുടർന്ന് മലയാളക്കരയിൽ ഉടനീളം ദൃശ്യമായ സാമൂഹ്യമാറ്റങ്ങൾ ഇവിടെയും സ്പഷ്ടമാണ്. ഇന്നും നിലനില്ക്കുന്ന നിരവധി ക്ഷേത്രങ്ങൾ, ക്ഷേത്രാവശിഷ്ടങ്ങൾ, ബ്രാഹ്മണഗേഹങ്ങൾ എന്നിവ ഇതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്. വേളം ക്ഷേത്രപരിസരത്തുനിന്ന് ലഭിക്കുന്ന ചരിത്രാവശിഷ്ടങ്ങളും പുരാതനമായ ഒരു സംസ്കാരത്തിന്റെ തെളിവുകൾ പ്രഖ്യാപിക്കുന്നു.

മദ്ധ്യകാലഘട്ടത്തിൽ ചിറക്കൽ രാജവംശത്തിന്റെ അധികാരസീമയിൽപ്പെട്ട പ്രദേശങ്ങളായിരുന്നു ഈ ഭൂഭാഗം. മൈസൂർ സുൽത്താന്മാരുടെ പടയോട്ടത്തെ തുടർന്ന് പരമ്പരാഗതമായ സാമൂഹ്യഘടനക്കും സാമ്പത്തിക ക്രമത്തിനും ഏൽക്കേണ്ടി വന്ന കനത്ത പ്രഹരം ബ്രിട്ടീഷുകാരുടെ വരവോടെ പുതിയ രൂപം പ്രാപിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തന്നെ ബ്രിട്ടീഷ് ഭരണാധികാരികൾ തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥശൃംഖല ഉപയോഗിച്ച് വില്ലേജുകളെക്കുറിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയുണ്ടായി. മലബാറിനെക്കുറിച്ചുള്ള പഠനം നടത്തിയ

വാർഡും കോണറും കയരളം, കണ്ടക്കൈ, ചെറുപഴശ്ശി എന്നീ സ്ഥലങ്ങളാണ് ഇവിടുത്തെ പ്രധാനകേന്ദ്രങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്.

സാമ്രാജ്യത്വ ഭരണസ്ഥാപനത്തോടെ സാമാന്യ ജനത അനുഭവിക്കേണ്ടിവന്ന ഇരട്ട ചൂഷണം അന്നത്തെ ജനതയെ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ പിന്നോട്ടം വലിച്ച് പ്രധാനഘടകങ്ങളായിരുന്നു. സാമ്രാജ്യത്വ-ജന്മിത്ത കൂട്ടുകെട്ടിന്റെ ഫലമായി ഉയർന്ന ജാതികളിൽ മാത്രം കേന്ദ്രീകരിച്ചു. ഏറ്റവും വലിയ ഗ്രാമീണ സമ്പത്ത് ഇങ്ങിനെ ഒരു ചെറുസ്ഥാപനത്തിന്റെ കൈയാൽ കേന്ദ്രീകരിക്കുക വഴി ഈ ഗ്രാമീണ ജനത നിരന്തരമായി പാപ്പരീകരിക്കപ്പെട്ടു.

രായിരുന്നു 70% ഭൂമിയും കൈവശം വെച്ചിരുന്നത്.

ഈ ജന്മിത്തശക്തികൾതന്നെ ആയിരുന്നു അധികാരഘടനയുടെ പ്രാദേശികരൂപങ്ങൾ. ജന്മിത്തശക്തികളുടെ ആധിപത്യത്തിന് വിധേയരായ ഇവിടുത്തെ ജനത ഉയിർത്തെഴുന്നേറ്റത് ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ യാണ്. മുപ്പതുകളുടെ ആരംഭത്തിൽ വളർന്നു വന്ന നിയമലംഘനപ്രസ്ഥാനം ഈ ഗ്രാമത്തിലും അതിന്റെ ഉണർവുകൾ സൃഷ്ടിക്കുകയുണ്ടായി. 1935 ൽ വിഷ്ണു ഭാരതീയന്റെ നേതൃത്വത്തിൽ കൊളച്ചേരിയിലെ കർഷകസംഘം രൂപം കൊണ്ടതോടെ കാർഷിക പോരാട്ടങ്ങളുടെ മുൻനിരയിലേക്ക് ഈ ഗ്രാമവാസികളും അണിചേർന്നു. ഗാന്ധിയൻസമരരൂപങ്ങളോടുള്ള വിരക്തികാരണം

മയ്യിൽ പഞ്ചായത്തിലെ ഭൂവുടമസ്ഥത-ജാതി തിരിച്ചുള്ള കണക്ക് ഏക്കറിൽ

കൈവശാവകാശക്കാർ	കയരളം വില്ലേജ്	മയ്യിൽ വില്ലേജ്	ആകെ	ശതമാനം
നമ്പ്യാർ	1192.74	1247.51	2440.25	32.68
ദേവസ്വം	637.99	109.70	747.69	10.01
നമ്പൂതിരി	1216.61	817.23	2033.84	27.23
തീയ്യ	310.84	239.88	550.72	7.37
മാപ്പിള	745.32	515.94	1261.26	16.89
ഹരിജൻ	9.19	2.76	11.95	0.16
മറ്റുള്ളവർ	199.38	222.89	422.27	5.66
ആകെ	4312.07	3155.91	7467.98	100

അവലംബം ദ്വിതീയവിവരശേഖരണം 1996

ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കണക്കിൽ നിന്നും വെളിവാകുന്നത് പോലെ ജാതിശ്രേണിയിൽ മുകൾത്തട്ടിലുള്ളവ

കോൺഗ്രസ്സിലെ ഒരു വിഭാഗം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ പങ്ക് ചേർന്നു. അതോടെ കർഷകസംഘടന

ഗ്രാമങ്ങളുടെ ഹൃദയതുടിപ്പാർന്ന ഒരു ബഹുജന മുന്നേറ്റമായി മാറുകയായിരുന്നു. 1936ൽ പറശ്ശിനിക്കടവിൽ നടന്ന ഒന്നാം ചിറക്കൽ താലൂക്ക് കർഷകസമ്മേളനത്തിൽ ഈ പ്രദേശത്തുള്ള പ്രവർത്തകർ ആവേശ പൂർവ്വം പങ്കെടുത്തു. ഈ സമ്മേളനത്തിലാണ് കണ്ടക്കൈയിലെ ശ്രീ. പി.കുഞ്ഞിക്കണ്ണന്റെ നേതൃത്വത്തിൽ യൂണിഫോറമണിഞ്ഞ മുപ്പതോളം വളണ്ടിയർമാർ ഈ ഗ്രാമത്തിൽ നിന്നും പങ്കെടുത്തത്.

വാശി, നരി, മുക്കാൽ, ശീലക്കാശ്, വെച്ചു കാണൽ തുടങ്ങിയ അക്രമ പിരിവുകൾക്കെതിരെ കർഷകർ സംഘടിക്കുകയും ചെറുതും വലുതുമായ അനവധി പ്രക്ഷോഭങ്ങൾ ഉയർത്തികൊണ്ടിരിക്കുകയും ചെയ്തത് ഈ കാലഘട്ടത്തിലാണ്.

വിഷ്ണുഭാരതീയന്റെ നേതൃത്വത്തിൽ ചിറക്കൽ വലിയ രാജാവിന്റെ കൊട്ടാരത്തിലേക്കും 1938 ഒക്ടോബർ 21-ാം തീയതി കുറുമാത്തൂർ നമ്പൂതിരിപ്പാടിന്റെ ഇല്ലത്തേക്കും, കരക്കാട്ടിടം നായനാരുടെ വസതിയിലേക്കും കർഷകർ നടത്തിയ മാർച്ചിൽ ഈ പ്രദേശത്തുകാരായ കർഷകരുടെ പ്രോജ്ജ്വലപങ്കാളിത്തം തന്നെ ഉണ്ടായി.

സാമ്രാജ്യത്വജന്മിത്തതാല്പര്യങ്ങൾ വലിയൊരളവുവരെ സംരക്ഷിച്ചിരുന്നത് അംശംഅധികാരി, മേനോൻ, കോൽക്കാരൻ എന്നിവരായിരുന്നു. ജന്മി കുടുംബത്തിൽപ്പെട്ട അധികാരി നികുതി പിരിവിന് പുറമെ നാട്ടുകാർ തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ തീർപ്പു കല്പിക്കുക തുടങ്ങിയ ജുഡീഷ്യൽ അധികാരങ്ങളും കയ്യാളിരുന്നു. അധികാരിയുടെ വീടുതന്നെയായിരുന്നു പല സ്ഥലത്തും ഇവരുടെ കച്ചേരിആയി പ്രവർത്തിച്ചത്. കോട്ടയാട് അധികാരിയുടെ ബംഗ്ലാവ് ഇത്തരമൊരു കേന്ദ്രമായിരുന്നു.

1939-ലെ ബക്കളം-രാഷ്ട്രീയ സമ്മേളനത്തിലും 1940 ലെ മോറാഴ സമരത്തിലും ഈ പ്രദേശത്തുള്ള കർഷകരുടെ പങ്കാളിത്തംപ്രത്യേക പരാമർശമർഹിക്കുന്നു. മോറാഴ സമരത്തിൽ കയരളം സ്വദേശിയായ അറാക്കൽ കുഞ്ഞിരാമന്റെ നേതൃത്വത്തിൽ പങ്കെടുത്ത വളണ്ടിയർമാരാണ് പോലീസ്സേനക്കെതിരെ ശക്തമായ ചെറുത്ത് നിൽപ്പ് സംഘടിപ്പിച്ചത്. അതേത്തുടർന്ന് ഈ പ്രദേശമാകെ പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചു.

കർഷക-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ തന്നെ വളർച്ചയുടെ ഭാഗമായാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകളും സാംസ്കാരികകേന്ദ്രങ്ങളും ഉയർന്നുവന്നത്. കർഷക-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ സംഘാടന കേന്ദ്രമായും ഇവ പ്രവർത്തിച്ചു.

സാമൂഹ്യമാറ്റങ്ങളുടെ സിരാകേന്ദ്രമായി മാറിയ ഇത്തരം സ്ഥാപനങ്ങൾ നശിപ്പിക്കുവാൻ അധികാരികൾ കണ്ണുവെച്ച് ശ്രമിക്കുകയുണ്ടായി. മുപ്പതുകളിൽ സ്ഥാപിത മായ കണ്ടക്കൈ, കയരളം എന്നീ വായനശാലകൾ സഹനങ്ങളുടെ പാതയിലെ തിളങ്ങുന്ന ചിഹ്നങ്ങളാണ്.

1942ൽ നടന്ന കോളറദുരിതാശ്വാസപ്രവർത്തനങ്ങളിലും അന്ധവിശ്വാസങ്ങൾക്കെതിരായുള്ള പ്രചാരണപ്രവർത്തനങ്ങളിലും, അയിത്തോച്ചാടനത്തിലും, ഹിന്ദി ഭാഷാ പഠന ക്ലാസുകൾ, മദ്യ വർജ്ജന പ്രസ്ഥാനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിലും ഈ വായനശാലകൾ നേതൃത്വപരമായ പങ്കാണ് വഹിച്ചത്.

കർഷകസമരങ്ങളുടെ ചരിത്രത്തിൽ ഉജ്ജ്വലമായ ഒരദ്ധ്യായമാണ് 1946 ഡിസംബറിൽ നടന്ന കണ്ടക്കൈയിലെ പുല്ലുപറിസമരം. പുരമേയുന്നതിനുള്ള പുല്ല് പറിച്ചെടുക്കാനുള്ള തങ്ങളുടെ അവ

കാശം നിഷേധിച്ച കണ്ടക്കൈ അധികാരിയുടെ നടപടിക്കെതിരെ കർഷകർ പ്രതിഷേധിക്കുകയും അനുവാദം കൂടാതെ പുല്ല് പറിച്ചെടുക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഭൂവുടമയുടെ സഹായത്തിനെത്തിയ M.S.Pയും ഗുണ്ടകളും കർഷകർക്കെതിരെ കേസുകൾ കെട്ടിച്ചമച്ച് ഹീനമായ മർദ്ദനങ്ങൾ തുടങ്ങി. മുപ്പതോളം കർഷകസംഘം പ്രവർത്തകർ ഈ കേസിൽ കുടുക്കപ്പെട്ടു.

1947 ജനവരിയിൽ വേളം സ്വദേശിയായ ശ്രീ ഊരടക്കണ്ണൻ നായർ സ്ഥിരമായി കൈവശം വെച്ച് വരുന്ന തന്റെ കൃഷി ഭൂമിയിലെ വിളകൊയ്യാൻ ജന്മി സമ്മതിച്ചില്ല. "വിത്തിട്ടവൻ വിള കൊയ്യും." എന്ന മുദ്രാവാക്യമുയർത്തികൊണ്ട് കൃഷിക്കാർ കൂട്ടത്തോടെ രംഗത്തിറങ്ങി. എതിർപ്പിന്റെ തീപ്പൊരി പാറി. വിത്തിട്ടവൻ വിള കൊയ്യുകതന്നെ ചെയ്തു.

ഇതിനെത്തുടർന്ന് രണ്ട് M.S.P കേമ്പുകൾ ഈപ്രദേശത്ത് തുറന്നു. ഒന്ന് വേളത്തും മറ്റേത് കൊട്ടയാട് അധികാരിയുടെ ബംഗ്ലാവിലും. ജന്മിസിൽബന്ധികളും M.S.Pകാരും നാട് നീളെ മനുഷ്യവേട്ടക്കിറങ്ങി. വീടുകയറി അടുക്കളയിലെ ചട്ടി, കലങ്ങളടക്കമുള്ള വീട്ടുപകരണങ്ങൾ തല്ലിതകർത്തും കണ്ണിൽ കണ്ടവരെയൊക്കെ മർദ്ദിച്ചും ആയിരുന്നു അക്രമം. കണ്ടക്കൈയ്യിലെ കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ പെണ്ണുങ്ങളുടെ പ്രതിഷേധജാഥ കണ്ടക്കൈ അധികാരിയുടെ വീട്ടുമുറ്റത്തെത്തിയത് ഈ പശ്ചാത്തലത്തിലാണ്. ചട്ടി, കലങ്ങളുടെ പൊട്ടിയ കഷണങ്ങൾ മുറ്റത്തെറിഞ്ഞ് അവർ ജനരോഷത്തിന്റെ നെഞ്ചുതുറന്നു. കർഷകസമരത്തിൽ നൂതനാദ്ധ്യായം രചിച്ച കമ്മ്യൂണിസ്റ്റ്കാരിയാണ് കുഞ്ഞാക്കമ്മ.

ഇവർ പിന്നീട് 1951ലെ പൊതുതിരഞ്ഞെടുപ്പിൽ കാവുമ്പായിലെ ചെറിയമ്മയോടൊപ്പം വ്ദ.കെ.ജിയുടെ നേതൃത്വത്തിൽ മലബാറിലാകെ സമരാനുഭവങ്ങൾ പങ്കിട്ടുകൊണ്ട് സഞ്ചരിക്കുകയുണ്ടായി. ഉണരുന്ന സ്ത്രീത്വത്തിന്റെ ഈ മുൻഗാമി നമ്മുടെ വിമോചന പോരാട്ടത്തിന്റെ വഴിവിളക്കാണ്. 1948 M.S.P കേമ്പുകൾ കയരളത്തും മയ്യിലും സ്ഥാപിക്കപ്പെട്ടു. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം പ്രസിദ്ധമായ കൽക്കത്താതീസിസിനെത്തുടർന്ന് നിരവധി പോരാട്ടങ്ങൾക്കും സഹനങ്ങൾക്കും ഈ ഗ്രാമം സാക്ഷിയായി. കമ്മ്യൂണിസ്റ്റ്-കർഷക നേതാക്കളായ രൈരുനമ്പ്യാർ, കുട്ട്യപ്പ, ഗോപാലൻ ഇവർക്ക് ജീവൻ ബലിയർപ്പിക്കേണ്ടി വന്നു. 1950 മെയ് 4ന് പാടിക്കുന്നിന്റെ നെറുകയിൽ ചോര ചിതറിത്തെറിച്ചു. ഈ ദേശാഭിമാനികളുടെ ബലിദാനം പുതിയൊരു സംസ്കാരത്തിന്റെ യുഗപ്പിറവിയിലേയ്ക്ക് ഈ ഗ്രാമത്തെ ഉണർത്തി.

1957 കേരളപ്പിറവിയെത്തുടർന്ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലെത്തുന്നു. വികസനത്തിന്റെ നാനാ തുറകളിൽ ഈ ഗ്രാമം തുടർന്ന് മുന്നേറുകയുണ്ടായി. ഇടൂഴി ഇല്ലം വക ആരംഭിച്ച മയ്യിൽ ഹയർ എലിമെൻററി സ്കൂളാണ് 1957ൽ ഗവ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. 1959ൽ ആരംഭിച്ച മയ്യിൽ പ്രാഥമികാരോഗ്യകേന്ദ്രം പുരോഗതിയിലേയ്ക്കുള്ള മറ്റൊരു കാൽവെയ്പായിരുന്നു. 60കളിൽ ബസ്സ് സർവ്വീസ് നിലവിൽ വന്നതോടെ യാത്രാ സംവിധാനത്തിൽ മാറ്റങ്ങളുടെ തുടക്കമായി.

1961ൽ പൂർത്തിയായ കാട്ടാമ്പള്ളി പദ്ധതിപാലം ഈ വളർച്ചയെ ശക്തിപ്പെടുത്തി. 1954-55ൽ സാർവ്വത്രികമായി കൈപൊക്കി വോട്ടവകാശമുള്ള പഞ്ചായത്തുകൾ നിലവിൽ വന്നു. വില്ലേജ്പഞ്ചായ

ത്തിന്റെ ആദ്യസാരഥികളായി കയരളം-ശ്രീ.അറാക്കൽ നാരായണൻ നമ്പ്യാർ, കണ്ടക്കൈ-ശ്രീ. എം.എം കണ്ണൻ നമ്പ്യാർ, മയ്യിൽ- ശ്രീ. കെ.കെ. കുഞ്ഞനന്തൻ നമ്പ്യാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

കാലക്രമത്തിൽ സാമ്പത്തിക പരാധീനത പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായി തീർന്നു. 1962 ൽ മൂന്നു വില്ലേജുകൾ സംയോജിപ്പിച്ചുകൊണ്ട് ഇന്നത്തെ മയ്യിൽ പഞ്ചായത്ത് നിലവിൽ വന്നു. 1964 ൽ ശ്രീ. കെ.കെ.കുഞ്ഞനന്തൻ നമ്പ്യാർ പ്രസിഡണ്ടായി ആദ്യ ഭരണഘടന നിലവിൽ വന്നു. 1995 വരെ ശ്രീ.കെ.കെ.തന്നെയായിരുന്നു പ്രസിഡണ്ട്. 1979 മുതൽ 84 വരെ ശ്രീ.ഐ. ത്രിവിക്രമൻ നമ്പൂതിരി പ്രസിഡണ്ടായ ഭരണ സമിതിയും പ്രവർത്തിച്ചു. തുടർന്ന് 1988-95 വരെ വീണ്ടും കെ.കെ കുഞ്ഞനന്തൻ നമ്പ്യാർ തന്നെ പ്രസിഡണ്ടായ ഭരണസമിതിയാണ് പഞ്ചായത്തിന്റെ സാരഥ്യം വഹിച്ചത്.


1957 ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമവും 1969 ലെ കർഷക നിയമവും പുതിയൊരുഘട്ടം കൈവരിച്ചത് 1970 കളിൽ ആയിരുന്നു. മയ്യിൽ പഞ്ചായത്തിന്റെ ഭാഗമായ കോറളായിത്തുരുത്ത് മിച്ചഭൂമി സമരത്തിന്റെ പ്രധാനകേന്ദ്രമായിരുന്നു.

1975-77 ഇന്ത്യക്ക് മേൽ കരിനിഴൽ വീഴ്ത്തിയ അടിയന്തിരാവസ്ഥ. ചരിത്രത്തിന്റെ ആവർത്തനം പോലെ അടിച്ചമർത്തലിന്റെയും നശീകരണത്തിന്റെയും മറ്റൊരു കാലഘട്ടം കൂടി ഈ ഗ്രാമം കണ്ടു. ഒപ്പം ചെറുത്തു നില്പിന്റെ പോർ വീര്യത്തിനും അവർ സാക്ഷികളായി.

1970 കൾ ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന് എന്ന മുദ്രാവാക്യം കേരളീയ ഗ്രാമ ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലുകയായിരുന്നു. ഈ നാടിന്റെ മണ്ണിൽ ജനകീയ ശാസ്ത്ര പ്രസ്ഥാനമായ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വിത്തുകൾ പൊട്ടി മുളച്ചത് പെട്ടെന്നായിരുന്നു. ശാസ്ത്ര സാംസ്കാരിക ജാഥയിൽ തുടങ്ങി ജനകീയ വിദ്യാഭ്യാസ കമ്മീഷൻ വരെ എത്തി നില്ക്കുന്ന നീണ്ട പ്രവർത്തനങ്ങളുടെ വർത്തമാന ചരിത്രം നമുക്കിവിടെ കാണാം. 1990-91 ൽ ജനകീയ പ്രവർത്തനത്തിന്റെ സർഗ്ഗാത്മക രൂപഭാവങ്ങൾ കൈ വരിച്ച സാക്ഷരതാ പ്രവർത്തനം പുതിയൊരനുഭവമായിരുന്നു.

സാമ്രാജ്യത്വ ശക്തികളുടെ പുത്തൻ കടന്നാക്രമണങ്ങളെ സമസ്തമേഖലയിലും പ്രതിരോധിക്കാനുള്ള കാലമാണിത്. പ്രാദേശികവൈവിദ്ധ്യങ്ങളിൽ നിന്നും മുള പൊട്ടുന്ന മണ്ണിന്റെ മണമുള്ള ജനകീയ പ്രതിരോധത്തിന്റേതാണ് നമ്മുടെ കാലം. പുത്തൻ വികസന രാഷ്ട്രീയ സംസ്കാരത്തിനായുള്ള അന്വേഷണം മുന്നോട്ടു നീങ്ങുകയാണ്. കേരളത്തിന്റെ വികസന പ്രതിസന്ധിക്ക് വികേന്ദ്രീകരണത്തിന്റെ പാതയിലൂടെ മാമൂൽ വിട്ട പ്രയാണത്തിലാണ് ഇന്ന് നാം. അധികാര വികേന്ദ്രീകരണം ഇവിടെ യാഥാർത്ഥ്യമാക്കാനും നമ്മുടെ ഗ്രാമജീവിതത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കാനും ചരിത്രപാതയിലൂടെ നാം മുന്നോട്ടു നടക്കുകയാണ്.






4 ഭൂപ്രകൃതി

33 ച.കി. വിസ്തൃതിയുള്ള മയ്യിൽ പഞ്ചായത്ത് വടക്കെ അക്ഷാംശം 11° 57 ' നും 12° 1' നും ഇടയിലും കിഴക്കെ രേഖാംശം 72° 25' നും 75° 29' നും ഇടയിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്ത് മൊത്തത്തിൽ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് ചെറുതായി ചെരിഞ്ഞു നിൽക്കുന്നുവെങ്കിലും, മയ്യിൽ-മുല്ലക്കൊടി നീർമറിയിൽ നിന്ന് വടക്കോട്ടും തെക്കോട്ടുമുള്ള ചെരിവുകളാണ് വ്യക്തമായ പ്രകടമായിട്ടുള്ളത്. വടക്കൻ ഇടനാട് മേഖലയിൽപെടുന്ന ഈ പ്രദേശത്തിന്റെ പ്രധാനപ്പെട്ട ഭൂപ്രകൃതി ചെങ്കൽകുന്നുകളും അവയ്ക്കിടയിലുള്ള താഴ്വരകളും നദീ തീരസമതലങ്ങളും അടങ്ങുന്നതാണ്.

വളപട്ടണം നദീ തടത്തിൽ ഉൾപ്പെടുന്ന മയ്യിൽ പഞ്ചായത്തിന്റെ വടക്കെ അതിരിലൂടെയാണ് വളപട്ടണം പുഴ ഒഴുകുന്നത്. തെക്കു കിഴക്കു വശത്തുള്ള കുറ്റ്യാട്ടൂർ പഞ്ചായത്തുമായി ചേർന്ന് വരുന്ന സാമാന്യം വലിയൊരു നീർത്തടത്തിന്റെ ഭാഗമാണ് പഞ്ചായത്തിന്റെ പകുതിയിലേറെ ഭാഗം. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും മൂന്നായി തരം തിരിക്കാം. കുന്നിൻ മണ്ടകൾ, കുന്നിൻ പള്ളകൾ, താഴ്വരകൾ എന്നിവയാണവ. ഭൂപ്രകൃതിയുടെ വിശദാംശങ്ങൾ പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

1.	ഉയർന്ന പ്രദേശം		ഹെ	
	കുന്നിൻ മണ്ട, പീഠഭൂമി		1086	37%
2.	ചെരിവ് പ്രദേശം		4072	36%
3.	താഴ്വര			
	വെള്ളം കയറുന്നവ	490		
	വെള്ളം കയറാത്തവ	298	788	27%


ഭൂപ്രകൃതി

2. ജനപ്രകൃതി

ഏതാനും ദശകങ്ങൾക്ക് മുമ്പ് താഴ്വാരങ്ങളിലും പുഴയോരങ്ങളിലുമുള്ള കണ്ടക്കൈ, കയരളം, ചെറുപഴശ്ശി പ്രദേശങ്ങളിൽ ഒതുങ്ങിനിന്നിരുന്നു മയ്യിൽ പഞ്ചായത്തിലെ ജനവാസം അതുകൊണ്ടു തന്നെ പഴയ രേഖകളിൽ ഈ പ്രദേശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമേ പരാമർശിച്ചു കാണുന്നുള്ളൂ.

പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ മയ്യിൽ പ്രദേശങ്ങളിലേക്ക് താഴ്വാരങ്ങളിൽ നിന്ന് കുടിയേറ്റം ആരംഭിച്ചത് അമ്പതുകളുടെ അവസാന വർഷത്തിൽ മാത്രമായിരുന്നു. 1957 ൽ മയ്യിൽ ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതും അതുമായി ബന്ധപ്പെട്ട് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചതു മാണ് ഈ കുടിയേറ്റ പ്രവണതക്കു കാരണമായത്.

പട്ടിക -2

വാർഡ് ന.	ആകെ ജനസംഖ്യ	പു	സ്ത്രീ	0 - 6		Se/	
				പു	സ്ത്രീ	പു	സ്ത്രീ
1.	2635	1279	1356	195	198	89	89
2.	2156	1042	1114	161	163	16	13
3.	2792	1436	1356	216	185	17	12
4.	2619	1280	1339	166	192	80	26
5.	2808	1399	1409	179	163	108	104
6.	2056	1015	1041	110	151	115	119
7.	1880	926	954	153	122	128	117
8.	2402	1163	1239	138	156	53	49
9.	2135	1010	1125	127	150	51	53
10.	3740	1880	1860	279	248	62	58
	25223	12430	12793	1724	1728	719	640

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25223 ആണ്. ഇതിൽ 12409 പേർ പുരുഷന്മാരും 12793 പേർ സ്ത്രീകളുമാണ്. 1000 പുരുഷന്മാർക്ക് 1029 സ്ത്രീകളാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണെന്നും കാണാം. ജനസംഖ്യയിൽ 6വയസ്സു വരെയുള്ള കുട്ടികൾ ആകെ ജനസംഖ്യയുടെ 13.7% വരും. ജനസംഖ്യയുടെ 32% വരുന്ന 7942 പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. വിവിധ മേഖല കളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക -3

തൊഴിൽരംഗം	ആകെ
കൃഷിക്കാർ	737
കർഷകതൊഴിലാളികൾ	2276
മൃഗസംരക്ഷണം	410
മൈനിംഗ്, ക്വാറി, ഖനനം	852
ചെറുകിട ഉല്പാദന മേഖല	105
മറ്റു ചെറുകിട വ്യവസായം	532
നിർമ്മാണം	256
കച്ചവടം, വാണിജ്യം	735
ഗതാഗതം, വാർത്താവിനിമയം	313
മറ്റു സേവനരംഗം	1034
നാമമാത്ര തൊഴിലാളികൾ	682
തൊഴിൽ രഹിതർ	1728

മുഖ്യ തൊഴിൽ മേഖല കൃഷിയാണെന്ന് കാണാം.

വിവിധ സേവനത്തുറകളും ചെങ്കൽ, കരിങ്കൽ മേഖലകളുമാണ് തുടർന്നു വരുന്നത്.പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർ മൊത്തം ജനസംഖ്യയുടെ 5% മാത്രമേ വരൂ.

കഴിഞ്ഞ 60 വർഷത്തെ ജനസംഖ്യാ വളർച്ച പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക-4

സെൻസസ് വർഷം	ആകെ ജനസംഖ്യ	പു	%	സ്ത്രീ	%	കുട്ടികൾ പു	കുട്ടികൾ സ്ത്രീ	കുട്ടികൾ %
1931	8061	3862	48	4199	52			
1961	13033	6437	49	6596	51	329	328	5%
1991	25223	12430	49	12793	51	719	640	5%

1931, 1961 കാലയളവിൽ ജനസംഖ്യാ വർദ്ധന 62% ആയിരുന്നെങ്കിൽ 61-91 കാലയളവിൽ 52% ആയി കുറഞ്ഞിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യാ വളർച്ച സംസ്ഥാനത്തെ പൊതു വളർച്ചാ നിരക്കിൽ നിന്ന് വ്യത്യസ്തമല്ല എന്നാണിത് സൂചിപ്പിക്കുന്നത്. ജനങ്ങളിൽ 93% സാക്ഷരരാണ്.


3. ജലപ്രകൃതി


പഞ്ചായത്ത് പ്രദേശത്തെ ശരാശരി വർഷപാതം 320 സെ.മീ. ആണ്. മയ്യിൽ-മുല്ലക്കൊടി നീർമറിയുടെ വടക്കുഭാഗത്ത് വളപട്ടണം പുഴയിലേക്കും തെക്കുഭാഗത്ത് വളപട്ടണം പുഴയുടെ പോഷക നദിയായ കാട്ടാമ്പള്ളി പുഴയിലേക്കുമാണ് വെള്ളം ഒഴുകിയെത്തുന്നത് 36 കി.മീ വരുന്ന വിവിധ തോടുകളും 27 കുളങ്ങളും അടങ്ങുന്നതാണ് ഉപരിതല ജലശേഖരണ സംവിധാനം. ഏതാണ്ട് 25% വരുന്ന താഴ്വര പ്രദേശങ്ങളിലും കീഴ്ചെരിവു കളിലും ജലലഭ്യത വളരെ ഉയർന്നിരി ക്കുന്നു. കുന്നിൻ പള്ളകളിൽ ജലലഭ്യത ശരാശരി ആണ്. കുന്നിൻ മണ്ടകളും കുന്നിൻ ചെരിവുകളു മടങ്ങുന്ന 25% സ്ഥലത്ത് ജല ദൗർലഭ്യം ഉണ്ട്. പുഴയോരങ്ങളിൽ മിക്കയിടത്തും ഓരു കയറ്റം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള കാരണങ്ങളാൽ കൈ വയൽ പ്രദേശത്ത് ഭൂപ്രകൃതിപരമായ പതിവായി നീർക്കെട്ട് അനുഭവപ്പെടു ന്നുണ്ട്. ഭൂഗർഭ ജല ലഭ്യതയെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയില്ലെങ്കിലും നിലവി ലുള്ള 9 കുഴൽക്കിണറു കളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഭൂഗർഭ ജല സാധ്യത മെച്ചപ്പെട്ടതല്ലെന്നു കാണുന്നു.


4. ജൈവസമ്പത്ത്


പഞ്ചായത്തിലെ ജൈവസമ്പത്തിനെ ക്കുറിച്ച് സമഗ്രമായ പഠനം നടത്തി യിട്ടില്ലെങ്കിലും 200 ഓളം ഔഷധസസ്യ ങ്ങളുടെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. എരുക്ക്, കമ്മ്യൂണിസ്റ്റ് പച്ച, ശീമ ക്കൊന്ന തുടങ്ങി ധാരാളം ഉണ്ടായിരുന്ന ചില സസ്യങ്ങൾ അടുത്ത കാലത്തായി അപ്രത്യക്ഷമായി വരികയാണ്. അര നൂറ്റാണ്ടു മുമ്പു വരെ ഇവിടുത്തെ കൊച്ചു കാടുകളിൽ പുലിയുടെ സാന്നിധ്യമു ണ്ടായിരുന്നതായി അനുഭവസ്ഥർ പറയുന്നു. അടുത്ത കാലം വരെ ധാരാളമായി കണ്ടു വന്ന കാട്ടുമുയൽ, മുള്ളൻ പന്നി എന്നിവ തീരെ അപ്രത്യക്ഷമായിട്ടുണ്ട്. നായാട്ടാണ് ഇതിനു കാരണം. അണ്ണാൻ, വയൽതോടു കളിൽ കണ്ടു വന്നിരുന്ന വിവിധയിനം മീനുകൾ എന്നിവയും പ്രായേണ അപ്രത്യക്ഷമായിട്ടുണ്ട്.


ജലലഭ്യത
ധാരാളം
ഇടത്തരം
കുറഞ്ഞത്
വറ്റുന്നത്
ഉപ്പുവെള്ളം
കുളം
KUTTIATTUR PANCHAYAT
KOLACHERI PANCHAYAT


പാരിസ്ഥിതിക അവലോകനം
INDEX
Road
Rivers
Dry Area
Low water Availability
Bareen Land
Errosion Prone Area
Saline Water Intrusion
Reclaimed Areas
'V' Shape Valley
KOLACHERI PANCHAYAT
KUTTIATTUR PANCHAYAT

MAYYIL PANCHAYATH
RELEIF





5-1 കാർഷിക രംഗം

കേരളത്തിലെ 13 കാർഷികമേഖലകളിൽ വടക്കൻ ഇടനാടിൽ ഉൾപ്പെടുന്ന ഇരിക്കൂർ വികസന ബ്ലോക്കിലാണ് മയ്യിൽ ഗ്രാമപഞ്ചായത്ത്. ഇടനാടിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്ന നമ്മുടെ പഞ്ചായത്തിൽ ഭൂതല പ്രകൃതിയിലെന്ന പോലെ വിളകളിലും വ്യത്യാസങ്ങൾ പ്രകടമാണ്. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ലെങ്കിലും കൃഷിക്കാരുടെ വളരെക്കാലത്തെ പ്രായോഗിക അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വികസിച്ച കൃഷിസമ്പ്രദായമാണ് നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നത്. ആദ്യകാല കൃഷി സമ്പ്രദായങ്ങളിൽ നിന്നും പിൽക്കാലത്തെ സാമൂഹിക-സാമ്പത്തിക സമ്മർദ്ദങ്ങൾ ചില പ്രദേശങ്ങളിൽ വിളക്രമത്തിൽ മാറ്റം വരുത്തിക്കഴിഞ്ഞിട്ടുണ്ട്. കശുമാവ് കൃഷിക്കനുയോജ്യമായ കുന്നിൻ പുറങ്ങളിൽ തെങ്ങുവെക്കുക, ഇരുപ്പൂകൃഷിക്ക് പറ്റുന്ന നെൽപ്പാടങ്ങൾ നികത്തി നാണ്യ വിളകൾ വെച്ചു പിടിപ്പിക്കുക എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. മിശ്ര വിളകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് തടിയാവശ്യത്തിനും വിറകിനും പറ്റിയ നാനാതരം മരങ്ങൾ വച്ചുപിടിപ്പിച്ച് പുരയിടങ്ങളെ തനതു രീതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്.

കിടപ്പും കാലാവസ്ഥയും

മൊത്തം ഭൂവിസ്തൃതി 3308 ഹെക്ടർ വരും. ഉത്തരഅക്ഷാംശം $11^{\circ}.57'$നും ഇടയിലും പൂർവ്വ രേഖാംശം $72^{\circ}.25'$നും $75^{\circ}.29'$നും ഇടയിലാണ് ഭൂപരമായ കിടപ്പ്.

തെക്കു കിഴക്കുനിന്ന് വടക്കു പടിഞ്ഞാറു വരെയുള്ള (മയ്യിൽ തുടങ്ങി മുല്ലക്കൊടി വരെ) ഉയർന്ന പ്രദേശമാണ് പഞ്ചായത്തിലെ പ്രധാന നീർമറി. സമുദ്ര നിരപ്പിൽ നിന്നും 80 മീറ്ററിൽ അധികം ഉയരമുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നന്നെ കുത്തനെയു ള്ള ചെരിവുകൾ (ഉദ്ദേശം 27° വരെ) സമതലങ്ങൾ ഇവയും ഇടവിട്ട് ദൃശ്യമാണ്.

കേരളത്തിന്റെ പൊതുകാലാവസ്ഥയിൽ നിന്ന് വളരെയൊന്നും ഭിന്നമല്ല ഈ പ്രദേശത്തിന്റേത്. തെക്ക് പടിഞ്ഞാറൻ മൺസൂണിൽ നിന്നും വടക്കു കിഴക്കൻ മൺസൂണിൽ നിന്നുമാണ് മഴ കിട്ടുന്നത്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മുൻകാ ലങ്ങളിൽ നിന്ന് വ്യത്യസ്തമായി കാലവർ ഷാരംഭത്തിൽ വ്യതിയാനം അനുഭവപ്പെടുന്നു.

അനുബന്ധം പട്ടിക 1, 2, 3, 4

അന്തരീക്ഷ ആർദ്രത, അന്തരീക്ഷ ഊഷ്മാവ് എന്നീ കാലാവസ്ഥഘടകങ്ങളിൽ കേരളത്തിന്റെ പൊതുസ്ഥിതിയിൽ നിന്ന് പ്രത്യേക വ്യത്യാസങ്ങളൊന്നും ഇവിടെ പ്രകടമല്ലെന്നാണ് പട്ടിക 5, 6 എന്നിവയുടെ വിശകലനത്തിലൂടെ നമുക്കു മനസ്സിലാകുന്നത്.

അനുബന്ധം പട്ടിക 5, 6

മണ്ണ്, മൺതരങ്ങൾ

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ചെങ്കൽ മണ്ണ് (ലാറ്ററേറ്റ്), ചെങ്കൽ പാറകൾ (ഡ്യൂറിക്രസ്റ്റ്), എക്കൽ മണ്ണ് (അലൂവിയം) എന്നീ ഇനത്തിലുള്ള മൺതരങ്ങൾ കാണപ്പെടുന്നു.

സുഷിരമയമായ ചെങ്കൽമണ്ണാണ് ഏറ്റവും കൂടുതലായി കാണപ്പെടുന്നത്. ശാസ്ത്രീയമായ കൃഷിരീതി വഴി മാത്രം ഫലഭൂയിഷ്ടമാക്കാവുന്ന ഈ മണ്ണിന് ജലസംഭരണശേഷി കുറവാണ്.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശ ങ്ങളിൽ കാണപ്പെടുന്ന ചെങ്കൽപ്പാറകൾ പൊതുവിൽ കൃഷിയോഗ്യമായവയല്ല. സമതല ങ്ങളിലാണ് എക്കൽമണ്ണ് കാണപ്പെടുന്നത്. പഞ്ചായത്തിലെ പ്രധാന നെൽപ്പാടങ്ങളി ലൊന്നായ കൈവയലിലെ ചില ഭാഗ ങ്ങളിലും തൈവളപ്പ്, മുട്ടുകണ്ടി എന്നീ സ്ഥലങ്ങളിലും ചതുപ്പു നിലങ്ങൾ കാണപ്പെടുന്നു. വേളം വയൽ പ്രദേശത്ത് മണലും കളിമണ്ണും കലർന്ന പ്രത്യേകതരം മണ്ണാണ് കാണപ്പെടുന്നത്.

കാർഷിക ബന്ധങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമി യുടെ 70%ത്തിലധികം ഉടമസ്ഥാവകാശം ഒരു കാലഘട്ടത്തിൽ സവർണ്ണസമുദായ ങ്ങളുടെ കൈയിലായിരുന്നു. ദേശീയ പ്രസ്ഥാന ത്തോടൊപ്പം ഉയർന്നു വന്ന "കൃഷിഭൂമി കൃഷിക്കാരന്" എന്ന മുദ്രാ വാക്യം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അലയടിച്ചുയർന്നു. അധികാരികളുടെ മർദ്ദനോപകരണങ്ങളെ കൂസാതെ കർഷകരുയർത്തിയ സമരത്തിന്റെയും ത്യാഗത്തിന്റെയും പരിണിതിയാണ് ഇന്നു കാണുന്ന ഭൂബന്ധങ്ങളിലെ മാറ്റം. ഹെക്ടർ കണക്കിന് ഭൂമി കൈവശം വെച്ചിരുന്ന ഭൂവുടമകൾക്കു പകരം ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള 8835 ഭൂവുടമസ്ഥർ നമ്മുടെ പഞ്ചായത്തിൽ ഇന്നുണ്ട്.

പട്ടിക 1 1993ൽ ലഭിച്ച മഴയുടെ മാസാടിസ്ഥാനത്തിലുള്ള കണക്ക് (മെ. മി)

Year	Jan	Feb	Mar	Apr	May	June	Jul	Aug	Sep	Oct	Nov	Dec	Annual Average
1993	0	0	0.3	0.4	101.9	844.0	1086.5	426.6	74.4	337.6	49.5	108.4	252.4

പട്ടിക 2 1976 മുതൽ ലഭിച്ച തെക്കുപടിഞ്ഞാറൻ കാലവർഷം

വർഷം	1976	1977	1978	1979	1980	1981	1982	1983	1984	1985	1986	1987	1988	1989	1990	1991	1992
ലഭിച്ച മഴ	1895	2445	3058	2556	2496	2591	1746	2293	2913	3009	2418	1678	2774	2172	2559	2893	3006

പട്ടിക 3 1976 മുതൽ ലഭിച്ച വടക്കുകിഴക്കൻ കാലവർഷം

വർഷം	1976	1977	1978	1979	1980	1981	1982	1983	1984	1985	1986	1987	1988	1989	1990	1991	1992	1993
ലഭിച്ച മഴ	435	924	312	435	440	456	175	823	470	250	592	388	421	548	461	375	935	462

പട്ടിക 4 1975 - 76 മുതൽ 1992 - 93 വരെ ലഭിച്ച മൊത്തം മഴ

വർഷം	1975 76	1976 77	1977 78	1978 79	1979 80	1980 81	1981 82	1982 83	1983 84	1984 85	1985 86	1986 87	1987 88	1988 89	1989 90	1990 91	1991 92	1992 93
ലഭിച്ച മഴ	3087	3054	4337	2869	3419	3279	2747	2024	4524	3798	3323	3211	2704	3338	3073	3132	3647	3074

പട്ടിക V അന്തരീക്ഷ ഊഷ്മാവ് 1990 മുതൽ 1994 വരെ

Maximum	Jan	Feb	Mar	Apr	May	June	Jul	Aug	Sep	Oct	Nov	Dec
1990	33.1	33.2	33.4	33.7	31.4	29.8	28.6	28.7	30.1	31.5	31.4	33.1
Minimum	20.7	21.2	22.5	25.1	24.0	23.3	22.1	22.5	22.7	23.0	28.4	21.4
Maximum	33.5	33.6	34.7	34.5	33.8	29.4	28.8	29.1	30.4	30.6	31.7	32.1
1991												
Minimum	21.1	21.0	23.9	25.1	24.6	23.3	22.3	22.4	23.2	23.9	23.2	21.3
Maximum	32.5	32.0	32.8	33.4	33.1	30.0	28.4	28.2	29.9	30.4	30.9	32.4
1992												
Minimum	20.2	22.0	24.0	25.2	25.4	24.1	23.1	23.3	23.5	23.5	23.2	21.4
Maximum	32.9	33.5	34.1	34.9	34.2	30.4	28.6	29.6	30.5	30.5	32.2	32.1
1993												
Minimum	20.4	21.6	23.9	25.5	25.3	24.0	22.9	23.4	23.2	23.2	23.6	22.2
Maximum	32.9	33.8	34.1	33.3	32.9	28.7	28.1	29.3	31.1	31.1	32.2	33.2
1992												
Minimum	22.0	22.9	24.7	25.2	25.6	23.4	22.7	23.1	23.3	23.3	23.6	21.4

അന്തരീക്ഷ ഊഷ്മാവിലെ കാര്യത്തിലും കേരളത്തിലെ പൊതുസ്ഥിതിയിൽ നിന്ന് വ്യത്യസ്തമല്ല പത്തനംതിട്ടയിലെ അവസ്ഥ. ഈ സംബന്ധമായ വിശദാംശങ്ങൾ പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക VI അന്തരീക്ഷ ആർദ്രത

	0830 IST	Jan	Feb	Mar	Apr	May	June	Jul	Aug	Sep	Oct	Nov	Dec
1990		73	68	75	73	83	92	93	93	86	85	77	69
	1730 IST	59	64	68	65	69	82	87	88	85	79	78	61
	0830 IST	74	69	76	75	81	91	93	93	87	86	75	65
1991													
	1730 IST	65	61	65	66	69	87	89	87	84	81	75	83
	0830 IST	59	79	76	72	77	88	93	93	89	83	79	62
1992													
	1730 IST	59	64	68	65	69	82	87	88	85	79	78	61
	0830 IST	65	70	71	71	75	90	92	92	85	85	73	68
1993													
	1730 IST	63	58	63	64	70	82	88	85	79	79	72	68
	0830 IST	65	72	72	74	77	94	95	91	84	83	65	58
1994													
	1730 IST	65	64	67	69	71	89	90	86	79	79	70	58

അന്തരീക്ഷ ആർദ്രതയുടെ സ്വഭാവം കാണിക്കുന്നത്. പട്ടിക VI ചുവടെ ചേർക്കുന്നു.

പട്ടിക VI.

അനുബന്ധം പട്ടിക 7,8

പട്ടിക 8

ഉടമസ്ഥരുടെ എണ്ണം

വില്ലേജ്	0 - 1	1 - 2	2 - 5	5 - 10
	ഹെക്ടർ	ഹെക്ടർ	ഹെക്ടർ	ഹെക്ടർ
മയ്യിൽ	3677	168	37	2
കയരളം	5158	232	43	-
ആകെ	8835	400	80	2

കാർഷിക വിളകൾ-അവലോകനം

പഞ്ചായത്തിലെ മുഖ്യകാർഷിക വിള തെങ്ങാണ്. കശുമാവ്, നെല്ല്, കുരുമുളക്, കവുങ്ങ്, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി എന്നിവ പഞ്ചായത്തിൽ ഏറ്റക്കുറച്ചി ലുകളോടെ കൃഷി ചെയ്തു വരുന്നുണ്ട്. അടുത്ത കാലത്തായി റബ്ബർ കൃഷിയും ഈ മേഖലയിൽ വ്യാപിക്കുന്നുണ്ട്. പഞ്ചായ ത്തിലെ പ്രധാന വിളകളും അവ കൃഷി ചെയ്യുന്ന സ്ഥല വിസ്തൃതിയും ഉല്പാദന ക്ഷമത കാണിക്കുന്ന പട്ടികയും ചുവടെ ചേർക്കുന്നു.

അനുബന്ധം പട്ടിക 9, 10

പട്ടിക 9

വിളകൾ	വിസ്തൃതി ഹെക്ടർ
തെങ്ങ്	640
കശുമാവ്	590
മിശ്ര വിള	503
നെല്ല്	395
കവുങ്ങ്	105
വാഴ	7
മരച്ചീനി	17
കുരുമുളക്	9
പച്ചക്കറി	19
കൃഷിചെയ്യാവുന്ന ഭൂമി തരിശിട്ടത്	197

അവലംബം വിഭവ ഭൂപട സർവ്വേ

പട്ടിക-10

വിള	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത ഹെക്ടറിൽ
നെല്ല്ഒന്നാംവിള	1330MT	2840 Kg/Hecter
നെല്ല്രണ്ടാംവിള	700MT	2302 Kg/Hecter
നെല്ല്മൂന്നാംവിള	16.5MT	1650 "
പയർ	26,300Kg	281 Kg/Hecter
എള്ള്	2600Kg	104Kg/Hecter
പച്ചക്കറികൾ	315Tone	2100 Kg/Hecter
തെങ്ങ്	679000 nos	34 /per Tree
വാഴ	3450000Kg	11.5 Tone/hec
മരച്ചീനി	2400 MT	20 Tone/hec
കുരുമുളക്	76680 Kg	3700 kg/hec
പ്ലാവ്	75000 Kg	50 Kg/Tree
കശുമാവ്	3,31,200Kg	720 Kg/hec
മാവ്	544 Tone	40 Kg/Tree
റബ്ബർ	100 Tone	5000 Kg/hec
കവുങ്ങ്	8264600nos	200 No/Tree

അവലംബം കൃഷിഭവൻ ദ്വിതീയ വിവരം

കാർഷിക വിളകൾ -ഒരു അവലോകനം

1. തെങ്ങ് - തെങ്ങാണ് മുഖ്യ വിളയെന്ന് പറഞ്ഞുവല്ലോ. ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യേതര വിളയാണിത്. ഉഷ്ണമേഖലാ പ്രദേശത്ത് വളരുന്ന ഈ വൃക്ഷം ഇവിടെ സ്ഥാനം പിടിക്കാൻ ഒരു കാരണം അനുയോജ്യമായ കാലാവസ്ഥ യാണ്. താഴ്വരകളിലാണ് ഇതിന്റെ വ്യാപനം. പുരയിടങ്ങളിൽ മുഖ്യ സ്ഥാനം അന്നും ഇന്നും തെങ്ങിനാണ്. നെല്ലിനേക്കാൾ പ്രധാനവിളയായി തെങ്ങു കൃഷി മാറിയത് ഏതു കാലഘട്ടത്തോടെ യാണെന്ന് കൃത്യമായി പറയാൻ പറ്റില്ല. ബ്രിട്ടീഷുഭരണ കാലത്ത് കോളനിയിൽ വികസിച്ചു വന്ന

വാണിജ്യ കൃഷിയോടുള്ള പ്രതികരണം മൂലമാവാം ഇതെന്നാണ് ലഭ്യമായ സൂചനകൾ എന്നാണ്. കാർഷികോത്പന്നങ്ങൾ കമ്പോളത്തിൽ വിറ്റു കാശാക്കുന്നതിനുള്ള കൃഷിയാണല്ലോ വാണിജ്യ കൃഷി. ബ്രിട്ടീഷുഭരണ കാലത്ത് കോളനിയിൽ വികസിച്ചു വന്നത് വാണിജ്യകൃഷിയായിരുന്നു. വിദേശത്ത് കേരോല്പന്നങ്ങൾക്ക് നല്ല ഡിമാൻറ് വന്നപ്പോൾ അവയ്ക്ക് നല്ല വില ലഭ്യമായി. 1928ൽ ആയിരം തേങ്ങയ്ക്ക് 60 രൂപ വില ലഭിച്ചിരുന്നു. ഈ പ്രതിഭാസത്തോടുള്ള പ്രതികരണം എന്ന നിലയ്ക്കു കൂടിയാവണം കർഷകർ കൂട്ടത്തോടെ തെങ്ങു കൃഷിയിലേയ്ക്ക് തിരിഞ്ഞത്. സ്വാഭാവികമായും ഇതു കൊപ്ര സംസ്കരണത്തിൻെറ പ്രശ്നം മുന്നോട്ടു കൊണ്ടു വന്നു. കൊപ്ര ഉണക്കി മരച്ചക്കിൽ ആട്ടി എണ്ണയാക്കുന്ന സമ്പ്രദായത്തിൻെറ ആവിർഭാവം ഇങ്ങനെയാണ്. ഈ പ്രദേശത്തെ ആദ്യ വ്യവസായ സംരംഭവും ഇവയായിരുന്നു.

ഇവിടുത്തെ തെങ്ങിൻതോപ്പുകളിലധികവും പരമ്പരാഗതമായ രീതിയിൽ വളർത്തപ്പെടുന്നവയാണ്. മേത്തരങ്ങളും തെങ്ങിനങ്ങളും ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങളും വ്യാപിച്ചു തുടങ്ങിയിട്ടേ ഉള്ളൂ. തൈകൾ തമ്മിലുള്ള ഇടയകലം പൊതുവിൽ ശാസ്ത്രീയമല്ല. ഹെക്ടറിൽ 240 വരെ തെങ്ങുകൾ ഇവിടെ കാണാം. ഉല്പാദനക്ഷമതയിൽ വളരെ പിറകിലാണ് നാം. സംസ്ഥാന ശരാശരിയായ 40 തേങ്ങയെക്കാളും വളരെ താഴെയാണ് നമ്മുടെ നില, 34 മാത്രം. ജലസേചന സൗകര്യമുള്ള പുഴയോരങ്ങളിൽ ഉല്പാദനക്ഷമത മെച്ചപ്പെട്ടതാണ്. കയരളം വില്ലേജിൻെറ ഭൂരിഭാഗം പ്രദേശത്തും തെങ്ങ് കള്ള് ചെത്തുന്നതിനായി ഉപയോഗിക്കുന്നു.

ലഭ്യമായ കണക്കനുസരിച്ച് 840 പമ്പു സെറ്റുകൾ പുരയിട കൃഷി ജലസേചനത്തിനായി, പഞ്ചായത്തിൽ ഉണ്ട്. എന്നാൽ തെങ്ങിൻതോട്ട ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നത് വളരെ കുറച്ചെണ്ണം മാത്രമാണ്. ഇതിൻെറ കാരണങ്ങൾ പരിശോധിക്കപ്പെടണം. തെങ്ങിൻെറ ഉല്പാദനക്ഷമതയും ജലസേചനവും തമ്മിലുള്ള ബന്ധം സുവ്യക്തമാണല്ലോ.

തെങ്ങുകളെ ബാധിച്ച രോഗം സംബന്ധിച്ച കണക്കുകൾ പട്ടിക 11ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം

കായ്കാത്തത്	കായ്കുന്നത്	ആകെ
80,000	1,30,000	2,10,000

രോഗം ബാധിച്ച തെങ്ങുകൾ

റൂട്ട് വിൽറ്റ്	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	ആകെ
15	500	21,000	21,515

ചെന്നീരൊലിപ്പ് ഒരു പ്രധാന കേരരോഗമായി എല്ലാ പ്രദേശത്തും കണ്ടു വരുന്നു. നിലവിലുള്ള പരിചരണ മുറകളൊന്നും ഫലപ്രദമല്ല. പഞ്ചായത്തിലെ 10% ത്തോളം തെങ്ങുകൾക്ക് ഈ രോഗം

ബാധിച്ചിട്ടുണ്ട്. ഇതിനെതിരായ ഒരു പരിപാടി ആവിഷ്കരിക്കാൻ കൂട്ടായ ശ്രമം നടക്കേണ്ടതുണ്ട്. അതു പോലെ നദീ തീരങ്ങളിലെ തെങ്ങു കൾക്ക് കാലാകാലമായി കണ്ടു വരുന്ന കൂമ്പു ചീയൽ രോഗവും അതിനെ തിരായ പ്രതിരോധ പ്രവർത്തനങ്ങളും പ്രത്യേക ചർച്ച അർഹിക്കുന്നു.

2. കശുമാവ്-

സമീപകാലത്തായി വന്പിച്ച സാന്പത്തിക പ്രാധാന്യം കൈ വരിച്ചു കഴിഞ്ഞ ഒരു വിളയാണല്ലോ ഇത്. കശുമാവ് കൃഷിക്ക് ഏറ്റവും പറ്റിയ പ്രദേശങ്ങൾ ഇപ്പോഴും പഞ്ചായ ത്തിന്റെ നിരവധി ഭാഗങ്ങൾ തരിശായി കിടക്കുന്നതു കാണാം. വാസ്തവത്തിൽ ഇനിയും ഇതിനെ ഒരു കൃഷിയായി കണക്കാക്കിയോ എന്ന് സംശയമാണ്. പറമ്പിൽ വളരുന്ന മരത്തിൽ നിന്നു ഫലം എടുക്കുന്നുവെന്ന് മാത്രം. പാറ പ്രദേശം, കടുപ്പം കൂടിയ ചെങ്കൽപ്രദേശം എന്നിവിടങ്ങളിലാണ് മുഖ്യമായും ഈ കൃഷി വ്യാപിച്ചിരിക്കുന്നത്. മൊത്തം വിള വിസ്തൃതി കഴിഞ്ഞ കുറച്ചു കാലങ്ങളിലായി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ഉല്പാദന ക്ഷമത വളരെ കുറവാണ്. കൃത്യ മായ കണക്കുകൾ ലഭ്യമല്ലെങ്കിലും ചില പഠനങ്ങൾ കാണിക്കുന്നത് സംസ്ഥാന ശരാ ശരി 823 കി.ഗ്രാം ഉള്ളപ്പോൾ നമ്മുടെ ഉല്പാ ദനം 720 കി. ഗ്രാംമാത്രമാണ്.നമ്മുടെ പഞ്ചായ ത്തിന്റെ ഭൂപരമായ സവിശേഷത വെച്ചു നോക്കുമ്പോൾ ശാസ്ത്രീയമായ കശു മാവ് കൃഷിക്കുള്ള സധ്യത വളരെ വലു താണ്.നൂതനകൃഷിരീതികളും ഉല്പാദന ക്ഷമത കൂടിയ നടീൽ വസ്തുക്കളും ഉപയോഗിച്ച് ഉല്പാദന ക്ഷമതയിലെ മുരടിപ്പിനെ നമുക്കു മുറിച്ചു കടക്കാൻ കഴിയണം. പരമ്പരാഗത തോട്ടങ്ങളിലെ പ്രയോജനം തരാത്ത മരങ്ങൾ മുറിച്ചു മാറ്റി, മൊത്തം ഉല്പാദന ക്ഷമത ഉയർത്തുന്ന തിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണം. തടിതുരപ്പൻ പുഴുവിന്റെയും തേയില കൊതുകിന്റെയും ആക്രമണം കശുമാവ് കൃഷി അഭിമുഖീകരിക്കുന്ന വെല്ലു വിളിക ളാണ്. ഇവയ്ക്കെതിരായ നിയന്ത്ര ണങ്ങൾ ഫലപ്രദമാക്കേണ്ടതുണ്ട്.

3. നെല്ല്-

ഉല്പന്ന മൂല്യത്തിൽ ഒന്നാം സ്ഥാനം തെങ്ങിനാണെങ്കിൽ, നമുക്കു പ്രാധാന്യം നെല്ലിനാണ്. മൊത്ത വിസ്തീർണ്ണത്തിന്റെ 11.9% മാത്രമേ നെൽകൃഷി ഉള്ളൂ എന്ന് പട്ടിക 12 വ്യക്തമാക്കുന്നു. പ്രധാനമായും രണ്ട് വിളകളാണ് മുണ്ടകനും വിരിപ്പും ഇവിടെയുള്ളത്. അപൂർവ്വം സ്ഥലങ്ങളിൽ പുഞ്ചകൃഷിയുമുണ്ട്. ഇടവപ്പാതി, തുലാ വർഷം എന്നിവയെ ആശ്രയിച്ചാണ് ഒന്നും രണ്ടും വിള കൃഷി നടക്കുന്നത്. നെൽ കൃഷി യുടെ സുവർണ്ണ കാലഘട്ടത്തിന് ഇടിവു തട്ടിയിട്ടുണ്ടെങ്കിലും ഇന്നും വലിയൊരു വിഭാഗം ജനത ഉപജീവനത്തിനായി ഈ മേഖലയെത്തന്നെയാണ് ആശ്രയി ക്കുന്നത്. പരമ്പരാഗത വിത്തിനങ്ങൾ ഇവിടെ സമൃദ്ധമായി കൃഷി ചെയ്തിരുന്നു. ഉദാഹരണങ്ങൾ- ഓടച്ചൻ, കയമ, തവളക്കണ്ണൻ, ചെന്നെല്ല്, കുഞ്ഞിനെല്ല്, നവര, നവരപ്പുഞ്ച, ആനക്കോടൻ, ചിറ്റേനി, പൊന്നാര്യൻ തുടങ്ങിയവ- ജൈവ വൈവിദ്ധ്യത്തിന്റെ ഒരു കലവറ തന്നെ ആയിരുന്നു ഇവിടുത്തെ നെൽപ്പാടങ്ങൾ.

കാലത്തിന്റെ കുത്തിയൊഴുക്കിൽ ഇവയെല്ലാം പുതിയവയ്ക്ക് വഴി മാറി. തൈനാനു-3, ഐആർ-8 എന്നീ വിത്തിനങ്ങളിൽ തുടങ്ങി ജയ, ജ്യോതി, പവിഴം തുടങ്ങിയ പുത്തൻകൂറ്റുകാരിൽ എത്തി നിൽക്കുന്നു ഇപ്പോൾ നമ്മുടെ നെൽകൃഷി.

നാടൻ വിളകൾക്ക് പകരം, കൂടുതൽ വളം ഉൾക്കൊള്ളാനും, വിളവു തരാനും കഴിവുള്ള അത്യുല്പാദന വിത്തിനങ്ങളുടെ ആധിപത്യം ഏതാണ്ടു പൂർണ്ണമായിക്കഴിഞ്ഞു. എന്നാൽ അനുപൂരക ഘടകങ്ങളായ വളം, ജലസേചനം മുതലായവയുടെ പോരായ്മയും രോഗങ്ങൾ, വർദ്ധിത കീടശല്യം, കൂടിയ കൃഷി ച്ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയും നെൽകൃഷിയെ ഒരു പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു.

ഹെക്ടറിനു 5 ടൺ ജൈവ വളം നമ്മുടെ മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിന് അത്യാവശ്യമാണെന്നിരിക്കെ നാമമാത്രമായ ജൈവ വളപ്രയോഗവും അശാസ്ത്രീയമായ രാസ വളപ്രയോഗവും മണ്ണിന്റെ ഫലഭൂയിഷ്ടതയെ വല്ലാതെ തളർത്തിയിട്ടുണ്ട്. വെള്ളക്കെട്ടും, വെള്ളത്തിന്റെ അപര്യാപ്തതയും ഉല്പാദനക്ഷമതയെ ബാധിക്കുന്ന മറ്റു ഘട കങ്ങളാണ്. സ്ഥലജല മാനേജ്മെൻറ് സങ്കൽപ്പത്തിൽ അടിമുടി മാറ്റം വരണം.

ഉല്പാദനക്ഷമതയുടെ കാര്യത്തിൽ നാം സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ്.സംസ്ഥാന ശരാശരി ഹെക്ടറിന് 1937 കി. ഗ്രാം ആണെങ്കിൽ പഞ്ചായത്തിന്റേത് ഹെക്ടറിന് 2264 കി. ഗ്രാം ആണ്. ഹെക്ടറിന് 5 ടൺ ഉല്പാദനം എന്ന യാഥാർത്ഥ്യ ബോധത്തോടു കൂടിയ മതിപ്പു ഉല്പാദന ക്ഷമതയിലേയ്ക്ക് നമ്മുടെ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ കാര്യക്ഷമമായ നീക്കങ്ങൾ ഉണ്ടാവണം.

4. കുരുമുളക്-

ഒരു കാലത്ത് ഏറെ വ്യാപകമായിരുന്ന കുരുമുളക് കൃഷി ഇന്ന് മുരടിപ്പിനെ നേരിടുകയാണ്. തനി കൃഷിയായി അഞ്ചു ഹെക്ടറിലും മറ്റു വിളകളോടു ചേർന്ന് 210 ഹെക്ടറിലും ഈ കൃഷി ഇന്നു നിലവിലുണ്ട്. കമുക്, മാവ്, പ്ലാവ് മുതലായ വിളകളുമായി ബന്ധപ്പെട്ടാണ് പ്രധാനമായും കുരുമുളകുകൃഷി കണ്ടു വരുന്നത്. ദ്രുതവാട്ടരോഗമാണ് ഈ കൃഷിയെ മുരടിപ്പിലേക്ക് നയിച്ചത്. വിള പുനരുദ്ധാരണത്തിന്റെ ഭാഗമായി കൃഷി വേൻ ത്രിവത്സര പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. തൈ, വളം, കീടനാശിനി എന്നിവ 50% സബ്സിഡി നിരക്കിൽ നല്കുന്നതോടൊപ്പം നീറ്റുകക്ക, തുരിൾ, കോപ്പർ ഓക്സി ക്ലോറൈഡ് എന്നിവ സൗജന്യ നിരക്കിലും നല്കിവരുന്നു. ഇതിനു പുറമെ ഇടവിളയായി കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യമായി വേരു പിടിപ്പിച്ച കുരുമുളകു വള്ളികളും കഴിഞ്ഞ ഏതാനും വർഷങ്ങളിലായി വിതരണം നടത്തി വരുന്നു.

5. മാവ്-

പഞ്ചായത്തിൽ നാടൻമാവുകളുടെ വൈവിദ്ധ്യം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അത്യുല്പാദന ശേഷിയുള്ള നിരവധി

മാവിനങ്ങൾ കാണാമെങ്കിലും കുറ്റ്യാട്ടൂർ മാവ് ശ്രദ്ധേയമായി വ്യാപിച്ചു വരുന്നു. ഇവിടുത്തെ കാലാവസ്ഥയ്ക്കും മണ്ണിനും നല്ലതുപോലെ യോജിച്ച മാവിനമാണിത്. ഈ മാമ്പഴത്തിന്റെ സമൃദ്ധമായ ലഭ്യത പഞ്ചായത്തിൽ ചെറുകിട പഴ സംസ്കരണ യൂനിറ്റിന്റെ സാധ്യതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

6. കവുങ്ങ്-

നെല്പാടങ്ങളോട് തൊട്ടുള്ള ചിറകളിലും നനവ് നന്നായി ലഭിക്കുന്ന സമതലങ്ങളി ലും ചെറു ചെരിവുകളിലും നീണ്ടു കിടക്കുന്ന പുഴയോരങ്ങളിലും പ്രാധാ ന്യത്തോടെ ഈ വിള കൃഷി ചെയ്യുന്നു. പരമ്പരാഗതമായി തന്നെ വളരെ വ്യാപനം സിദ്ധിച്ച ഈ നാണ്യവിള ഇല മഞ്ഞളിപ്പ് രോഗം കാരണം പുഴയോര ങ്ങളിൽ നിന്ന് പിഴുതെറിയപ്പെടുകയാണ്. ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ ഇതുവരെയും കണ്ടെത്തിയിട്ടില്ലാത്ത ഈ രോഗം കവുങ്ങ് കൃഷി അഭിമുഖീകരിക്കുന്ന കനത്ത വെല്ലു വിളിയാണ്. മഹാളി രോഗനിയന്ത്രണ നട പടികൾക്കുള്ള സഹായവും ഇല മഞ്ഞളിപ്പ് രോഗം ബാധിച്ച കവുങ്ങുകൾ മുറിച്ചു മാറ്റുന്നതിന് നാമമാത്ര സഹായം നല്കുന്നതും ഒഴികെ കൃഷിഭവൻ മുഖാന്തിരം മറ്റു ഇടപെടലുകളൊന്നും ഈ മേഖലയിൽ നടക്കുന്നില്ല.

7. വാഴകൃഷി-

മൈസൂർ വാഴയും അപൂർവ്വമായി പൂവൻ ഇനങ്ങളും ഇവിടെ കൃഷി ചെയ്തുവരുന്നു. മൈസൂർ വാഴ പ്രധാനമായും ഇടവിളയാണ്. തെങ്ങിൻ തോപ്പിലും വയലിനോട് ചേർന്ന ചിറകളി ലുമാണ് ഈ കൃഷി കണ്ടു വരുന്നത്. ശാസ്ത്രീയമായ രീതികളൊന്നും അവലംബി ക്കാറില്ല. കിട്ടു വിളവ് എടുക്കുന്നുവെന്ന് മാത്രം. പെരുവങ്ങൂർ, ഇല്ലത്തുംതാഴെ, ചേക്കോട്ട് വയൽ, ഇരുവാപ്പുഴനമ്പ്രം തുടങ്ങിയ പാടങ്ങളിൽ വളരെ പ്രാധാന്യ ത്തോടെ നേന്ത്രവാഴ കൃഷി ചെയ്തു വരുന്നുണ്ട്. ഭൂരഹിത കർഷക തൊഴിലാളികൾ നിലം പാട്ടത്തിനെടുത്തും ഈ കൃഷി ചെയ്യുന്നുണ്ട്. വമ്പിച്ച വികസന സാധ്യതകൾ ഉണ്ടെങ്കിലും വിള വിസ്തൃതിയിൽ പടിപടിയായി പിറകോട്ടടി ദൃശ്യമാണ്. ഇന്ന് 7 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നേന്ത്രവാഴ കൃഷി നടക്കുന്നത്. ജലസേചന സൗകര്യ ത്തിന്റെ അഭാവം, കുറുനാമ്പു രോഗം, തരിശിടൽ പ്രവണത, കാർഷികാ ദ്ധ്വാനത്തോട് പുതിയ തലമുറക്കുള്ള വിമുഖത തുടങ്ങിയവ പ്രധാന കാരണങ്ങ ളാണെങ്കിലും വികസന സാധ്യത കൈ വെടിയാൻ പറ്റില്ല. നേന്ത്രക്കായ ഉപഭോഗം അത്ര കണ്ട് ഇവിടെ വർദ്ധിച്ചിട്ടുണ്ട്. ഏതാണ്ട് പൂർണ്ണമായും പുറം വിപണിയെ ആശ്രയിച്ചാണ് ഈ ഉപഭോഗ സാധ്യതകൾ ഇന്ന് നിറവേറ്റ പ്പെടുന്നത്. ഓണ സദ്യയുണ്ണാൻ ഒരു വാഴയില പോലും മുറിച്ചെടു ക്കാനില്ലാത്ത പുരയിടങ്ങളുടെ എണ്ണം ഈ ഗ്രാമീണ മേഖലയിൽ ക്രമേണ വർദ്ധിച്ചു വരികയാണ്.

8. കിഴങ്ങു വർഗ്ഗകൃഷി-

ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, കൂവ എന്നിവയാണ് പ്രധാനകിഴങ്ങുവർഗ്ഗ കൃഷികൾ. നിലവിൽ വെറും 25 ഹെക്ടറിൽ മാത്രമാണ് ഈ കൃഷി കാണുന്നത്. രാസവള പ്രയോഗത്തോട് നന്നായി പ്രതികരിക്കുന്ന മരച്ചീനിയാണ് ഇതിൽ മുഖ്യം. ഒരു ഭക്ഷ്യ വിളയെന്നത് മാത്രമല്ല ഇതിന്റെ പ്രാധാന്യം.

കാലിത്തീറ്റ-കോഴിത്തീറ്റകളുടെ അസംസ്കൃതവസ്തു എന്ന നിലയിൽ മരച്ചീനിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. മാത്രമല്ല നിരവധി വ്യാവസായിക ഉല്പന്നങ്ങളുടെ- സ്റ്റാർച്ച്, ഗ്ലൂക്കോസ് മുതലായവ- അസംസ്കൃത പദാർത്ഥം കൂടിയാണിത്. കേരളത്തിൽ പൊതുവായി കാണുന്ന പ്രവണത തന്നെയാണ്, മരച്ചീനി വിള വിസ്തൃതിയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലും പ്രതിഫലിക്കുന്നത്.

തെങ്ങിൻ തോട്ടങ്ങൾ ധാരാളമുള്ള ഈ പ്രദേശത്ത് ഏറ്റവും നന്നായി കൃഷി ചെയ്യുന്ന ഇടവിളകളാണ് ചേമ്പ്, ചേന തുടങ്ങിയ കിഴങ്ങുകൾ. തെങ്ങിൻ തോപ്പിലെ ത്രിതല കൃഷിയിൽ ഇതിനുള്ള പ്രാധാന്യം വളരെ വലുതാണ്. ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയവയാണ് വീട്ടു പറമ്പുകളിലെ മറ്റുകൃഷികൾ. മിക്ക കൃഷിയിടത്തിലും ഒരു ചെറിയ മഞ്ഞൾ തടവും, വരമ്പുകളോട് ചേർന്ന കൂവ കൃഷിയും ഇവിടെ പതിവായിരുന്നു. ഇപ്പോൾ അതും അന്യം നിന്നു കഴിഞ്ഞു. അതുപോലെ അന്യം വന്നു കൊണ്ടിരിക്കുന്ന മറ്റൊരു കിഴങ്ങു വിളയാണ് മധുരക്കിഴങ്ങ്.

൯. വറ്റൽ മുളക്-

കാലവർഷത്തോടെ കരപ്പറമ്പുകലിൽ വ്യാപകമായി, പരമ്പരാഗതമായി ചെയ്തു വരുന്ന കൃഷയാണിത്. നല്ല ആദായ മാർഗ്ഗം കൂടിയായ ഈ കൃഷിയോടൊപ്പം പച്ചക്കറികളും കൃഷി ചെയ്തുവന്നിരുന്നു. സ്വന്തമായി സ്ഥലമില്ലാത്തവർ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയായിരുന്നു പണ്ടത്തെ പതിവ്. സമീപകാലങ്ങളിലായി, ഇതിന്റെ വിള വിസ്തൃതി നന്നെ കുറഞ്ഞു കഴിഞ്ഞു. അത്യുല്പാദന ശേഷിയുള്ള നല്ലയിനം വിത്തുകൾ ഇന്നു ലഭ്യമാണ്. കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങളും വിജയകരമാണ്. എന്നിട്ടും ഈ കൃഷി പതുക്കെ പതുക്കെ പിൻവാങ്ങി കൊണ്ടിരിക്കുന്നു.

൧൦. പച്ചക്കറി കൃഷി-

സമീപ കാലത്തായി ദൈനംദിന ഭക്ഷ്യ വസ്തു എന്ന നിലയിൽ പച്ചക്കറി ഉപഭോഗം ഇവിടെ ഗണ്യമായി ഉയർന്നതായി കാണുന്നു. എന്നാൽ ആനുപാതികമായി ഉല്പാദനവർദ്ധനവ് ഉണ്ടായിട്ടില്ല. പരമ്പരാഗത പുരയിട കൃഷി, കൊയ്തു കഴിഞ്ഞാൽ നെല്പാടങ്ങളിലെ വെള്ളരി കൃഷി, അതിനോടനുബന്ധിച്ചുള്ള വിവിധ ഇനം പച്ചക്കറി കൃഷി എന്നിവ നിലനില്ക്കുന്നുണ്ടെങ്കിലും നമ്മുടെ വർദ്ധിച്ചു കഴിഞ്ഞ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഉല്പാദനം ഒട്ടും പര്യാപ്തമല്ല എന്നതാണ് വസ്തുത. കർണ്ണാടകം, തമിഴ്നാട് വിഭവങ്ങൾ തന്നെയാണ് വൻതോതിൽ ഇപ്പോഴും നമ്മുടെ ആശ്രയം. വ്യാപാരാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയുടെ ഒറ്റപ്പെട്ട തുരുത്തുകൾ മുല്ലക്കൊടി, കയരളം, പെരുവങ്ങൂർ, കടൂർ എന്നിവിടങ്ങളിൽ അങ്ങിങ്ങ് ദൃശ്യമാണെങ്കിലും സാധ്യതകളുമായി തുലനം ചെയ്യുമ്പോൾ അവ ഒട്ടും തൃപ്തികരമല്ല. ഒരു തൊഴിൽദായക മേഖല എന്ന നിലയിൽ വ്യാപാരപച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ഉദാ- ജലസേചനം, വിത്തുലഭ്യത, സ്ഥലലഭ്യത തുടങ്ങിയവ.

൧൧. റബ്ബർ-

സമീപ കാലത്തായി പഞ്ചായത്തിൽ വികസിച്ചുവരുന്ന വിളയാണിത്. റബ്ബർ

ബോർഡിൽ അഫിലിയേറ്റ് ചെയ്ത റബ്ബർ കർഷക യൂനിറ്റ് മയ്യിൽ കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ഇരുപത് ഹെക്ടറിൽ ഇപ്പോൾ റബ്ബർ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ ചരിവ് ഭൂപ്രദേശങ്ങൾ ഈ കൃഷിക്ക് ഏറ്റവും യോജിച്ചതാണ്.

കർഷക സംരംഭങ്ങൾ

1. പാടശേഖര സമിതികൾ-

എല്ലാ പാടശേഖരങ്ങളെ കേന്ദ്രീകരിച്ചും പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നു. സൊസൈറ്റിസ് റജിസ്ട്രേഷൻ ആക്ട് അനുസരിച്ച് റജിസ്റ്റർ ചെയ്യപ്പെട്ട പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം ഉദ്ദേശലക്ഷ്യ ങ്ങൾ സഫലീകരിക്കുന്നതിൽ തീർത്തും പിറകിലാണ്. 1987 ൽ തുടങ്ങി ഇതുവരെ യായി 20 സംഘങ്ങൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കൃഷി ഭവന്റെ പരിധിയിൽ വരുന്ന അപൂർവ്വം സംസ്ഥാന തല സ്കീമുകൾ കർഷകരിൽ എത്തിക്കാനുള്ള ഏജൻസികൾ എന്ന നിലയിൽ മാത്രമായിരുന്നു ഇവയുടെ പ്രവർത്തനം.

2. കേരവികസന സമിതി-

1994 ൽ റജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സൊസൈറ്റിയാണിത്. കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ സമിതിയിൽ 600ലധികം കർഷകർ അംഗങ്ങളായുണ്ട്. സമഗ്ര കേര വികസന പരിപാടിയുടെ (C.C.D.P) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും കിണർ, പമ്പ്സെറ്റ് അവയുടെ ഗുണപരമായ നടത്തിപ്പ് ഉറപ്പു വരുത്തു ന്നതിലും കുറെയൊക്കെ ശ്രദ്ധിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും മറ്റു മേഖലകളിൽ തീരെ മുന്നേറിയിട്ടില്ല. സമിതിയുടെ നേതൃത്വത്തിൽ മയ്യിൽ ടൗണിൽ ആരംഭിച്ച ഇളനീർ പന്തൽ നിലനിർത്തിക്കൊണ്ടു പോകാനും സാധിച്ചില്ല.

സമഗ്ര കേര വികസന ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിലെ കേര കർഷകർക്ക് നേതൃത്വം കൊടുക്കാൻ ഈ സമിതി പ്രവർത്തനം വഴി നമുക്ക് സാധിക്കണം. അതിനു പറ്റുന്ന രീതിയിൽ ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങൾ ഉൾപ്പെടെ ചർച്ചയ്ക്കു വിധേയമാക്കപ്പെടണം.

3. കുരുമുളകു വികസന സമിതി

കുരുമുളകു കൃഷി പുനരുദ്ധാരണത്തിനായി കൃഷിഭവനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സമിതിയാണിത്. 1992 ൽ റജിസ്റ്റർ ചെയ്ത സൊസൈറ്റിയിൽ 630 കർഷകർ അംഗങ്ങളാണ്. സമിതിയുടെ പ്രവർത്തനം കുറെക്കൂടി ചലനാത്മകമാകേണ്ടതുണ്ട്.

കൂട്ടായ്മ- കൃഷിയിൽ

നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമി യുടെ 95 ശതമാനവും ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകഷണങ്ങളാണ്. ഈ അവസ്ഥ ഇനി മാറ്റാൻ കഴിയില്ല. ഭൂപരിഷ്കരണ നടപടികളുടെ സ്വാഭാവികമായ ഫലവും ജനകീയ സമരങ്ങളുടെ ഗുണപരമായ പരിസമാപ്തിയുമാണിത്. എന്നാൽ വിവിധ വിളകളെടുത്ത് പരിശോധിച്ചാൽ കാർഷികോല്പാദന ക്ഷമത തുടർച്ചയായി കുറയുന്നതായാണ് കാണുന്നത്. എങ്ങനെയിത് മാറ്റിയെടുക്കാം? സാദ്ധ്യ മായതിന്റെ പരമാവധി ഉല്പാദന ക്ഷമത വിവിധ വിളകളിൽ എങ്ങനെ കൈവരിക്കാം? ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ശരിയായും സംഘടിതമായും കൃഷിഭൂമി

യിൽ പ്രാവർത്തികമാക്കപ്പെടുമ്പോഴേ കാർഷികോല്പാദനവും ഉല്പാദനക്ഷമതയും കൂട്ടാൻ കഴിയൂ. നമ്മുടെ പഞ്ചായത്തിലെ തുണ്ടുവൽകൃത കൃഷിയിടങ്ങളിൽ- മേൽ പ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ പുതിയൊരു കൂട്ടായ്മ (സംഘബോധം) അനിവാര്യമായി രിക്കുന്നു. വിത്തും വെള്ളവും വളവും പോലെ ഒഴിവാക്കാനാവാത്ത ഒരു നിവേശ വസ്തു (Input) ആണ് ഇന്നത്തെ പരിതസ്ഥി തിയിൽ കൂട്ടായ്മ. നെൽകൃഷിയിൽ - ഞാറ്റടി മുതൽ കൊയ്ത്തുവരെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ ഇത് ഉടലെടു ക്കേണ്ടതുണ്ട്. നമ്മുടെ മണ്ണും കാലാ വസ്ഥയും സാമൂഹ്യസാഹചര്യങ്ങളു മറിഞ്ഞുകൊണ്ട് അതാതിടത്തെ കർഷക രുടെയും കർഷക തൊഴിലാളികളുടെയും മുൻ കയ്യിൽ രൂപപ്പെട്ടു വരേണ്ട ഒന്നാണിത്. ഈ പ്രക്രിയക്ക് നേതൃത്വം കൊടുക്കാൻ സാധിക്കുന്ന സംഘടനാ സംവിധാനങ്ങളാണ് മേൽപ്പറഞ്ഞ വിവിധ സമിതികൾ. മേൽ പ്പറഞ്ഞ ഓരോ സമിതിയേയും, അതാതിന്റെ പ്രത്യേകതകൾക്കനുസരിച്ച് പുന:സംഘടി പ്പിച്ചും വികസന കാഴ്ചപ്പാടുകൾ സ്വാംശീകരിച്ചും എങ്ങനെ പ്രവർത്തന രംഗത്ത് സജീവമാക്കാമെന്നത് ഈ പഞ്ചായത്തിലെ കാർഷിക വികസനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

<u>അനുപൂരക ഘടകങ്ങൾ-</u>

ജലസേചനം, വളം, കീടനാശിനി കൾ, മണ്ണുസംരക്ഷണം എന്നിവയാണ് കാർഷികോല്പാദനത്തിന്റെ അനുപൂരക ഘടകങ്ങൾ.

<u>ജലസേചനം-</u>

പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങ ളുടെ ആകെ വിസ്തീർണ്ണം 786 ഹെക്ടർ ആണ്. പഴശ്ശിപദ്ധതി പ്രകാരമുള്ള കനാൽ സൗകര്യങ്ങൾ കഴിഞ്ഞാൽ തോടുകളും നദിയുമാണ് പ്രധാന ജലസേചനോ പാധികൾ. പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി വളപട്ടണം പുഴ ഒഴുകുന്നു. പുഴയോരത്തുള്ള കോട്ടയാട്, പെരുവങ്ങൂർ, മുല്ലക്കൊടി, നണിയൂർ നമ്പ്രം പാടശേഖരങ്ങൾ, വർഷകാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളാണ്. പുഴയുടെ സാമീപ്യമാണിതിനു കാരണം. താരതമ്യേന താഴ്ന്ന പ്രദേശങ്ങളും. ഒന്നാം വിള നെൽകൃഷി ഈ പാടശേഖരങ്ങളിൽ പ്രയാസമാണ്. കൈവയൽ പ്രദേശം, ഒന്നാം വിള കൃഷി സ്ഥിരമായി ഒഴിവാക്കി വരുന്നു. സുമാർ 500 ഹെക്ടർ സ്ഥലം വരും ഇത്. വളപട്ടണം പുഴയിലെ വെള്ളം തെങ്ങ് കൃഷിക്ക് വൻതോതിൽ പമ്പിങ്ങ് വഴി പ്രയോജനപ്പെടുത്തി വരുന്നുണ്ട്. പുഴ കഴിഞ്ഞാൽ പഞ്ചായത്തിലെ പ്രധാന നീരൊഴുക്ക് സംവിധാനം തോടുകളാണ്.

പൊതുവേ എല്ലാ തോടുകളും ജനവരി മാസത്തോടെ വറ്റിത്തുടങ്ങും. മാർച്ച് അവസാനം വരെ വറ്റാത്ത അപൂർവ്വം തോടുകളും ഇവിടെയുണ്ട്.

പ്രധാന തോടുകളും അവയുടെ നീളവും ചുവടെ കൊടുക്കുന്നു.

കാനത്തുംമൂല - മഠത്തിലെ താഴെ
നിരത്തുപാലം - മഠത്തിലെ താഴെ
മഠത്തിലെ താഴെ - നെല്ലിക്കപ്പാലം
ഒറവയൽ - അരയിടത്തു ചിറ
തീർത്ഥകുണ്ട് - അരയിടത്തു ചിറ
അരയിടത്തു ചിറ - നെല്ലിക്കപ്പാലം
നെല്ലിക്കപ്പാലം - മുട്ടുകണ്ടി

} 18.52 Km

കിളിയളം - കൈവയൽ - വളപട്ടണം പുഴയോട് ചേരുന്ന തോട് 7Km
മേച്ചേരിമൂല - തിരുപ്പുറം 2Km

എരിഞ്ഞിക്കടവ്	-	തിരുപ്പുറം	2.5Km
(ALPSമുതൽ	-	ഒറപ്പൊടി)	1.5Km
വെള്ളിക്കോട്ടം	-	മാമ്പീച്ചറി	0.75Km
ആയാർമുനമ്പ്	-	മുല്ലക്കൊടി	1Km
നണിയൂർ നമ്പ്രം	-	കരിങ്കൽകുഴി	2Km
മുല്ലക്കൊടി പടിഞ്ഞാറെ തോട്	-		½Km
ചോയ്യാടം	-	മുളിയിൽ	1Km
കൊല്ലൻമൊട്ട	-	കരിക്കണ്ടംതോട്	1Km
മേച്ചേരിമാപ്പോത്ത്	-	തിരുപ്പുറം	.75Km
കോറളായിതുരുത്ത് പടിഞ്ഞാറ്	-		.50Km
കോറളായിതുരുത്ത് കിഴക്ക്	-		.50Km
പെരുവങ്ങൂർതോട്	-		1Km
കോട്ടയാട് വയൽതോട് (2 എണ്ണം)			
കണ്ടക്കൈ	-		1½Km

മിക്ക വലിയ തോടുകളിലും ക്രോസ്ബാറുകൾ നിർമ്മിച്ചിട്ടുണ്ട്. പക്ഷെ അവയൊന്നും തന്നെ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. വെള്ളം തടഞ്ഞു നിർത്തുന്നതിന് ആവശ്യമായ പലകകൾ സൂക്ഷിച്ച് ഉപയോഗിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. മരപ്പലകകൾക്കു പകരം കോൺക്രീറ്റ് സ്ലാബ്, അടുത്തകാലത്തായി നിർമ്മിച്ച ക്രോസ്ബാറുകൾക്ക് ഉണ്ടാക്കിയിട്ടുണ്ട്. അവകൊണ്ട് ഒരു പ്രയോജനവുമില്ലാത്ത അവസ്ഥയാണുള്ളത്.

എല്ലാ തോടുകളും ദ്രുതഗതിയിലുള്ള നാശത്തെ നേരിടുകയാണ്. ഉദാ- കാനത്തും മൂലമുതലുള്ള മയ്യിൽ വയൽതോട് ഇരുകരകളും ഇടിഞ്ഞു വീഴൽ, രൂക്ഷമായ മണ്ണൊലിപ്പ് വഴി രൂപപ്പെട്ട മൺതിട്ടകൾ, ഇരുകരകളിൽ നിന്നും ക്രമാതീതമായി വളർന്ന ആറ്റുകൈത ഉണ്ടാക്കിയ ജലനിർഗമന തടസ്സം- ഇതൊക്കെ പ്രധാനപ്രശ്നങ്ങളാണ്. കാർഷികാഭിവൃദ്ധിയുടെ രക്തധമനികളായ തോടുകളുടെ നിലവിലുള്ള സ്ഥിതി കൂടുതൽ സൂക്ഷ്മമായ പഠനത്തിനും പരിഹാര പ്രക്രിയക്കും വിധേയമാവണം.

പഞ്ചായത്തിലെ മറ്റൊരു പ്രധാന ജലസേചനപദ്ധതി, പഴശ്ശി ഇറിഗേഷൻ പ്രൊജക്ടുമായി ബന്ധപ്പെട്ടതാണ്. പദ്ധതിയുടെ ആയക്കെട്ട് വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക

ഫീൽഡ് ബോതതി	പാടം ഏ.സെ	പറമ്പ് ഏ.സെ	ആകെ ഏ.സെ
മയ്യിൽ ഫീൽഡ് ബോ No I	24.37	5.76	30.13
മയ്യിൽ ഫീൽഡ് ബോ No II	22.67	17.14	39.81
മയ്യിൽ ഫീൽഡ് ബോ No III	43.46	17.42	60.88
കാലടി ഫീൽഡ് ബോ	33.36	4.80	38.16
പെരുമാച്ചേരി ഫീൽഡ് ബോ	28.45	-	24.45

ഈ പദ്ധതി ലക്ഷ്യം നേടുന്നതിൽ ഇതുവരെ വിജയിച്ചിട്ടില്ല. പദ്ധതിയിലൂടെ, യഥാ സമയം, വേണ്ടത്ര വെള്ളം ലഭിക്കുന്നി ല്ലെന്നത് മാത്രമല്ല അനവസരത്തിൽ തുറന്നു വിടുന്ന വെള്ളം കൃഷിക്ക് ഹാനികരമായും ഭവിക്കുന്നു.

കുളങ്ങൾ-

മൊത്തം 17 കുളങ്ങൾ കാർഷികാ വശ്യത്തിനായി ഈ പഞ്ചായത്തിലുണ്ട്. പക്ഷെ ഇവ പരിമിതമായ തോതിലേ ജലസേചനാവശ്യത്തിനായി ഉപയോഗി ക്കാൻ കഴിയുന്നുള്ളൂ.

ജലസേചന സംവിധാനത്തിൻെറ മൊത്തം ആയക്കെട്ട് വിസ്തീർണ്ണം 236.21 ഹെക്ടറാണ്. ഇത് പഞ്ചായത്തിലെ മൊത്തം സ്ഥല വിസ്തൃതിയുടെ 7.71% മാണെന്ന് കാണാം. നമ്മുടെ പഞ്ചായ ത്തിലെ ജലസേചന സംവിധാനങ്ങളുടെ അപര്യാപ്തതയിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു.

കാർഷിക മുറകൾ

പുരയിടങ്ങളിൽ പൊതുവേ സമ്മിശ്ര കൃഷിരീതിയാണ് നിലവിലുള്ളത്. ചെരി വുകളിൽ തെങ്ങ്, കശുമാവ് എന്നിവയും, സമതലങ്ങളിൽ നെല്ല്, ഏത്തവാഴ എന്നിവയും കൃഷി ചെയ്തു വരുന്നു. പീഠഭൂമികളിലെ പൂത്താടകൃഷി ഇന്ന് നാമമാത്രമായിക്കൊണ്ടിരിക്കുന്നു. മറ്റു കാർഷികമുറകൾക്ക് മാറ്റമില്ല.

വളപ്രയോഗം

കൃഷിഭവൻ മുഖാന്തിരം ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് മണ്ണ് പരി ശോധന ഒരു പരിധിവരെ നടക്കാറുണ്ട്. എന്നാൽ ആവശ്യകതയുമായി തട്ടിച്ചു നോക്കുമ്പോൾ അപര്യാപ്തമാണ് എന്ന് കാണാം. എന്നാൽ മണ്ണ് പരിശോധനാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയ വളപ്രയോഗം ചുരുക്കം കൃഷി ക്കാർ മാത്രമാണ് അവലംബിക്കുന്നത്. ജൈവവളപ്രധാനമായിരുന്ന മുൻകാല കൃഷിരീതികളിൽ നിന്ന് മാറി അശാസ്ത്രീയ മായ രാസവളപ്രയോഗത്തിൽ അധിഷ്ഠിത മായ പുതിയ സമ്പ്രദായം മണ്ണിൻെറ ഫലഭൂയിഷ്ഠതയെ പ്രതികൂലമായി ബാധി ക്കുന്നു. ശീമക്കൊന്ന പോലെയുള്ള പച്ചില വളച്ചെടികൾ വെച്ചു പിടിപ്പിക്കുന്ന പ്രവണത ഇന്ന് കണ്ടു വരുന്നില്ല. ജൈവവളം ഉല്പാദനത്തിൻെറയും ഉപഭോഗത്തിൻെറയും കൃത്യമായ കണക്കുകളൊന്നും ലഭ്യമല്ല. രാസവള കീടനാശിനി വിപണന ത്തിൻെറ കണക്കുകൾ ലഭ്യമാണ്.

1993-94

രാസവളം	കീടനാശിനി
3,88,800 Kg	6249 Kg
	221Lts

1994-95

രാസവളം	കീടനാശിനി
3,20,490 Kg	1017 Kg
	197Lts

1995-96

രാസവളം	കീടനാശിനി
3,52,890Kg	3002Kg
	208 Lts

(അവലംബം- കൃഷിഭവൻരേഖ)

രാസവള ഉപയോഗത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കരുതാൻ വയ്യെന്നാണ് മേൽ സൂചിപ്പിച്ച കണ ക്കുകൾ ബോധ്യപ്പെടുത്തുന്നത്. 1993-94ൽ നിന്ന് 96ലേക്ക് എത്തുമ്പോൾ വളപ്ര യോഗ തോത് കുറയുന്നതായി കാണാം. രാസ വളവില വർദ്ധനവിൻെറ പ്രത്യാഘാതമാണ് ഇത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

കാർഷിക ഉപകരണങ്ങൾ

നെൽ കൃഷിയോട് പ്രാദേശിക തലത്തിൽ കാണുന്ന വിമുഖതയുടെ പ്രധാന കാരണങ്ങളിൽ ഒന്ന് കർഷകതൊഴിലാളികളുടെ ക്ഷാമമാണ്. മറ്റൊന്ന് നിലം യഥാസമയം ഉഴുതു ലഭിക്കുന്നതിൽ നേരിടുന്ന പ്രയാസങ്ങളും. ഈ പ്രതിസന്ധിയെ മുറിച്ചു കടക്കുന്നതിന്റെ ഭാഗമായി യന്ത്രവൽകൃത സംവിധാനങ്ങൾ കാർഷികരംഗത്ത് കടന്നു വരുന്നതിന് തുടക്കം കുറിച്ചു. പരമ്പരാഗത കൃഷി ഉപകരണമായ കലപ്പകൾക്ക് പകരം ടില്ലർ ഉപയോഗം വളരെ വേഗം ശക്തിപ്പെട്ടു.

ഇന്ന് പഞ്ചായത്ത് അതിർത്തിക്കകത്ത് വ്യാപിച്ച യന്ത്രോപകരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഉപകരണങ്ങൾ	എണ്ണം
ട്രാക്ടർ	1
ടില്ലർ	17
മെതിയന്ത്രം	1
റോക്ക് സ്പ്രെയർ	36
നാപ്സ്റ്റോക്ക് സ്പ്രെയർ	150
പോർട്ട്ബൾ പമ്പ്സെറ്റ്	840
തെങ്ങ് കയറ്റയന്ത്രം	2

മേൽചേർത്ത പട്ടിക സൂചിപ്പിക്കുന്നത് സസ്യസംരക്ഷണ ഉപകരണങ്ങൾ ആവശ്യത്തിന് മതിയാവില്ലെന്നതാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം നിലവിലുണ്ട് എങ്കിലും തെങ്ങ് കയറ്റയന്ത്രം സൗകര്യപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയായ്മ, അവയുടെ എണ്ണക്കുറവിൽ നിന്ന് ദൃശ്യമാവുന്നു. കർഷക തൊഴിലാളികളുടെ ക്ഷാമം നടീൽ യന്ത്രം പോലുള്ളവയുടെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. എന്നാൽ ശ്രദ്ധിക്കേണ്ട പ്രധാനകാര്യം പുരയിട കൃഷിയിൽ ഉപയോഗിക്കാൻ പറ്റുന്ന ചെറുയന്ത്രങ്ങൾ ഇപ്പോഴും മാർക്കറ്റിൽ ലഭ്യമല്ലെന്നതാണ്.

കൃഷിഭവൻ പ്രവർത്തനം

കൃഷിഭവനുപുറമെ കൃഷി വകുപ്പ് അസിസ്റ്റൻറ് ഡയരക്ടർ ഓഫീസും മയ്യിൽ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. കൃഷിഭവന്റെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടണം എന്ന് കർഷകർക്ക് ആഗ്രഹമുണ്ട്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം സഹായം എത്തിക്കുക എന്ന കൃഷിഭവന്റെ താത്പര്യം പൂർണ്ണതയിലെത്തേണ്ടതുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ പദ്ധതിയിനത്തിൽ ഈ പഞ്ചായത്തിനകത്ത് 17,28,650 രൂപ കൃഷിഭവൻ മുഖാന്തിരം ചിലവഴിക്കപ്പെട്ടിട്ടുണ്ട്. ജലസേചനത്തിനായി ചെലവഴിച്ച 2,37,000 രൂപക്ക് പുറമേയാണിത്. കശുമാവ്, കുരുമുളക്, തെങ്ങ്, നെല്ല് തുടങ്ങിയ കൃഷികൾക്കും പയർ, പച്ചക്കറി, മഞ്ഞൾ, കവുങ്ങ് തുടങ്ങിയ കൃഷികൾക്കും ഇന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഉണ്ട്.

പാടശേഖരങ്ങളിൽ യന്ത്രവല്ക്കരണം കൊണ്ടുവരുന്നതിന്റെ ഭാഗമായി കൃഷിഭവൻ മുഖേന 3,67,497 രൂപ സബ്സിഡി ഇനത്തിൽ നല്കപ്പെട്ടിട്ടുണ്ട്.

കാർഷിക വികസന പദ്ധതികളുടെ നടത്തിപ്പിൽ ബന്ധപ്പെട്ട സമിതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും ജനകീയമാക്കുകയും ചെയ്യണം. കൃഷിക്കാർക്ക് വിവിധ കാർഷികവൃത്തികളുമായി

ബന്ധപ്പെട്ട് ആവശ്യമായ ശാസ്ത്രസാങ്കേതിക നിർദ്ദേശങ്ങൾ യഥാവസരം ലഭ്യമാക്കാനുള്ള Agro-Clinicകൾ പോലുള്ള സംവിധാനങ്ങൾ കാര്യക്ഷമ മാക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

ജലസേചനം

1. മിക്ക ക്രോസ്ബാറുകൾക്കും പലകകൾ ഇല്ല. ഇവ സൂക്ഷിക്കുന്നതിനുള്ള സാമൂഹ്യസംവിധാനംഇന്ന് നിലവിലില്ല.
2. തോട്ടിലെ വെള്ളം കൃത്യമായി ഒഴുകിപ്പോകാത്തതിനാൽ വെള്ളക്കെട്ട് ഉണ്ടാവുന്നു. ഉദാ- കൈവയൽ
3. മൊത്തം ജലസേചനസംവിധാനം അപര്യാപ്തമാണ്.
4. പഴശ്ശി പ്രോജക്ട് വെള്ളം വേണ്ട സമയത്ത് ലഭിക്കുന്നില്ല. അസമയത്ത് തുറന്നു വിടുന്നു.
5. പുഴയിൽ നിന്ന് ഉപ്പു വെള്ളം കയറി കൃഷി നശിക്കുന്നു.
6. വയലുകളിൽ കൂടിയുള്ള പുതിയ റോഡുകളുടെ നിർമ്മാണം വെള്ളക്കെട്ടിന് കാരണമാവുന്നു.
7. കുളങ്ങൾ സംരക്ഷിക്കപ്പെടാത്തതിനാൽ ജലസേചനത്തിന് ഉപകരിക്കുന്നില്ല.
8. ജലസേചനത്തിന് പമ്പുസെറ്റ് സ്ഥാപിച്ചവർക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.
9. പച്ചക്കറി കൃഷിക്ക് ജലസേചനസൗകര്യം അപര്യാപ്തം.
10. നെൽപ്പാടങ്ങൾ നികത്തുന്ന പ്രവണതയുണ്ട്. ഉദാ- വേളം
11. നെൽവയലിൽ നിന്ന് മണ്ണ് എടുക്കുന്ന സമീപനം കാണുന്നു.
12. തരിശിടൽ പ്രവണതയുണ്ട്.(ചിലകേന്ദ്രങ്ങളിൽ).
13. മണ്ണ് പരിശോധന നടത്താൻ സംവിധാനം ഇല്ല.
14. ഒരേ പാടശേഖരത്തിൽ തന്നെ പലതരം വിത്തുകൾ ഉപയോഗിക്കുന്നു.
15. ഒരേ സമയത്തല്ലാത്ത മരുന്നു തളി,കീടനിയന്ത്രണം കാര്യക്ഷമമാക്കുന്നില്ല.
16. കീടനാശിനി തളിക്കാൻ സ്പ്രെയർ വേണ്ടത്ര കിട്ടുന്നില്ല.
17. വളപ്രയോഗമെന്നത് രാസവളപ്രയോഗത്തിൽ ഒതുങ്ങുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നു.
18. 220Kv അകപിസിഷൻ പ്രതിഫലം കൃഷിക്കാർക്ക് ലഭിച്ചില്ല.
19. കർഷകതൊഴിലാളികൾ, തെങ്ങുകയറ്റതൊഴിലാളികൾ എന്നിവരെ ആവശ്യത്തിന് കിട്ടാനില്ല.
20. പഞ്ചായത്തിലാകെ തൊഴിലാളികളുടെ കൂലി ഏകീകരണം ഇല്ല.
21. കൃഷിഭവൻ ആനുകൂല്യങ്ങൾ ശരിയാംവിധം ലഭിക്കുന്നില്ല.
22. വൈദ്യുതിലൈനിന് അകപയർ ചെയ്ത സ്ഥലത്ത് പുതിയ കൃഷി ചെയ്യുന്നതിന് കഴിയുന്നില്ല.
23. കൃഷിഭവൻ മുഖാന്തിരം പാടശേഖരങ്ങൾക്ക് അനുവദിച്ച ടില്ലറുകൾ സ്വകാര്യവ്യക്തികളുടെ താത്പര്യത്തിന് ഉപയോഗിക്കുന്നു.
24. കേര-കുരുമുളക് സംരക്ഷണ സമിതികളുടെ പ്രവർത്തനം സജീവമല്ല.

സാധ്യതകൾ നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ നാലു ക്രോസ്ബാറുകൾ വള്ളിയോട്ട്, ബാലിയേരി, കോട്ടയാട്, പെരുവങ്ങൂർ പലക സൂക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനവും പുതിയ പലകകൾ ഉണ്ടാക്കുകയും വേണം.


- കോക്രോൻ താഴെ വി.സി.ബി. വേണം. അരയിടംവയൽ ചെമ്പൻ കുമാരന്റെ വീടിന് താഴെ വി.സി.ബി. നിർമ്മിക്കണം.

- കോരമ്പേത്ത് താഴെ തടയണ വേണം.
- മുട്ടുകണ്ടിപ്പുഴക്ക് അണക്കെട്ട് സ്ഥാപിക്കണം.
- പുളിയാലത്താഴെ, മഠത്തിലെ താഴെ, കീപ്പിലപ്പാടി താഴെ ചേപ്രത്ത്, നണിയൂർ നമ്പ്രം എന്നിവിടങ്ങളിൽ വി.സി.ബി വേണം.
- മാനന്തേരിചാൽ ആണി വീതികൂട്ടി വെള്ളം ഒഴുകുന്നതിന് സൗകര്യം ഉണ്ടാക്കണം.
- പെരുമാച്ചേരി വയലിന്റെ കിഴക്ക് ഭാഗത്ത് കൈത്തോട് വൃത്തിയാക്കണം.
- കാനത്തുംമൂല മുതൽ നെല്ലിക്കപ്പാലം വരെ തോട് വൃത്തിയാക്കണം.
- മയ്യിൽ അണക്കെട്ടിനും വള്ളിയോട്ട് വയലിനും കൈത്തോട് നിർമ്മിക്കണം.
- പുല്ലുംചിറ പദ്ധതി നടപ്പിലാക്കണം.
- ആലുംകടവ് പദ്ധതി നടപ്പിലാക്കണം.
- പെരുവങ്ങൂർ വയൽതോട് ആഴവും വീതിയും കൂട്ടി തോടിനു സമാന്തരമായി ഫാം റോഡ് നിർമ്മിക്കണം.
- പെരുവങ്ങൂർ- വലാച്ചിറ വയൽമുതൽ വയൽതോടു വരെ ആണിത്തോടു നിർമ്മിക്കണം.
- ഇരുവാപ്പുഴനമ്പ്രം ചീരാച്ചേരി ഭാഗത്ത് തോട് ആഴവും വീതിയും കൂട്ടുക.
- കണ്ണങ്കൈ വയലിൽ പുഴ വരെ കൈത്തോട് നിർമ്മിക്കുക
- വില്ലേജ് ഓഫീസിനു താഴെ വലിയ തോടിന്റെ വശം ഉയർത്തണം.
- കൈവയലിൽ ചിറ്റാരി, കോട്ടത്തിൽ താഴെ, കപ്പാലത്തിന് താഴെ, കുതിലേരി, കോയംകുററി, കുടുവൻ തോട് എന്നീ സ്ഥലങ്ങളിൽ ബണ്ട് നിർമ്മിക്കുക
- എരിഞ്ഞിക്കടവ് മുതൽ കപ്പാലം വരെ തോട് ആഴം കൂട്ടി സൈഡ് കെട്ടുക. ആവശ്യമുള്ള സ്ഥലത്ത് ക്രോസ്ബാർ നിർമ്മിക്കുക.
- വെള്ളംകോട്ടം വയൽതോട് വലിയ തോടിനോട് ബന്ധിപ്പിക്കുക.
- ചെക്ക്യാട്ട്കാവിലുള്ള കൂളിക്കുണ്ടിൽ കിണർ കുഴിച്ച് ജലസേചനത്തിനായിഉപയോഗിക്കുക.
- ചെക്യാട്ടുകാവിൽ നിന്നും വരുന്ന തോട് വീതികൂട്ടുക.
- ചാല വയൽ തോടിനോടനുബന്ധിച്ച് തേണത്തും താഴെ ചീർപ്പ് പണിയുകയും മുണ്ടോൻ വയലിലേക്ക് കൈത്തോട് പണിയുകയും ചെയ്യുക.
- പടിഞ്ഞിറ്റാം വളപ്പുമുതൽ ചെക്യാട്ടുകാവു വരെയുള്ള തോട് ആഴവും വീതിയും കൂട്ടുക.
- കണ്ടക്കൈ വയലിൽ ഒടോലെ താഴെ ക്രോസ്ബാർ നിർമ്മിക്കുക.
- കണ്ടക്കൈതോടിന് പുഴ വരെ സൈഡ് കെട്ടുക.
- കോട്ടയാട് വയലിൽ നിറമണിക്കുണ്ട് വയലിൽ നിന്ന് വെള്ളം ഒഴിഞ്ഞുപോവാൻ തോട് നിർമ്മിക്കുക.
- കോട്ടയാട്ട് തോടിന് രണ്ട് സ്ഥലങ്ങളിൽ ക്രോസ്ബാർ നിർമ്മിക്കണം.
- പറശ്ശിനിക്കടവ് നീർപ്പാലത്തിന് താഴെ ഷട്ടർ നിർമ്മിച്ച് പുഴയിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് തടയണം.
- കോട്ടയാട് വയലിൽ പമ്പ്സെറ്റ് സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കണം.
- ചെക്കിയിലിടത്ത് ഭാഗത്ത് പമ്പ്സെറ്റ് സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തണം.
- പഴശ്ശി കനാൽ വെള്ളത്തിന് കലണ്ടർ ഓഫ് ഓപ്പറേഷൻ ഉണ്ടാക്കണം.
- പഴശ്ശി കൈകനാൽ പൊളിഞ്ഞ ഭാഗം റിപ്പയർ ചെയ്യണം.
- കൃഷിവേന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ സമയ ബന്ധിതമാക്കണം. നടീൽ സാമഗ്രികൾ സമയത്തിന് ലഭ്യമാക്കണം.

- ടില്ലർ റിപ്പേർ ചെയ്യുന്നതിന് പഞ്ചായത്തിൽ സർവീസ് സെൻറർ സ്ഥാപിക്കണം.
- മയ്യിൽ ബേങ്കിൻെറ ആഗ്രോസർവ്വീസ് സെൻറർ കാര്യക്ഷമമാക്കണം.
- മുല്ലക്കൊടി ആഗ്രോസർവ്വീസ് സെൻറിൻെറ പ്രവർത്തനംകാര്യക്ഷമമാക്കണം.
- വളം ഡിപ്പോകൾ വഴി സ്പ്രെയർ വാടകക്ക് കൊടുക്കുവാനുള്ള സൗകര്യം ഉണ്ടാവണം.
- ജൈവവളകൃഷി വ്യാപകമായി നടപ്പിലാക്കണം.
- മണ്ണ് പരിശോധനാ സൗകര്യം വ്യാപകമാക്കി ശാസ്ത്രീയ വളപ്രയോഗത്തിന് ഊന്നൽ നല്കണം.
- ജലസേചനാവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിച്ചവർക്ക് വൈദ്യുതി ലഭ്യ മാക്കണം.
- 5-10 വാർഡിലെ മിച്ചഭൂമി കൃഷിക്ക് അനുയോജ്യമാക്കണം.
- കൈവയൽ, കൃഷിക്ക് അനുയോജ്യ മാക്കണം.
- വാഴകൃഷിക്ക് പ്രോത്സാഹനം നല്കണം. കാർഷിക മേഖലയിൽ യന്ത്രവല്ക്കരണം (ഞാറുനടൽ, കൊയ്ത്ത്, മെതി) ആവശ്യമാണ്.
- ചെറുമീൻകുളം, കട്ടൂർ അമ്പലക്കുളം, ഒറവയൽകുളം, കൊട്ടപ്പോയിൽകുളം, കാവിൻമൂലയിലെ കാവിൽകുളം, മൂലക്കൽകുളം, കല്ലിക്കുളം, ചേയ്യായ്യടത്ത്കുളം, പുതുക്കൈ വയൽകുളം, പട്ടുവം വയൽകുളം, മഠത്തിൽകുളം, പുതിയ വീട്ടിൽക്ഷേത്രത്തിന് സമീപമുള്ള കുളം, മേച്ചേരി കരവയലിൽ പുതിയകുളം, പുതുക്കുടികുളം, മാമ്പയിൽ പള്ളിക്കുളം, മാതാംകുളം, കിളിയളം കഷണക്കുളം, ചെട്ടിച്ചൂർകുളം, പടിഞ്ഞാറ്റാം വളപ്പ്കുളം, ആശാരിക്കുളം, ചിലവയൽകുളം, വേക്കോട്ട് മൂലക്കുലം, മഠത്തിൽ താഴെകുളം, ചെക്യാട്ട് വെള്ളരികുളം, കണ്ണോത്ത് കുളം, മഞ്ഞേരിക്കുളം, മാടോളിത്താഴെകുളം എന്നീ കുളങ്ങൾ റിപ്പേർ ചെയ്യുകയും ആവശ്യമായിടങ്ങളിൽ ആഴവും വീതിയും കൂട്ടുകയും ചെയ്യുക.
- പൊയ്യൂർ, കോറലായി വയൽ, പഞ്ഞാറ്റിൽവയൽ, കാലടിവയൽ, കീഴാലംവയൽ, കോട്ടയാട് വടക്കെ വയൽ, കണ്ണങ്കൈവയൽ എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ സ്ഥാപിക്കണം.

- വായനശാല പൊതുകിണർ ആഴംകൂട്ടി വൃത്തിയാക്കണം.
- വേളം കിഴക്കെവയലിൽ കിണറും പമ്പുസെറ്റും വേണം.
- മുല്ലക്കൊടി ജലസേചന പദ്ധതി ക്കായുള്ള പമ്പുസെറ്റ് കാര്യക്ഷമ മാക്കണം.
- കൈവയലിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ മണ്ണെടുക്കുന്നത് തടയണം.
- 9-10 വാർഡിലെ പുഴയോരത്തുള്ള പുറമ്പോക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും പാട്ടത്തിന് കൊടുക്കുവാൻ നടപടി സ്വീകരിക്കുകയും വേണം.
- പുഴയുടെ കരയിടിച്ചിൽ തടയണം, പുറമ്പോക്ക് ഭൂമി സംരക്ഷിക്കണം.
- കോട്ടയാട് വയലിൽ വേണം.
- പാടശേഖര കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- കശുമാവ് സംരക്ഷണകേന്ദ്രം സ്ഥാപിക്കണം.
- പഞ്ചായത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന കമുക്-കുരുമുളക് കൃഷികൾ പുനരുദ്ധരിക്കാൻ പദ്ധതികൾ തയ്യാറാക്കണം.
- പഞ്ചായത്തിൻെറ സ്വന്തം സ്ഥലത്ത് തെങ്ങ്കൃഷി നടത്തണം.





5-2 മൃഗസംരക്ഷണം

കാർഷികമേഖലയായ മയ്യിൽ പഞ്ചായത്തിൽ മറ്റ് കാർഷികമേഖലക്ക് കൊടുത്തു വന്നിരുന്ന പ്രാധാന്യം മൃഗസംരക്ഷണമേഖലയിൽ അടുത്ത കാലംവരെ കിട്ടിയിരുന്നില്ല. എന്നാൽ കന്നുകാലിവളർത്തലും മറ്റും മുഖ്യതൊഴിലായി സ്വീകരിക്കുന്നരീതി ചില കുടുംബങ്ങളെങ്കിലും അവലംബിക്കാൻ തുടങ്ങിയിട്ടുണ്ട്.

കന്നുകാലിവളർത്തൽ

1970കൾക്കുമുമ്പ് ഈ പ്രദേശത്തെ ഭൂരിഭാഗം കന്നുകാലികളും നാടൻ ഇനത്തിൽപെട്ടവയായിരുന്നു. വളരെ കുറഞ്ഞ ഉല്പാദനക്ഷമത മാത്രമുള്ളവ. അടുത്ത കാലത്തായി സങ്കരയിനം കന്നുകാലികളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണം താഴെ കൊടുക്കുന്നു.

കറവപ്പശു - 2773
കറവ ഇല്ലാത്തവ - 241
കിടാരി - 512
എരുമ - 1

ഇതിൽ വർഗഗുണമുള്ള സങ്കരയിനം പശുക്കളുടെ എണ്ണം പ്രാദേശികമായി അസന്തുലിതമാണ്. 1960ൽ കണ്ടക്കൈ മൃഗാസ്പത്രി സ്ഥാപിതമായതോടെ വേളം, കണ്ടക്കൈ, കയരളം, മയ്യിൽ തുടങ്ങിയ പ്രദേശങ്ങളിൽ സങ്കരയിനം കാലിവളർത്തൽ വ്യാപകമായി. 1972 മുതൽ പ്രത്യേക തൊഴിൽദാനപദ്ധതി മുഖേന നടപ്പിലാക്കിയ വർഗോദ്ധാരണ പ്രവർത്തനവും പഞ്ചായത്തിലെ കന്നുകാലികളുടെ വർഗഗുണം മെച്ചപ്പെടുത്തുന്നതിന് സഹായകമായി. എങ്കിലും മുല്ലക്കൊടി, ചെറുപഴശ്ശി മേഖലകളിൽ ഈ മാറ്റം ഇനിയും പ്രകടമായിട്ടില്ല.

60% സങ്കരവർഗ്ഗ പശുക്കളുണ്ടായിട്ടും പാൽ ഉല്പാദനരംഗത്ത് നാം പിന്നോക്കം തന്നെയാണ്. ഇവിടുത്തെ ഉല്പാദനക്ഷമത 3 ലിറ്റർ മുതൽ 10 ലിറ്റർ വരെയാണ്. 10 ലിറ്ററിന് മുകളിൽ പാൽ ഉല്പാദിപ്പിക്കുന്ന പശുക്കൾ വളരെ കുറവാണ്. ശരാശരി ഉല്പാദനം 5 ലിറ്ററാണെന്നു കാണാം.

കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ ഗുണക്കുറവും വിലക്കയറ്റവുമാണ്. അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഗുണം കുറഞ്ഞ കാലിത്തീറ്റ ഉപയോഗിക്കേണ്ടി വരുന്ന സ്ഥിതിയിൽ മാറ്റം വരേണ്ടതുണ്ട്. വൈക്കോൽ ആവശ്യത്തിന് കിട്ടാത്തതും വിലക്കൂടുതലുമാണ് അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിസന്ധി. കൃഷിഭവൻ കണക്കനുസരിച്ച് 8000-9000 ടൺ വൈക്കോൽ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. അതേ സമയം പേട്ടപ്പുല്ല് ഇറക്കുന്ന അവസ്ഥയും ഇവിടെയുണ്ട്.

തീറ്റപ്പുൽ കൃഷിചെയ്യുന്ന സമ്പ്രദായം ഇവിടെ കാര്യമായി ആരും സ്വീകരിച്ചിട്ടില്ല. കാലിത്തീറ്റകളുടെ അപര്യാപ്തത, ഉല്പന്നങ്ങളുടെ വിലക്കുറവ്, കന്നുകാലികളിലും മറ്റു വളർത്തു മൃഗങ്ങളിലുമുണ്ടാകുന്ന രോഗങ്ങൾ എന്നിവ കർഷകരെ, ഈ രംഗത്തു നിന്നും പിന്നോക്കം വലിക്കുന്നു. എന്നാൽ പകർച്ചവ്യാധികൾ പഞ്ചായത്തിൽ പൊതുവെ കുറവാണെന്നു പറയാം.

മൃഗാസ്പത്രി രേഖകളനുസരിച്ച് 1995-96 ലെ രോഗ ചികിത്സാ വിവരം താഴെ കൊടുക്കുന്നു.

കന്നുകാലിരോഗങ്ങൾ-പട്ടിക

രോഗങ്ങൾ	പശു	ആട്	കോഴി
1. ദഹനസംബന്ധമായവ	960	120	750
2. ശ്വാസകോശസംബന്ധം	84	10	900
3. ഉപാപമയസംബന്ധം	50	-	-
4. തൊക്ക്രോഗങ്ങൾ	150	-	-
5. ധാതുലവണഅഭാവം	250	10	-
6. പരാദരോഗങ്ങൾ	300	15	250
7. പ്രത്യുല്പാദനസംബന്ധം	186	-	-
8. വന്ധ്യത 350	-	-	
9. അകിടുവീക്കം	40	5	-
10. മുടന്തൻപനി	200	-	-
11. പകർച്ചവ്യാധികൾ	-	-	-

അടുത്തകാലത്ത് ക്ഷീരോല്പാദക സഹകരണസംഘം ആരംഭിച്ചതോടെ നിരവധി പേർ പുതുതായി കാലിവളർത്തൽ മേഖലയിലേക്ക് വന്നിട്ടുണ്ട്.

1964ൽറജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച പ്രസ്തുത സൊസൈറ്റി ഇട ക്കാലത്ത് പ്രവർത്തന രഹിതമായി. എന്നാൽ സേവനതല്പരരായ ചിലർ 1986 ൽ അതിനെ പുനരുജ്ജീവിപ്പിക്കുകയും പ്രവർത്തന നിരതമാക്കുകയും ചെയ്തു. ഇന്ന് സൊസൈറ്റി ഇരുന്നോറോളം മെമ്പർമാരിൽ നിന്ന് പ്രതിദിനം 500 ലിറ്റർ പാൽ ശേഖരിച്ച് വിതരണം ചെയ്തുവരു ന്നുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ വനിതകൾ നടത്തുന്ന ഒരു ക്ഷീരോല്പന്ന യൂനിറ്റും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ കടൂരിൽ വനിതകളുടെ ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ അടുത്ത കാലത്ത് ക്ഷീരോല്പന്നയൂനിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആളോഹരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ പ്രതിദിനം 4500 ലിറ്റർ എങ്കിലും പാൽ വേണ്ടി വരും. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് പാലിനുള്ള ഡിമാൻറ് വർധിച്ചു കൊണ്ടുമിരിക്കുന്നു. 3000 ലിറ്ററിൽ താഴെ മാത്രമാണ് നമ്മുടെ പാൽ ഉല്പാദനം. ഒരു മാസത്തിൽ ശരാശരി 2000 കി.ഗ്രാം പാൽപ്പൊടി മയ്യിൽ ടൗണിൽ മാത്രം വിറ്റഴിക്കപ്പെടുന്നു. ഇത് 14000 ലറ്റർ പാലിനു തുല്യമാണ്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് കന്നുകാലി വളർത്തൽ രംഗത്തുള്ള സാധ്യതകളാണ്.

<u>ആട്, പന്നി, മുയൽ വളർത്തൽ</u>

മാംസത്തിനുവേണ്ടിയുള്ള പന്നി, മുയൽ വളർത്തൽ പഞ്ചായത്തിൽ ഇല്ല. 1987 ലെ സർവ്വെ പ്രകാരം 300 ആടുകൾ പഞ്ചായത്തിൽ ഉണ്ടെന്നാണ് കണക്ക്. കന്നുകാലിവളർത്തലിനെ അപേക്ഷിച്ച് ലാഭകരമാണെങ്കിലും ആടുവളർത്തൽ വ്യാപകമായിട്ടില്ല. ആട്ടിറച്ചിക്ക് നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഡിമാൻറ് കാണിക്കുന്നത് ഈ മേഖലയിലുള്ള പുതിയ സാധ്യതകളാണ്.

<u>കോഴിവളർത്തൽ</u>

ഇറച്ചിക്കോഴികളെ വളർത്തുന്ന എട്ട് യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്. ഒരു തൊഴിൽമേഖല എന്ന നിലയിൽ തന്നെ പ്രവർത്തിക്കുന്നവയാണ് അവ. ഓരോ ആഴ്ചയിലും ആയിരത്തിലധികം കോഴികളെ ഈ യൂണിറ്റുകളിൽ നിന്ന് മാർക്കറ്റിൽ അയക്കുന്നുണ്ട്. സ്വകാര്യ ഹാച്ചറികളിൽ നിന്ന് കുഞ്ഞുങ്ങളെ വാങ്ങേണ്ടി വരുന്നതും ഗുണം കുറഞ്ഞ തീറ്റ വാങ്ങേണ്ടി വരുന്നതും, ഇറച്ചിക്കോഴികളുടെ കമ്പോളം നിയന്ത്രിക്കുന്നത് സ്വകാര്യ മേഖലയാണെന്നതും കോഴിവളർത്തൽ യൂനിറ്റുകളെ പ്രതിസന്ധിയിലെത്തിക്കുന്നു.

നാടൻ ഇനത്തിൽപ്പെട്ട 7000ത്തോളം മുട്ടക്കോഴികൾ പഞ്ചായത്തിലുണ്ട്. പക്ഷേ ഉല്പാദന ക്ഷമത കൂടിയ മുട്ടക്കോഴികളെ വളർത്തുന്ന സമ്പ്രദായം കുറവാണ്.

2500ലേറെ മുട്ടകൾ ദിനംപ്രതി മയ്യിൽ ടൗണിൽ മാത്രം വിറ്റഴിക്കപ്പെടുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയാണിവ. ഇറച്ചിക്കോഴിയൂനിറ്റുകളെപ്പോലെ തന്നെ മുട്ടക്കോഴി വളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

<u>മൃഗാശുപത്രി പ്രവർത്തനം.</u>

പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്ത് പരിമിതമെങ്കിലും മോശമല്ലാത്ത തരത്തിൽ ജനശ്രദ്ധ തിരിച്ചു വിടാൻ ഇവിടെയുള്ള മൃഗാശുപത്രി വഹിച്ച പങ്ക് നിർണ്ണായകമാണ്.

കയരളം വില്ലേജിലുള്ള വേളം പൊതുജന വായനശാലക്കടുത്താണ് കണ്ടക്കൈ മൃഗാശുപത്രി പ്രവർത്തിക്കുന്നത്. 1960ൽ ഇരിക്കൂർ ബ്ലോക്കിന്റെ കീഴിൽ ആരംഭിച്ച ഈ സ്ഥാപനം 1968ൽ ഡിപ്പാർട്ട്മെൻറ് ഏറ്റെടുത്തു. 30 സെൻറ് സ്ഥലത്ത് സ്വന്തമായ കെട്ടിടമുണ്ട്. വെറ്റിനറി ഡോക്ടർ ഉൾപ്പെടെ 3 ജീവനക്കാർ ഉണ്ട്. കൃത്രിമ ബീജസങ്കലനം, പ്രതിരോധ

കുത്തിവെപ്പ്, ചികിത്സ, വിവിധ സ്കീമുകൾ നടപ്പാക്കൽ, ഗോരക്ഷാ കേമ്പുകൾ സംഘടിപ്പിക്കൽ, കന്നുകാലിപ്രദർശനം സംഘടിപ്പിക്കൽ എന്നിവ ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുള്ളവർക്കും ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കടൂർ, ചെറുപഴശ്ശി, പെരുമാച്ചേരി, മുല്ലക്കൊടി, നണിയൂർനമ്പ്രം എന്നിവിടങ്ങളിലുള്ളവർക്ക് ആശുപത്രിയിൽ എത്തിച്ചേരാൻ 5 കിലോ മീറ്ററിലേറെ സഞ്ചരിക്കേണ്ടി വരുന്നു.

മത്സ്യബന്ധനം.

മയ്യിൽ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് 12 കി.മീ. നീളത്തിൽ പുഴയാണ്. പുഴയിൽ നിന്ന് മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. വല ഉപയോഗിക്കു ന്നതിനു പകരം തോട്ട ഇട്ടുകൊണ്ടാണ് മത്സ്യബന്ധനം ഇപ്പോൾ നടക്കുന്നത്. പുഴയുടെ കര ഇടിയുന്നു എന്നു മാത്രമല്ല, മത്സ്യകുഞ്ഞുങ്ങളുടെ വ്യാപ കമായ നാശവും ഇതുമൂലമുണ്ടാ വുന്നു. തോട്ടയിടലിനെതിരെയുള്ള ചെറുത്ത് നില്പ് ചിലപ്പോഴൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും, പൂർണ്ണമായി ഇല്ലാതാക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.


ശുദ്ധജല മത്സ്യകൃഷിക്ക് വളരെ സാധ്യതയുള്ള ഒരു പ്രദേശമാണ് മയ്യിൽ. 52 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 12 എണ്ണംവറ്റാത്തവയാണ്. ഈ കുളങ്ങളും മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നവയാണ്. നമുക്കാവശ്യമായ മത്സ്യം ഇവിടെ നിന്നു തന്നെ ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾക്ക് പ്രസക്തിയുണ്ട്.

പ്രശ്നങ്ങൾ

1.പശുവളർത്തലിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നില്ല.
2.കാലിത്തീറ്റകളുടെയും കോഴിത്തീറ്റകളുടെയും വില ക്രമാതീതമായി കൂടുന്നു.
3.പശുസംരക്ഷണച്ചെലവുമായി താരതമ്യപ്പെടുത്തിയാൽ പാൽ വില കുറവാണ്.
4. പശുക്കൾക്ക് പെട്ടെന്നുണ്ടാവുന്ന രോഗങ്ങളും മരണവും കർഷകർക്ക് താങ്ങാവുന്നതിലേറെയാണ്.
5.നല്ലയിനം പശുക്കൾക്ക് വലിയ വില കൊടുക്കേണ്ടി വരുന്നു.
6.പേപ്പട്ടിശല്യം ഗൗരവമായ ഭീഷണി തന്നെയാണ്.
7.മൃഗാശുപത്രിയുടെ സേവനം എല്ലാപ്രദേശത്തുകാർക്കും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
8.നല്ലയിനം മുട്ടക്കോഴികളെ വളർത്തുന്നതിലും ആടുവളർത്തുന്നതിലും വൈമുഖ്യം കാട്ടുന്നു.

സാധ്യതകൾ

1.കന്നുകാലി വളർത്തലിനുള്ള വായ്പാ പദ്ധതി കൂടുതൽ ഉദാരമാക്കുക.
2.കന്നുകാലി ഇൻഷ്വറൻസ് വ്യാപകമാക്കണം
3.ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം.
4.കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.
5.കാലിത്തീറ്റ നിർമ്മാണ യൂനിറ്റിന് സാധ്യതയുണ്ട്.
6.ആടുവളർത്താൻ പ്രത്യേക പദ്ധതി വേണം.
7.പച്ചപ്പുൽകൃഷി വ്യാപകമാക്കണം. പാൽസൊസൈറ്റി തന്നെ സ്ഥലം പാട്ട ത്തിന് വാങ്ങി പുൽകൃഷി നടത്താ വുന്നതാണ്.
8. ഇറച്ചി-മുട്ട ഉല്പാദനം വർദ്ധിപ്പി ക്കുന്നതിന് ഒരു സഹകരണ സൊസൈറ്റി ഉണ്ടാ വേണ്ടതാണ്.
9.കാലിത്തീറ്റയുടെ ഗുണപരിശോധനാ സംവിധാനം വേണം.
10.ഗോബർഗ്യാസ് നിർമ്മാണയൂനിറ്റ് തുടങ്ങാവുന്നതാണ്.
11. മത്സ്യകൃഷിക്കുള്ള സാധ്യതകൾ പരിശോധിക്കുക



5-3 വ്യവസായം

വ്യവസായരംഗത്ത് വളരെ പിന്നോക്കം നില്ക്കുന്ന ഗ്രാമപഞ്ചായത്താണ് മയ്യിൽ. അസംസ്കൃതസാധനങ്ങളുടെയും സ്ഥലലഭ്യതയുടെയും കാര്യത്തിൽ അനുകൂല സാഹചര്യമുണ്ടായിട്ടും വ്യവസായസംരംഭങ്ങൾ ഉയർന്നുവന്നില്ല. ആധുനിക വ്യവസായത്തിന്റെ കാര്യത്തിൽ പശ്ചാത്തലസൗകര്യങ്ങളുടെ അഭാവം പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നു. കാർഷികരംഗത്തെ മുരടിപ്പും വളർന്നുവരുന്ന തൊഴിലില്ലായ്മയും വ്യവസായ വത്ക്കരണത്തിന്റെ ആവശ്യകതയെ വർദ്ധിപ്പിക്കുന്നു.

പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കൈത്തറി, പായനെയ്ത്ത് എന്നിവയും, ചെറുകിട വ്യവസായമേഖലയിലുൾപ്പെടുന്ന ഏതാനും യൂനിറ്റുകളുമാണ് പഞ്ചായത്തിലെ ആകെയുള്ള വ്യവസായ സംരംഭങ്ങൾ.

പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് നമ്മുടെ പഞ്ചായത്തിലെ പ്രധാന തൊഴിൽമേഖലകളിൽ ഒന്നാണ്. ചെങ്കൽ, കരിങ്കൽ എന്നീ മേഖലകളാണ് മറ്റ് പ്രധാന തൊഴിൽസ്രോതസ്സുകൾ. മയ്യിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പതിനേഴ് 17 ഇനങ്ങളിലായി അറുപത് വ്യവസായ യൂനിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ മൊത്തം തൊഴിൽ ശേഷിയുടെ പതിനെട്ടു ശതമാനം വരുന്ന ആയിരത്തിമുന്നൂറ്റി മുപ്പത്തി രണ്ടു പേർ ഈ യൂനിറ്റുകളിൽ തൊഴിലിൽ ഏർപ്പെടുന്നു.

പട്ടിക 1

ഇനം	സഹകരണ മേഖല	സ്വകാര്യമേഖല	തൊഴിലാളികളുടെ എണ്ണം
കൈത്തറി	121	77	198
പായനെയ്ത്ത്	-	52	52

അവലംബം-സാമൂഹ്യസാമ്പത്തികസർവ്വെ

കൈത്തറി, പായനെയ്ത്ത് എന്നീ പരമ്പരാഗത തൊഴിൽ സംരംഭങ്ങളിൽ കൈത്തറി സഹകരണമേഖലയിലും സ്വകാര്യമേഖലയിലും കമ്പനികളായി വികസിച്ചു വന്നിട്ടുണ്ട്.

യന്ത്രത്തറികൾ ഈ അടുത്ത കാലത്തായി നമ്മുടെ പ്രദേശത്ത് ഉയർന്നു വന്നിട്ടുണ്ട്. 7 യൂനിറ്റുകളിലായി 24 യന്ത്ര ത്തറികളാണ് നിലവിലുള്ളത്. കടൂർ, ചെറുപഴശ്ശി തുടങ്ങിയ പ്രദേശങ്ങളിൽ കൈത്തറി ഒരു പ്രധാന തൊഴിലായി ഉയർന്നുവന്നിരുന്നു. അടുത്ത കാല ത്തായി വന്ന ഈ രംഗത്തെ യന്ത്രവ ല്കരണം ഈ മേഖലയിൽ തൊഴിൽ സാധ്യതക്ക് ഉടവുണ്ടാക്കിയിട്ടുണ്ട്. കൈത്തറി രംഗത്ത് 198 പേർ ജോലി ചെയ്യുന്നതിൽ 121 പേരും സഹകരണമേഖലയിലാണ്.

പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ അവരുടെ പരമ്പരാഗത തൊഴിലായ പായ നെയ്ത്തിൽ ഏർപ്പെട്ടി രിക്കുന്നു. വ്യവസായികാടിസ്ഥാന ത്തിലുള്ള ഉല്പാദന പ്രക്രിയ ഈ രംഗത്ത് നടക്കുന്നില്ലെങ്കിലും പ്രാദേശിക ആവശ്യങ്ങൾ ഒരു പരിധി വരെ നിറവേ റ്റപ്പെടുന്നു. ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഈ മേഖലയിൽ കണ്ടു വരുന്നുണ്ട്. തോടിൻെറ ഓരങ്ങളിൽ സമൃദ്ധമായി വളരുന്ന കൈതമുണ്ട പരമാവധി പ്രയോജനപ്പെടുത്തിയാൽ കൂടുതൽ പേർക്ക് തൊഴിൽസാധ്യതയുള്ള സംരംഭമാണിത്. സഹകരണാടിസ്ഥാനത്തിൽ ഇവരെ ഏകോപിപ്പിക്കേണ്ടതാണ്.

ക്രമ നമ്പർ	ഇനം	യൂനിറ്റുകളുടെ എണ്ണം
1	ചന്ദന ഫാക്ടറി	2
2	മരം ഫർണിച്ചർ സ്റ്റീൽ ഫർണിച്ചർ	752
3	പവർലൂം 24യന്ത്രത്തറികൾ	7
4	പാൽ ഉല്പന്ന നിർമ്മാണം	2
5	ആയുർവേദഔഷധ നിർമ്മാണം	2
6	റൈസ് ഫ്ലോർമില്ലുകൾ	14
7	ഓയിൽമില്ലുകൾ	2
8	കുമ്മായച്ചൂള	1

അവലംബം-ദ്വിതീയ വിവരശേഖരണം

മയ്യിൽ പഞ്ചായത്തിലെ വ്യവസായ യൂനിറ്റു കളുടെ പട്ടികയാണ് മുകളിൽ കൊടുത്തിരി ക്കുന്നത്. പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട 7 യൂനിറ്റു കളും ഭക്ഷ്യ-ഔഷധ മേഖല യിലുള്ള 22 യൂനിറ്റുകളും വസ്ത്രമേഖലയിൽ കൈത്തറി, യന്ത്രത്തറി യൂനിറ്റു കളുമാണുള്ളത്. ദ്വിതീയ മേഖല യിലുള്ള ആധുനിക വ്യവസായ സംരം ഭങ്ങൾ ഒന്നും തന്നെ ഇല്ലെന്നാണ് പട്ടിക കാണി ക്കുന്നത്. ഭക്ഷ്യസംസ്കരണ രംഗത്തുള്ള നമ്മുടെ സാധ്യതയെ ഒട്ടും തന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	വിള	വിസ്തൃതി	മൊത്തം ഉല്പാദനം
1	കശുമാവ്	590	3,31,200
2	മാവ്, പ്ലാവ്	503	544 ടൺ 75000
3	വാഴ	7ഹെക്ടർ	34,50,000

അവലംബം കൃഷിഭവൻ

മേൽപ്പട്ടിക സൂചിപ്പിക്കുന്നത് പഞ്ചായത്ത് വിസ്തൃതിയുടെ 1/3 ഭാഗത്ത് പഴവർഗ്ഗകൃഷി ചെയ്യുന്നുണ്ടെന്നാണ്.590 ഹെക്ടറിൽ വ്യാപിച്ചിട്ടുള്ള കശുമാവ് കൃഷിയുടെ മൊത്തം ഉല്പാദനത്തിന്റെ ഒരു ശതമാനം പോലും സംസ്കരിക്കുന്നില്ല. അതുപോലെ മാങ്ങ, ചക്ക തുടങ്ങിയ പഴങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുവേണ്ട സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പാൽ സംസ്കരണത്തിനും വിപണനത്തിനും വളരെയേറെ സാധ്യതകളുള്ള ഒരു പ്രദേശമാണ് മയ്യിൽഗ്രാമപഞ്ചായത്ത്. എന്നാൽ ഈ സാധ്യതകളെ വേണ്ട വിധം ഉപയോഗിക്കാൻ നാമിന്നും അറച്ചു നില്ക്കുന്നു. എങ്കിലും പുത്തൻ സംരംഭങ്ങൾ ഈ രംഗത്ത് ഉയർന്നു വരുന്നുണ്ട്. പാലിന്റെ ലഭ്യത വർദ്ധിപ്പിച്ചും പുറം വിപണി കണ്ടെത്തിയും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകാൻ ഈ സംരംഭത്തിന് കഴിയേണ്ടതുണ്ട്.

പഞ്ചായത്തിലെ കാർഷിക വൃത്തിയിൽ ഒന്നാം സ്ഥാനം തെങ്ങിനാണ്. കേരോല പന്നങ്ങളുടെ നിർമ്മാണത്തിനും വിപണന ത്തിനും ഏറെ സാധ്യത അതുമൂലം തന്നെ സംജാതമാവുന്നു. ഈ അടുത്ത കാലത്ത് രൂപീകൃതമായ മാരുതീ യന്ത്രവല്ക്കൃത ചകിരിവ്യവസായ സഹകരണ യൂനിറ്റാണ് ഈ രംഗത്തെ പഞ്ചായത്തിലെ ആദ്യ സംരംഭം. പ്രസ്തുത കമ്പനിയുടെ പണി പൂർത്തിയായി ഉടനെ പ്രവർത്തനം ആരംഭിക്കും എന്ന് കരുതുന്നു.

മരം/സ്റ്റീൽ ഫർണിച്ചർ രംഗത്ത് ഉള്ള 7 യൂനിറ്റുകളാണ് ഇന്ന് നിലവിലുള്ളത്. ഈ രംഗത്ത് 1961ൽ സ്ഥാപിതമായ കാർപെൻറി വർക്കേഴ്സ് സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിച്ചു വന്നതായിരുന്നു. ഇന്ന് ഇത് നിർജ്ജീവമാണ്. കെട്ടിടനിർമ്മാണരംഗത്ത് ഏറെ സംഭാവനകൾ ചെയ്യുവാൻ കഴിയുന്ന ഈ സൊസൈറ്റിയെ സജീവപ്പെടുത്തേണ്ടത് ആവശ്യമാണ്.

14 റൈസ് ഹ്ലോർ മില്ലുകൾ പ്രവർത്തിക്കു ന്നുണ്ട് എങ്കിലും ഒന്നും തന്നെ വ്യാവസായിക ഉല്പാദനം നടത്തി വരുന്നതായി കാണുന്നില്ല. ഒറ്റ് പ്രദേശങ്ങളിൽ നിന്ന് വരുന്ന ഉല്പന്നങ്ങളാണ് പ്രധാനമായും നമ്മുടെ പഞ്ചായത്ത് വിപണിയെ കൈയ്യടക്കി യിരിക്കുന്നത്. ഈ നില മാറ്റപ്പെടണം.

ആയുർവേദൗഷധ നിർമ്മാണരംഗത്ത് 4 യൂനിറ്റുകൾ ഇന്ന് പ്രവർത്തിച്ചു വരുന്നുണ്ട്. ഗുണമേന്മയിൽ വൻകിട ആയുർവേദ ഉല്പന്നങ്ങളോട് കിടപിടിക്കാവുന്ന ഉല്പന്ന ങ്ങൾ നിർമ്മിക്കാൻ കഴിയുമെങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പന്ന നിർമ്മാണം ഈ രംഗത്ത് നടന്നു കാണു ന്നില്ല. വൻകിട കമ്പനികളുടെ വിപണന തന്ത്രങ്ങളോട് മത്സരിക്കാനുള്ള കഴിവു കുറവാണ് ഇവയെ പ്രതിസന്ധി യിലാക്കിയിരിക്കുന്നത്.

കൈത്തറി-യന്ത്രത്തറി രംഗത്തെ പ്രധാന പ്രതിസന്ധി നവീന ഡിസൈനുകൾ രൂപ പ്പെടുത്താൻ കഴിയായ്കയും, യന്ത്രത്തകരാറു കൾ അപ്പപ്പോൾ പരിഹരിക്കാൻ പറ്റായ്ക യുമാണ്.

മറ്റു വ്യവസായ മേഖല

ഇനം	തൊഴിലാളികളുടെ എണ്ണം
1	കള്ള്ചെത്ത് 430
2	കരിങ്കൽ ക്വാറി 162
3	ചെങ്കൽ 250

മേൽസൂചിപ്പിച്ച പട്ടിക പ്രകാരം കള്ള് ചെത്ത് മേഖലയിൽ ആണ് കൂടുതൽപേർ പണിയെടുക്കുന്നത്. കുറച്ചു വർഷം മുമ്പുവരെ കരിങ്കൽ, ചെങ്കൽ രംഗത്ത് ഇന്നുള്ളതിനേക്കാൾ ആളുകൾ ഉണ്ടായിരുന്നു. ഇന്ന് ഈ രണ്ടു മേഖലകളിലും തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നുണ്ട്.

നിലവിലുള്ള വ്യവസായ സംരംഭങ്ങളെ കാര്യക്ഷമമാക്കുവാൻ പഞ്ചായത്തു തലത്തിൽ കൂട്ടായ ശ്രമം നടത്തുകയും പഴം സംസ്കരണം പോലുള്ള പുത്തൻ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്താൽ വ്യാവസായികമായി പഞ്ചായത്തിന്റെ ബാലാരിഷ്ടത മാറ്റി പുത്തൻ ഉണർവും ചൈതന്യവും പകരാൻ കഴിയും.

പ്രശ്നങ്ങൾ

1. കൈത്തറി രംഗത്ത് വിദഗ്ധ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു.
2. കൈത്തറി മേഖലയിലെ തൊഴിലാളികളുടെ വരുമാനം മറ്റുമേഖലകളിലെ തൊഴിലാളികളുമായി തട്ടിച്ചുനോക്കുമ്പോൾ താരതമ്യേന കുറവാണ്.
3. ചന്ദന ഫാക്ടറി, കൈത്തറി വ്യവസായ യൂനിറ്റുകൾ ഒഴുക്കി വിടുന്ന മലിനജലം പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട്.
4. പട്ടുനൂൽ കൃഷിയിൽ കർഷകർ താല്പര്യത്തോടെ വന്നെങ്കിലും അവരെ പ്രോത്സാഹിപ്പിക്കുവാനും കൊക്കൂൺ സംഭരിക്കുന്നതിനുള്ള കേന്ദ്രവും നിലവിലില്ല.
5. നാളികേരം, കശുവണ്ടി, കശുമാങ്ങ, കുറ്റ്യാട്ടൂർ മാമ്പഴം, ചക്ക തുടങ്ങിയ സംസ്കരണ സാധ്യതയുള്ള ഒട്ടേറെ കാർഷികോല്പന്നങ്ങൾ ലഭ്യമാണെങ്കിലും അവയെ അടിസ്ഥാനമാക്കിയുള്ള ഒറ്റ വ്യവസായ യൂനിറ്റുകളും പഞ്ചായത്തിലില്ല.
6. പോയ, കൂട്ട മെടയലുകൾ കുടുംബങ്ങളിൽ വികേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാൽ തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണത്തിനിരയാകുന്നു.
7. കൈത്തറി വ്യവസായത്തിലെ ഉല്പാദനച്ചെലവ് അനുദിനം വർദ്ധിക്കുന്നു.
8. പവർലൂം മേഖലയിൽ ആകർഷകമായ കൂലിനിരക്ക് ഇല്ല.
9. തടി, ധാന്യങ്ങൾ തുടങ്ങിയ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്.
10. കള്ള്ചെത്ത് വ്യവസായം മദ്യാവശ്യത്തിനായി മാത്രം വിനിയോഗിക്കുന്നു.
11. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.

സാധ്യതകൾ

1. ഡയിംഗ്, ഡിസൈനിങ്ങ് മേഖലയിൽ വിദഗ്ധരെ ഉപയോഗിച്ചുള്ള കേന്ദ്ര ഡയിംഗ് യൂനിറ്റ് സ്ഥാപിക്കാവുന്നതാണ്.
2. മയ്യിൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹാൻഡ്ലൂം, ഗാർമെൻറ് യൂനിറ്റ് ആരംഭിക്കാം.

3. പഞ്ചായത്തിൽ സമൃദ്ധമായി ലഭിക്കു ന്നതും നശിപ്പിക്കപ്പെടുന്നതുമായ കശു മാങ്ങ, കുറ്റ്യാട്ടൂർ മാങ്ങ (നമ്പ്യാർ മാങ്ങ) ഉപയോഗിച്ചു കൊണ്ടുള്ള പഴം സംസ്കരണ യൂനിറ്റ്.

4. ചക്ക, പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റയുണ്ടാക്കൽ

5. തെങ്ങുല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യാവസായികവ്യൂഹം.


6. കൊക്കൂൺ സംഭരണകേന്ദ്രവും പട്ടുനൂൽ റിലിംഗ് വീവിംഗ് സെൻററുകൾ.


7. റബ്ബർ കൊണ്ടുള്ള കളിപ്പാട്ടങ്ങൾ, ബലൂൺ, റബ്ബർബാൻറ് തുടങ്ങിയവ നിർമ്മിക്കുന്ന യൂനിറ്റ്.

8. പായനെയ്ത്ത്, ചെങ്കൽ, കരിങ്കൽ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യാവസായിക യൂനിറ്റ്.

9. സഹകരണമേഖലയിൽ ഒരു ആധുനിക മോട്ടോർ വർക്ക് ഷോപ്പ്.

10.പാടിക്കുന്ന്, കാര്യാപ്പറമ്പ്, അരിമ്പ്ര തുടങ്ങിയ സ്ഥലങ്ങളിൽ ലഭ്യമായ ഭൂമി ഏതെങ്കിലുമൊന്ന് ഉപയോഗപ്പെടുത്തി ഒരു വ്യാവസായിക കോംപ്ലക്സ് പരിശീലന കേന്ദ്രവും.





5-4 വിദ്യാഭ്യാസം

വികസനത്തിന്റേയും പുരോഗതിയുടെയും അടിസ്ഥാനം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസനിലവാരത്തിൽ വികസിതരാഷ്ട്രങ്ങൾക്ക് പിന്നിലാണ് ഇന്ത്യയുടെ സ്ഥാനമെങ്കിലും, കേരളത്തിന്റേത് ഏതൊരു വികസിത രാഷ്ട്രങ്ങൾക്കും ഒപ്പമാണ്. ഇതിന് നിരവധി കാരണങ്ങൾ ചൂണ്ടികാണിക്കപ്പെടാറുണ്ട്. വിവിധ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടൊപ്പം തന്നെ, ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന രാഷ്ട്രീയസാമൂഹ്യ ഉണർവും അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങളും ഈ പുരോഗതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ നൂറ്റാണ്ട് ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇവിടെയുണ്ടായിരുന്ന എഴുത്താശാന്മാരും നാട്ടുപള്ളിക്കൂടങ്ങളുമാണ് ആദ്യകാല പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറ പാകിയത്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം അവലോകനം ചെയ്താൽ അഭിമാനകരമായ ചരിത്രമാണ് കാണാൻ കഴിയുക. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ കയരളം, കണ്ടക്കൈ, മയ്യിൽ, ചെറുപഴശ്ശി എന്നീ ദേശങ്ങളിൽ എഴുത്തപ്പൻ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ഏറെ താമസിയാതെ അവ പ്രാഥമിക വിദ്യാലയങ്ങളായി രൂപാന്തരപ്പെട്ടു. ബമ്മണാച്ചേരി (മയ്യിൽ ഹയർ എലിമെന്ററിസ്കൂളിന്റെ ആദ്യകേന്ദ്രം). കണ്ടക്കൈ, ചെറുപഴശ്ശി,പെരുമാച്ചേരി സ്കൂളുകളാണ് ഈ മേഖലയിലെ ആദ്യ വിദ്യാലയങ്ങൾ. തുടർന്ന് ഒരു ദശകത്തിനുള്ളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി മേൽപ്പറഞ്ഞവയടക്കം ഒരു ഡസനോളം വിദ്യാലയങ്ങൾ ഉണ്ടായി. സ്വാതന്ത്ര്യലബ്ധിക്കു മുമ്പായി തന്നെ ഇന്ന് ഇവിടെയുള്ള പതിനാറു സ്കൂളുകളിൽ 14 എണ്ണവും സ്ഥാപിക്കപ്പെട്ടു എന്നത് ശ്രദ്ധേയമാണ്.

വിദ്യാഭ്യാസരംഗത്ത് ഒരു നൂതന അദ്ധ്യായം സൃഷ്ടിച്ച മലബാർ ഡിസ്ട്രിക്ട് ബോർഡ് വന്നതോടെയാണ് പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന ദ്വീപു പ്രദേശമായ കോറളായിയിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയം സ്ഥാപിതമായത്. (1957ൽ ഇത് കോറളായി ഗവ എൽ.പി സ്കൂളായി മാറി). മയ്യിൽ ഹയർ എലിമെൻററി സ്കൂൾ ഏറ്റെടുത്ത് ഹൈസ്കൂളായി ഉയർത്തിയതും ഡിസ്ട്രിക്ട് ബോർഡ് തന്നെ. ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന എട്ടര ഏക്ര സ്ഥലവും കെട്ടിടവും സംഭാവനയായി ഗവൺമെൻറിനെ ഏല്പിച്ച, യശ:ശരീരനായ ശ്രീ.ഇടൂഴി മാധവൻനമ്പൂതിരിയുടെ നാമധേയം, പഞ്ചായത്തിൻെറ വിദ്യാഭ്യാസപുരോഗതി അവലോകനം ചെയ്യുമ്പോൾ എന്നെന്നും സ്മരിക്കപ്പെടും. പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്ത് നേതൃത്വം വഹിച്ചു വരുന്ന ഹൈസ്കൂൾ സ്ഥാപിക്കുന്നതിനും ഇന്നത്തെ നിലയിലെത്തിക്കുന്നതിനും പഞ്ചായത്തും നാട്ടുകാരും വഹിച്ച പങ്കും എടുത്തു പറയേണ്ടതാണ്. പത്തുമുറികളുള്ള രണ്ടു കെട്ടിടങ്ങൾ പഞ്ചായത്തും, 11 മുറികളുള്ള കെട്ടിടവും സ്റ്റേജും നാട്ടുകാരുമാണ് പല ഘട്ടങ്ങളിലായി നിർമ്മിച്ചത്.

കയരളം എ.എൽ.പി സ്കൂൾ യു.പി ആയി ഉയർത്തി എന്നതൊഴിച്ചാൽ കഴിഞ്ഞ നാലു പതിറ്റാണ്ടുകൾക്കിടയിൽ, പൊതു വിദ്യാഭ്യാസരംഗത്ത് പുതിയ സ്ഥാപനങ്ങളൊന്നും ഇവിടെ ഉയർന്നു വന്നിട്ടില്ല.

പഞ്ചായത്തിലെ നിലവിലുള്ള വിദ്യാലയങ്ങളുടെ സ്ഥിതി വിവരകണക്കും പട്ടികയും ചുവടെ കൊടുക്കുന്നു.

നമ്പർ	പേ	മാനേജ്മെൻറ്	സ്കൂൾ കാമ്പസ്സിൻെറ വിസ്തീർണ്ണം	കെട്ടിടം	കളി സ്ഥലം	മൂത്രപ്പുര	കക്കൂസ്
1	ചെറുപഴശ്ശി A.L.P.S	എയിഡഡ്	36സെൻറ്	2	ഇല്ല	ഉണ്ട്	ഇല്ല
2	ചെറുപഴശ്ശി West A.L.P.S	"	53 ½ "	2	"	"	ഉണ്ട്
3	തായംപൊയിൽ L.P.S	"	693 മീ	2	"	ഇല്ല	ഇല്ല
4	പെരുവങ്ങൂർ L.P.S	"	25സെൻറ്	1	"	"	"
5	കണ്ടക്കൈ L.P.S	"	35 "	2	15	ഉണ്ട്	ഉണ്ട്
6	കോറളായിതുരുത്ത് L.P.S	സർക്കാർ	33 "	2	15	"	ഇല്ല
7	മുല്ലക്കൊടി മാപ്പിളL.P.S	എയിഡഡ്		1	ഇല്ല	"	ഉണ്ട്
8	നണിയൂർനമ്പ്രംമാപ്പിളL.P.S	"	14 "	2	"	"	ഇല്ല
9	നണിയൂർനമ്പ്രംഹിന്ദുL.P.S	"	1ഏക്ര78 സെൻറ്	2	25സെൻറ്	ഇല്ല	ഇല്ല
10	കയരളം നോർത്ത്L.P.S	"	30	2	10 "	ഉണ്ട്	"
11	കണ്ടക്കൈL.P.S	"	1ഏക്ര	3	10 "	"	"
12	മയ്യിൽA.L.P.S	"	1ഏക്ര	5	50സെൻറ്	"	"
13	കയരളംA.L.P.S	"	1.50ഏക്ര	4	60	"	"
14	മുല്ലക്കൊടിA.L.P.S	"	1.22ഏക്ര	6	ഉണ്ട്	"	"
15	പെരുമാച്ചേരിA.L.P.S	"	1.50ഏക്ര	2	"	ഇല്ല	ഇല്ല
16	ഗവ ഹൈസ്കൂൾ മയ്യിൽ	സർക്കാർ	8.5ഏക്ര	9	ഉണ്ട്	ഉണ്ട്	"

അവലംബം ദ്വിതീയ വിവരശേഖരണം

ഇന്നുള്ള പന്ത്രണ്ട് എൽ.പി. സ്കൂളുകളിൽ നാലെണ്ണത്തിന് 5-ാം തരം വരെ ക്ലാസ്സുകളുണ്ട്. എൽ. പി. വിഭാഗത്തോടു കൂടിയ മൂന്ന് യു. പി. സ്കൂളുകളും യു. പി. വിഭാഗത്തോടു കൂടിയ ഒരു ഹൈസ്കൂളുമാണ് പഞ്ചായത്തിലുള്ളത്. അൺഎയിഡഡ് വിദ്യാലയങ്ങൾ ഇവിടെയില്ല.

ദശാബ്ദങ്ങൾക്ക് മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയങ്ങളിൽ ഒട്ടേറെ പരിമിതികൾ നിലനിൽക്കുന്നു. എല്ലാ വിദ്യാലയങ്ങൾക്കും സ്വന്തമായി സ്ഥലമുണ്ടെങ്കിലും മിക്കതിനും ആവശ്യത്തിനില്ല. അഞ്ച് വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ല. മുല്ലക്കൊടി മാപ്പിള എൽ. പി. സ്കൂളിന് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം മാത്രമേ ഉള്ളൂ. മിക്ക എയിഡഡ് വിദ്യാലയങ്ങളും പ്രീ.കെ.ഇ.ആർ പ്രകാരമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഭൂരിപക്ഷംകെട്ടിടങ്ങൾക്കും മൺതറയാണ്. ആവശ്യത്തിന് ഫർണ്ണിച്ചർ ഇല്ലെന്നതാണ് മറ്റൊരു പ്രശ്നം. സോഷ്യോ-ഇക്കണോമിക് യൂനിറ്റിന്റെ സഹായത്തോടെ 7 വിദ്യാലയങ്ങളിൽ കക്കൂസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൂത്രപ്പുര പോലുമില്ലാത്ത മൂന്ന് വിദ്യാലയങ്ങളുമുണ്ട്. മിക്ക വിദ്യാലയങ്ങൾക്കും കുടിവെള്ള സൗകര്യമുണ്ടെങ്കിലും പലതിലും ഫിബ്രവരി, മാർച്ച് മാസത്തോടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പട്ടിക 2

കഴിഞ്ഞ ആറുവർഷത്തെ കണക്കുകൾ താരതമ്യം ചെയ്താൽ ഹൈസ്കൂൾ ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരുന്നതായി കാണുന്നു.

		വിദ്യാർത്ഥികൾ			അധ്യാപകർ	
		90-91	96-97			
1	ചെറുപഴശ്ശി		133	100	4	4
2	ചെറുപഴശ്ശിWest		195	180	7	7
3	തായംപൊയിൽ	197	202	7	7	
4	പെരുവങ്ങൂർ		128	180	5	5
5	കണ്ടക്കൈ		189	155	5	6
6	കോറളായി തുരുത്ത്		91	70	5	4
7	മുല്ലക്കൊടിമാപ്പിള		102	96	5	5
8	നണിയൂർനമ്പ്രംഹിന്ദു		134	134	5	5
9	നണിയൂർനമ്പ്രംമാപ്പിള	126	115	5	5	
10	കയരളം നോർത്ത്		205	145	7	6
11	കണ്ടക്കൈ		172	143	7	6
12	മയ്യിൽ		399	351	12	12
13	കയരളം	430	350	13	14	
14	മുല്ലക്കൊടി		517	447	23	21
15	പെരുമാച്ചേരി		661	488	22	20
	ആകെ		3679	3156	132	127
16	ഗവ ഹൈസ്കൂൾ					
	മയ്യിൽ		2353	2458	75	80
	ഒട്ടാകെ		6032	5614	207	207

90-91ൽ നിന്നും 96-97 ആവുമ്പോഴേക്കും ഈ മേഖലയിൽ 14% കുറവും വന്നിട്ടുണ്ട്. ഹൈസ്കൂളിൽ മാത്രമാണ് നേരിയ വർദ്ധനവ്. ഇതേ കാലയളവിൽ അധ്യാപകരുടെ എണ്ണത്തിലും നാമമാത്രമാണെങ്കിലും കുറവു കാണാം.

പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടേണ്ടതുണ്ട്. വിദ്യാർത്ഥികളിലെ അക്ഷരബോധമുറക്കായ്മ(Under Literacy) ചെറിയ തോതിലെങ്കിലും നിവനിൽക്കുന്നു. 96ലെ ദ്വിതീയ വിവരശേഖരണത്തിലെ അക്കാദമിക് നിലവാരം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 3

നിലവാരം മാർക്കനുസരിച്ച് ശതമാനകണക്കുകൾ

ക്ലാസ്	III	IV	V	VI	VII	VIII	IX	X
30%ത്തിനു താഴെ	19	18	20	21	18	25	23	42
31%മുതൽ 40%വരെ	13	12	15	23	27	50	49	37
41% 50% 13	15	17	18	19	12	14	10	
51% 60% 17	19	17	18	18	9	10	5	
60%നുമേൽ	38	36	31	20	18	4	4	6
ആകെ 100	100	100	100	100	100	100	100	

30%ത്തിൽ താഴെ മാർക്കു വാങ്ങുന്നവരുടെ എണ്ണം പ്രൈമറി ക്ലാസുകളിൽ നിന്നും ഉയർന്ന ക്ലാസുകളിലേക്ക് പോകുന്തോറും കൂടി വരുന്നു. എന്നാൽ ശരാശരി നിലവാരക്കാരുടെ എണ്ണത്തിൽ താരതമ്യേന വലിയ അന്തരമില്ല. ശരാശരിക്കുമേൽ ഉള്ളവരുടെ എണ്ണം പ്രൈമറി ക്ലാസുകളിൽ കൂടുതലുള്ളപ്പോൾ ഉയർന്ന ക്ലാസുകളിൽ നന്നെ കുറവാണ്.

എസ്.എസ്.എൽസി. വിജയശതമാനം ഇനിയും ഉയരേണ്ടതുണ്ട്. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽസി വിജയശതമാനം താഴെ കൊടുക്കുന്നു.

1992 52% 93 47% 94 36% 95 33% 96 44%

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നിരവധി പ്രവർത്തനപരിപാടികൾ ഇവിടെ അടുത്ത കാലത്തായി ആരംഭിച്ചിട്ടുണ്ട്. 1994ൽ സംഘടിപ്പിച്ച അക്ഷരപ്പുലരി പ്രൈമറി വിദ്യാലയങ്ങളിലെ അക്ഷർബോധമുറക്കായ്മ ഒരു പരിധി വരെയെങ്കിലും പരിഹരിക്കാൻ സഹായകമായി. 95-96ൽ നടന്ന സ്കൂൾ കോംപ്ലക്സ് പരിപാടി വിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവുണ്ടാക്കി. ശിവപുരം, കല്യാശേരി, ധർമടംകോംപ്ലക്സുകളോടൊപ്പം മയ്യിലും ഡയറ്റിന്റെ സഹായത്തോടെ പുത്തൻ പരീക്ഷാരീതി നടപ്പാക്കിയത് ബോധനശൈലിയിൽ തന്നെ മാറ്റത്തിന് തുടക്കം കുറിച്ചു. ഈ വർഷം കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച ഗുരുകുലം പദ്ധതി ലീഡ്സ്കൂളായ മയ്യിൽ ഗവ ഹൈസ്കൂളിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. പഠനോപകരണനിർമ്മാണ ശില്പശാല ചുമർ മാസിക, സാഹിത്യസമാജം, മഴമാപനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടന്നു.

എല്ലാ വിദ്യാലയങ്ങളിലും അധ്യാപക രക്ഷാകർത്തൃ സമിതികൾ പ്രവർത്തിച്ചു വരുന്നു. മിക്ക വിദ്യാലയങ്ങളിലും ഇവ സജീവമാണ്. സ്വന്തമായി കെട്ടിടം നിർമ്മിച്ചു കൊടുക്കുക എന്റോവ്മെൻറ് ഏർപ്പെടുത്തുക, ഉച്ചക്കഞ്ഞി വിതരണത്തിന് നേതൃത്വം നല്കുക, ടാപ്പ്, വാട്ടർടാങ്ക് ഇവ നിർമ്മിച്ചു നല്കുക തുടങ്ങി വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമിതികൾ പ്രവർത്തിച്ചതായി കാണുന്നു. അടുത്ത കാലത്തായി രൂപീകരിക്കപ്പെട്ട മാതൃ സമിതികൾ വിദ്യാഭ്യാസ നിലവാരത്തെ ഗുണപരമായി സ്വാധീനിച്ചു തുടങ്ങിയിട്ടുണ്ട്.

ഇന്ന് മിക്ക പ്രദേശങ്ങളിലും കേവലം രണ്ടു കിലോമീറ്റർ ദൂരത്തിനുള്ളിൽ പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട്. അതുകൊണ്ടു തന്നെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭിക്കാത്ത ആരും തന്നെ ഈ പഞ്ചായത്തിലില്ല. എന്നാൽ ചില മേഖലകളിൽ യാത്രാക്ലേശം അനുഭവപ്പെടുന്നതിനാൽ വിദ്യാലയങ്ങളിൽ എത്തിപ്പെടാൻ പ്രയാസമനുഭവപ്പെടുന്നുണ്ട്. യുവതലമുറയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ എണ്ണം തുലോം പരിമിതമാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്ന പ്രവണത അടുത്തകാലത്തായി വളർന്നു വരുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസം.

ഉന്നത വിദ്യാഭ്യാസസൗകര്യം പഞ്ചായത്തിലില്ല. വിമൻസ് കോളേജാണ് ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ കേന്ദ്രം. ഉദ്ദേശം 17 കിലോമീറ്റർ വരും പ്രസ്തുത സ്ഥാപനത്തിലേക്ക്. എസ്.എൻ കോളേജ്, എസ്.എസ് കോളേജ്, ശ്രീകണ്ഠാപുരം എസ്.ഇ.എസ്.കോളേജ്, പി.ആർ.എൻ.എസ്.എസ് മട്ടന്നൂർ എന്നിവയാണ് മറ്റു ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ. സമാന്തര കോളേജുകളൊന്നും ഈ പഞ്ചായത്തിൽ നിലവിലില്ല. രണ്ടു ടൂട്ടോറിയൽ കോളേജുകൾ മയ്യിൽ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നുണ്ട്. സാങ്കേതിക തൊഴിൽഅധിഷ്ഠിത മേഖലയിൽ ഒരു സ്വകാര്യ ഐ.ടി,സിയും രണ്ടു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും മയ്യിൽ ഗവൺമെൻറ് ഹൈസ്കൂളിൽ ഈ വർഷം ആരംഭിച്ച ഒരു കമ്പ്യൂട്ടർ സെൻററും മാത്രമാണുള്ളത്. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത ഒരു പോരായ്മയായി ഇന്നും നിലനില്ക്കുന്നു. പൊതു വിദ്യാഭ്യാസ രംഗങ്ങളിൽ നാലു പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ മെച്ചപ്പെട്ട സൗകര്യം സൃഷ്ടിക്കുന്നതിൽ മുൻകൈ നേടിയ നമ്മുടെ പഞ്ചായത്തിന് സാങ്കേതിക ഉന്നത വിദ്യാഭ്യാസരംഗത്തെ അപര്യാപ്തത പരിഹരിക്കുന്നതിന് ഒരു കർമ്മ പരിപാടി തയ്യാറാക്കേണ്ടിയിരിക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ദേശീയ പ്രസ്ഥാനം നൽകിയ സംഭാവന അവിതർക്കിതമാണ്. വായന ശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും രൂപീകരണവും പ്രവർത്തനവും ദേശീയ പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തന വ്യാപനത്തോടൊപ്പം രൂപം കൊണ്ടുവന്നു. വയോജനവിദ്യാഭ്യാസകാർഷിക ചർച്ചാ ക്ലാസുകൾ, സിമ്പോസിയങ്ങൾ, പഠന ക്ലാസുകൾ തുടങ്ങിനാനാമേഖലകളെയും

സ്പർശിച്ചുകൊണ്ട് അറിവിന്റെ വെളിച്ചം സാധാരണക്കാരിലെത്തിക്കുന്നതിൽ ഇവ വഹിക്കുന്നതും വഹിച്ചിരുന്നതുമായ പങ്ക് ചെറുതല്ല. പഞ്ചായത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം 16 ആണെങ്കിൽ വായനശാലകളുടെ എണ്ണം രജിസ്റ്റർ ചെയ്യപ്പെട്ടതു മാത്രം 19 ആണ്. ഇതുതന്നെ ഈ പ്രസ്ഥാനത്തിന്റെ വ്യാപനത്തെ സൂചിപ്പിക്കുന്നു. കൂടാതെ നിരവധി ക്ലബുകളും ഈ സാമൂഹ്യദൗത്യം നിർവഹിച്ചു വരുന്നുണ്ട്.

1990ൽ അക്ഷരകേരളം പരിപാടിയുടെ ഭാഗമായി നടന്ന സമ്പൂർണ്ണസാക്ഷരതായജ്ഞം മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ ഓരോ മുക്കും മൂലയും ഇളക്കി മറിച്ച സാമൂഹ്യപ്രവർത്തനമാണ്. സാമൂഹ്യ പ്രവർത്തനങ്ങളിലുള്ള സ്ത്രീ പങ്കാളിത്തം എത്രയേറെ സാധ്യമാവുമെന്ന് ചൂണ്ടിക്കാണിച്ചു തന്ന ഈ പ്രവർത്തനം ജില്ലയിൽ മെച്ചപ്പെട്ട നിലയിൽ തന്നെ നടത്തിയെന്നതിന് ഗവൺമെൻറിന്റെ അംഗീകാരം നമുക്കു ലഭ്യമായി. ഒരു വർഷക്കാലം നാം നടത്തിയ പ്രവർത്തനങ്ങളെ ഒരു പരിധിവരെ പിറകോട്ടടിപ്പിക്കുന്ന രീതിയാണ് തുടർസാക്ഷരതാപരിപാടിയിൽ പിന്നീട് ഉണ്ടായത്. തുടർസാക്ഷരതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് പഞ്ചായത്ത് സ്ഥാപിച്ച 4 ജനവിദ്യാകേന്ദ്രങ്ങളും ഇന്ന് നിർജീവമാണ്.

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഒരു മാതൃക ഉണ്ടാക്കുക എന്ന ലക്ഷ്യം വച്ച് കണ്ണൂർ ഡയറ്റും മയ്യിൽ ഗ്രാമപഞ്ചായത്തും സംയുക്തമായി സമഗ്ര വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഇതിന്റെ ഭാഗമായി 80 സന്നദ്ധ പ്രവർത്തകർക്ക് ഡയറ്റ് ഒരാഴ്ചക്കാലത്തെ പരിശീലനം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആരംഭത്തിലുണ്ടായിരുന്ന ആവേശം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 25 അംഗൻവാടികളും പഞ്ചായത്തിന്റെ ഒരു ശിശുമന്ദിരവും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ബാലകൈരളി വിദ്യാലയവും ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടികളിൽ മൂന്നെണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. മറ്റെല്ലാം തികച്ചും അനാകർഷകമായ ചുറ്റുപാടിലാണ് നടത്തുന്നത്. ചില അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള ശ്രമം നടന്നുവരുന്നു.

<u>പ്രശ്നങ്ങൾ.</u>

1.പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

2.തുടർസാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

3ഉന്നത വിദ്യാഭ്യാസസൗകര്യവും സാങ്കേതികതൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യവും ഇല്ല.

4. വിദ്യാലയങ്ങളിൽ എത്തിപ്പെടാൻ സുഗമമായ വഴികൾ ഇല്ല.

5.വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞു വരുന്നു. ഡിവിഷനുകൾ കുറയാനുള്ള സാധ്യത നിലനില്ക്കുന്നു.

6.വിദ്യാർത്ഥികൾക്കിടയിലെ അക്ഷര ബോധമുറക്കായ്മ പല സ്കൂളുകളിലും ഏറിയും കുറഞ്ഞും നിലനില്ക്കുന്നു.

7.ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നവരുടെ എണ്ണം കൂടിവരുന്നു.

8.സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

9.പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് സൗകര്യങ്ങൾ പരിമിതമാണ്. അംഗൻവാടികളിൽ മൂന്നെണ്ണത്തിനുമാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ഫർണ്ണിച്ചറുകൾ, കളിപ്പാട്ടം, വെള്ളം, വെളിച്ചം എന്നിവയടക്കം ഒരു പ്രാഥമിക സൗകര്യങ്ങളും അംഗൻവാടികളിൽ ലഭ്യമല്ല.

10.ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത എല്ലാ വിദ്യാലയങ്ങളിലും ഏറ്റകുറച്ചിലോടെ അനുഭവപ്പെടുന്നു.

11.ചില സ്കൂൾ മാനേജ്മെൻറുകൾ വിദ്യാലയസൗകര്യങ്ങളുണ്ടാക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല.

12.വിദ്യാലയങ്ങളിലെ ലൈബ്രറികൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

<u>നിർദ്ദേശങ്ങൾ,സാധ്യതകൾ</u>

1.എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

2.കലാകായിക പ്രവർത്തിപരിചയ പഠനത്തിനും പരിശീലനത്തിനും ആവശ്യമായ പ്രാമുഖ്യം നല്കുക.

3.പാഠ്യേതരപ്രവർത്തനം സ്കൂളിനും പുറത്തും സജീവമാക്കുക.

4.പൊയ്യൂർ, ഇരുവാപുഴനമ്പ്രം പ്രദേശങ്ങളിൽ എൽ.പി.സ്കൂളുകളും കണ്ടക്കൈയിൽ യു.പിസ്കൂളും അനുവദിക്കുക.

5.സ്കൂളുകളിലെ ലൈബ്രറി,ലാബ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

6.ഹൈസ്കൂളിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക

7.മയ്യിൽ ഗവൺമെൻറ് ഹൈസ്കൂളിനോടനുബന്ധിച്ച് സ്പോർട്സ് ഡിവിഷൻ ആരംഭിക്കുക.

8.രക്ഷാകർതൃസംഘടനകളും മാതൃസമിതികളും സജീവമാക്കുക

9.മയ്യിൽ ഗവ ഹൈസ്കൂളിനോടനുബന്ധിച്ച് പ്ലസ്ടു കോഴ്സ് അനുവദിക്കുക.

10.പൊതുമേഖലയിൽ ഒരു ഐ.ടി.ഐ പഞ്ചായത്തിൽ സ്ഥാപിക്കുക.

11.പൊതു ആഘോഷദിനങ്ങളും വാർഷിക കലാകായിക മത്സരങ്ങളും കൃത്യമായി നടത്തുക.

12.വിദ്യാലയങ്ങളോടനുബന്ധിച്ച് പൂന്തോട്ടങ്ങളും പച്ചക്കറിതോട്ടങ്ങളും നിർമ്മിക്കുക.

13.എല്ലാ അംഗൻവാടികൾക്കും കെട്ടിടം, ഫർണ്ണിച്ചർ, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക.


14.എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുക.

15.അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനവും തുടർസാക്ഷരതാ പ്രവർത്തനവും സജീവമാക്കുക.

16. സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ പഞ്ചായത്തിൽ സജീവവും കാര്യക്ഷമവും ആക്കണം.

17.ഉപരിപഠനത്തിനാവശ്യമായ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.





5-5 പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

1996 മാർച്ചുമാസത്തിലെ സ്ഥിതിവിവരകണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 27220 ആണ്. 1993, 94, 95 വർഷങ്ങളിലെ ജനനമരണങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് ആയുർദൈർഘ്യത്തിന്റെയും ആരോഗ്യനിലവാരത്തിന്റെയും കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയെക്കാൾ മുൻപന്തിയിൽ നില്ക്കുന്നുവെന്നാണ്. ജനങ്ങളുടെ ഉയർന്ന സാംസ്കാരികബോധം, ഉയർന്ന സാക്ഷരതാ നിരക്ക്, ആരോഗ്യപരിപാലനരംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയെല്ലാം തന്നെ ഇതിനുള്ള പ്രധാനകാരണങ്ങളാണ്. എന്നിരുന്നാലും, ആരോഗ്യപരിപാലനരംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ പ്രശ്നങ്ങളും പരിമിതികളും നിലനില്ക്കുന്നുണ്ട്.

മയ്യിൽ കമ്യൂണിറ്റി ഹെൽത്ത് സെൻററും ഇതിന്റെ കീഴിൽ ചെറുപഴശ്ശി, മുല്ലക്കൊടി എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന രണ്ടു സബ്സെൻററുകളുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രങ്ങൾ. 1957ൽ സ്ഥാപിതമായ റൂറൽ ഡിസ്പെൻസറിയാണ് പിന്നീട് കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തിയത്. നമ്മുടെ പഞ്ചായത്തിലും മറ്റു സമീപ പഞ്ചായത്തുകളിലുമുള്ള ആളുകൾക്ക് ഈ സ്ഥാപനം ഒരു ആശ്വാസകേന്ദ്രമായിത്തീർന്നിട്ടുണ്ട്. എന്നാൽ ഈ ആശുപത്രിക്ക് ഒട്ടേറെ പരിമിതികളും പരാധീനതകളുമുണ്ട്. കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഉണ്ടായിരിക്കേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ പോലും ഇവിടെ പൂർണ്ണമായും ലഭ്യമായിട്ടില്ല

രണ്ടു ഡോക്ടർമാർ ഉൾപ്പെടെ, 31 സ്റ്റാഫ് അംഗങ്ങൾ ആശുപത്രിയിലും സബ്സെൻറ റുകളിലുമായി പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കുറവ്, അവശ്യമരുന്നുകളുടെ അഭാവം, ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളിലെ പരിമിതി എന്നീ കാരണങ്ങൾകൊണ്ട് ജനങ്ങളിൽ വേണ്ടത്ര സുരക്ഷിതത്വ ബോധമുണ്ടാക്കാൻ ഈ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. അതുകൊണ്ടുതന്നെ മെച്ച പ്പെട്ട സേവനത്തിനായി ആളുകൾ മറ്റു ചികിത്സാകേന്ദ്രങ്ങൾ തേടിപ്പോകേണ്ടുന്ന അവസ്ഥയുണ്ട്.

ആയുർവേദ, ഹോമിയോ ശാഖകളിലുള്ള ചികിത്സാ സൗകര്യങ്ങളും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. 4 ആയുർവേദ ചികിത്സാ കേന്ദ്രങ്ങളിലായി ഒരു വർഷം ശരാശരി 5400 പേർ ചികിത്സക്കെത്തുന്നതായി കണക്കുകൾ കാണിക്കുന്നു.

കണ്ണൂർ ജില്ലാ ഹോമിയോപ്പതി സൊസൈറ്റിയുടെ കീഴിലുള്ള ഒരു ഹോമിയോ ക്ലിനിക്ക് ഇവിടെ പ്രവർത്തിച്ചു വരുന്നു. മയ്യിൽ ടൗണിലും പെരുമാച്ചേരിയിലുമായി 2 സ്വകാര്യ സ്ഥാപനവും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. വളരെക്കുറച്ചു പേരെ ഹോമിയോ ചികിത്സാ സൗകര്യം ഉപയോഗിക്കുന്നുള്ളൂ.

താരതമ്യേന മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പകർച്ചവ്യാധികൾ തുടർച്ചയായി ഉണ്ടാ കാറുള്ള പ്രദേശങ്ങൾ ഇല്ല. ക്ഷയം, കുഷ്ഠം പോലുള്ള രോഗങ്ങൾ വളരെ അപൂർവ്വമായി മാത്രമെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളൂ.

പഞ്ചായത്തിലുണ്ടായ പകർച്ച വ്യാധികൾ

വർഷം

	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	374	31	2	
1994-95	454	35	21	-
1995-96	971	25	14	

അവലംബം ദ്വിതീയ വിവരശേഖരണം

നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് 15ഉം മരണനിരക്ക് 3.5ഉം ആണ്. ഇത് സംസ്ഥാന ജനനമരണ നിരക്കുകളേക്കാൾ കുറവാണ്.

മരണനിരക്ക്		ജനനനിരക്ക്	
സംസ്ഥാനം	പഞ്ചായത്ത്	സംസ്ഥാനം	പഞ്ചായത്ത്
5.9	3.5	17	15

പഞ്ചായത്തിൽ ശിശുമരണവും മാതൃ മരണവും ഇല്ലെന്നു തന്നെ കണക്കുകൾ സൂചിപ്പിക്കുന്നു.

ജനനമരണങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993	129	98	-
1994	170	102	-
1995	187	86	2

ആകെയുള്ള 4821 വീടുകളിൽ കക്കൂസുള്ള വീടുകളുള്ള എണ്ണം 3947 82% ആണ്.

കക്കൂസ്	ആകെയുള്ളതിന്റെ %
1992	1802 48
1996	3947 82

കക്കൂസ് 1512

സാമ്പത്തികമായി വളരെയേറെ പിന്നോക്കം നില്ക്കുന്ന വീടുകളിലാണ് ഇപ്പോഴും കക്കൂസ് സൗകര്യമില്ലാത്തതായി കാണുന്നത്. മാലിന്യനിക്ഷേപത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ തുലോം കുറവാണ്. മാലിന്യങ്ങൾ തുറസ്സായ പറമ്പുകളിലും ടൗൺ പരിസരങ്ങളിലും നിക്ഷേപിക്കുന്നത് പരിസരമലിനീകരണത്തിന് കാരണമാവുന്നുണ്ട്. പഞ്ചായത്തിലാകെ 236 വീടുകൾക്ക് മാത്രമേ കമ്പോസ്റ്റ് കുഴികളുള്ളു. വ്യവസായമാലിന്യങ്ങളുടെ പ്രശ്നം പ്രധാനമായും ഒന്നാം വാർഡിലാണ് അനുഭവപ്പെടുന്നത്. കടൂരിലെ ചന്ദന ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന മലിനജലം സമീപപ്രദേശത്തെ കിണറുകളെ മലിനമാക്കുന്നുണ്ട്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1.കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ വേണ്ടത്ര ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമില്ല.അവശ്യമരുന്നുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവുണ്ട്.

1. ചെറുപഴശി സബ്സെൻററിൽ വൈദ്യുതി, വെള്ളം, ഫർണിച്ചർ സൗകര്യ ങ്ങളില്ല. മുല്ലക്കൊടി സബ് സെൻറർ തീരെ സൗകര്യമില്ലാത വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നുത്.

3.സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകൾ കാര്യക്ഷമമല്ല. ആരോഗ്യ പ്രവർത്തകർ മുഴുവൻ വീടുകളിലും എത്തുന്നില്ല. ആരോഗ്യപരിപാലന രംഗത്ത് ബോധ വല്ക്കരണ കുറവുണ്ട്.

4.പഞ്ചായത്തിലെ 15% കുടുംബങ്ങൾക്കും കക്കൂസ് സൗകര്യമില്ല.

5.ചപ്പുചവറുകളും മാലിന്യങ്ങളും പറമ്പുകളിലും പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകൾക്കും കമ്പോസ്റ്റ് കുഴികളില്ല.

6.ഹോട്ടലുകളിലെ ശുചിത്വമില്ലായ്മയും ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട്.

7.മയ്യിൽ ടൗണിൽ ശാസ്ത്രീയ രീതിയിലുള്ള മത്സ്യ-മാംസ വിപണന സൗകര്യങ്ങലില്ല. പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ ഇല്ലാത്തതും ഇവിടുത്തെ പ്രധാന പ്രശ്നമാണ്. ടൗണിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും സംവിധാനം ഇല്ല.

8. കറവുകേന്ദ്രങ്ങളിൽ ശുചിത്വ കുറവുണ്ട്.

9.പേവിഷ നിർമാർജ്ജന പ്രവർത്തനം മിക്ക വാർഡുകളിലും നടക്കുന്നില്ല.

10.പഞ്ചായത്തിലെ പല ഭാഗങ്ങളിലും കൊതുകു ശല്യം പെരുകി വരുന്നുണ്ട്.

11.പ്രതിരോധ കുത്തിവെയ്പുകൾ ആളുകൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല. രക്തദാന ശീലം ഇവിടെ വ്യാപകമായിട്ടില്ല.

12. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നിന്നും കമ്യൂണിറ്റി സെൻററിലെത്താൻ ഗതാഗത പ്രശ്നം തടസ്സമാവുന്നുണ്ട്.

13.തനതു ചികിത്സാരീതികളായ ആയുർവേദമർമ്മചികിത്സാകേന്ദ്രങ്ങൾനമ്മുടെ പഞ്ചായത്തിലില്ല.

14.വാടക കെട്ടിടങ്ങൾക്ക് കക്കൂസ്-മൂത്രപ്പുര സൗകര്യങ്ങളില്ലാത്തത് പരിസരമലിനീകരണത്തിന് കാരണമാവുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമ്മിക്കാൻ പദ്ധതികൾ തയ്യാറാക്കണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കണം.

2.മുഴുവൻ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാനും മലിനജലം ഒഴുക്കുന്നതിന് സംവിധാനം ഉണ്ടാക്കുന്നതിനും ആവശ്യമായ ബോധവല്കരണം നടത്തണം.

3.കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. ആശുപത്രിയുടെ പഴയ കെട്ടിടം പുതുക്കി പണിയണം.

4.ആശുപത്രി സൗഹൃദസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ആരോഗ്യ പ്രവർത്തകരുടെ സേവനം കാര്യക്ഷമമാക്കാൻ വീടുകളിൽ വിസിറ്റിംഗ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തണം.

5.എല്ലാ വാർഡുകളിലും സബ്സെൻററുകൾ അനുവദിക്കണം. ഗതാഗതസൗകര്യം കുറഞ്ഞ ഒന്നാം വാർഡിലും ഒറ്റപ്പെട്ടു കിടക്കുന്ന കോറളായി തുരുത്തിലും ഡിസ്പെൻസറികൾ സ്ഥാപിക്കണം.

6.സബ്സെൻററുകളിൽ ആഴ്ചയിലൊരു തവണയെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. സബ്സെൻററുകളിൽ വൈദ്യുതി, ഫർണിച്ചർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

7.പഞ്ചായത്തിൽ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം.

8.വാർഡുകളിൽ രക്തഗ്രൂപ്പു നിർണയക്യാമ്പ് നടത്തി രക്തദാനത്തിനുള്ള സന്നദ്ധസേനകൾ രൂപീകരിക്കണം. ഇതോടനുബന്ധിച്ച് ആരോഗ്യബോധവല്കരണക്ലാസുകൾ നടത്താവുന്നതാണ്.

9.കൊതുകുശല്യം പെരുകുന്നതു തടയാൻ കൊതുകു നിവാരണ പരിപാടി തയ്യാറാക്കണം.

10.അലഞ്ഞു തിരിയുന പട്ടികളെ പിടികൂടി നശിപ്പിക്കണം.

11.ടൗണിൽ പൊതുകക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കണം.

12.ശാസ്ത്രീയ രീതിയിലുള്ള ഇറച്ചി-മത്സ്യ മാർക്കറ്റ് സ്ഥാപിക്കണം.

13.ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഹോട്ടലുകളിൽ ശുചിത്വ പരിശോധന നടത്തണം.

14. വാടക കെട്ടിടങ്ങൾക്ക് കക്കൂസ് സൗകര്യങ്ങൾ നിർബന്ധമാക്കാൻ പഞ്ചായത്തുതലത്തിൽ നടപടി സ്വീകരിക്കണം.

15.വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിക്കണം.

16.ശാസ്ത്രീയരീതിയിലുള്ള കറവുകേന്ദ്രങ്ങൾ ഉണ്ടാക്കണം.

17.മയ്യിൽ ടൗണിൽ മെച്ചപ്പെട്ട ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. ടൗണിലെ ഡ്രൈനേജ് സിസ്റ്റം മെച്ചപ്പെടുത്തി പരിസര ശുചീകരണവും റോഡു സംരക്ഷണവും ഉറപ്പു വരുത്തണം.

18.പൊതുശ്മശാനത്തിൽ വാച്ചുമാനെ നിയമിക്കണം. ആവശ്യമായ വിറക്, ശവമഞ്ചൽ എന്നിവ ലഭ്യമാക്കണം.

കുടിവെള്ളം

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പല പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിനുള്ള മുഖ്യസ്രോതസ്സ് കിണറുകൾ തന്നെയാണ്. ആകെയുള്ള 4821 വീടുകളിൽ 67%ത്തിനു മാത്രമേ സ്വന്തമായി കിണറുകളുള്ളൂ. ഇതിൽ പകുതിയലധികം കിണറുകളും ഫിബ്രവരി-മാർച്ചു മാസങ്ങളിൽ വറ്റുന്നവയാണ്.

മയ്യിൽ വയലിലെ കിണറിൽനിന്നും ചെക്യാട്ടുകാവിലെ കുഴൽക്കിണറിൽനിന്നും വെള്ളം പമ്പു ചെയ്ത് ടാങ്കു വഴി വിതരണം ചെയ്യാൻ സംവിധാനം ഉണ്ടെങ്കിലും ഇതോടനുബന്ധിച്ച നാലുടാപ്പുകളിലൂടെപ്പോലും വിതരണം ചെയ്യാൻ വെള്ളം തികയുന്നില്ല. കൊളച്ചേരി ശുദ്ധജലപദ്ധതിയുടെ നൂറ്റിപതിനൊന്നോളം ടാപ്പുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിൽ ഇരുപത്തിയഞ്ചു ശതമാനം ടാപ്പുകളിലൂടെ മാത്രമേ വെള്ളം ലഭ്യമാകുന്നുള്ളൂ. പദ്ധതി നടപ്പാവുന്നതോടെ, പഞ്ചായത്തിലെ 90ശതമാനം ആളുകൾക്കും കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെങ്കിലും ഇതിന്റെ പൂർത്തീകരണത്തിന് കാലതാമസം നേരിടുകയാണ്. പദ്ധതിയുടെ പൈപ്പുകൾ നിരന്തരം പൊട്ടിക്കൊണ്ടിരിക്കുന്നത് ജലവിതരണത്തിന് തടസ്സമാവുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പാലക്കുന്ന്, അമ്പിളിച്ചാൽ, കിഴക്കെപ്പറമ്പ്, പൊയ്യൂർ റോഡ്. ചോയ്യാടം, വേളം, കൊളാപ്പറമ്പ്, നെറ്റിയാറമ്പ്, ആമ്പിലേരിത്തട്ട്, പാവന്നൂർ, പാടിക്കുന്ന് ചെരിവ്, ആറാംമൈൽ, പഴയആശുപത്രി, കോട്ടയാട്, കണ്ടക്കൈപ്പറമ്പ്, അരിമ്പ്ര, കുറ്റിച്ചിറ, മുല്ലക്കൊടി ലക്ഷംവീട് കോളനി, മയ്യിൽ ടൗൺ തുടങ്ങിയവ ഭൂമിശാസ്ത്രപരമായി ജലലഭ്യത കുറഞ്ഞപ്രദേശങ്ങളാണ്.

ഭൂരിഭാഗം വീടുകളിലും മലിനജലം ഒഴുക്കികളയാനുള്ള പ്രത്യേക സംവിധാനം ഇല്ല. ഏതാണ്ട് 1500ലധികം വീടുകളിൽ മലിനജലം അടുക്കളത്തോട്ടത്തിലേക്കും തെങ്ങിൻചുവട്ടിലേക്കും ഒഴുക്കാൻ സംവിധാനമുണ്ട്. എന്നാൽ വളരെചുരുക്കം വീടുകളിൽ മാത്രമേ പ്രത്യേകം കുഴികളിലേക്കും ഓടകളിലേക്കും മലിനജലം ഒഴുക്കാൻ സംവിധാനമുള്ളൂ.

കുഴൽക്കിണറുകൾ

1.നണിയൂർനമ്പ്രം U.P.S
2.മുല്ലക്കൊടി
3.കയരളംമൊട്ട
4.പടിഞ്ഞാറെപ്പറമ്പ്
5.നെറമാറമ്പ
6.C.H.Cമയ്യിൽ
7.ഇകാട്ടക്കാവ്
8.ഒറവയൽ
9.മയ്യിൽG.H.S

ശുദ്ധജലക്ഷാമം

1.പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2.പൊതുടാപ്പുകളിൽ 25%ത്തിലൂടെ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ.

3.വേനൽക്കാലം തുടങ്ങുന്നതോടെ പഞ്ചായത്തിൽ വളപട്ടണം പുഴയുടെ തീരപ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുരസം അനുഭവപ്പെടുന്നു.

4.ചെറുപഴശ്ശി സബ്സെൻററിൽ കുടിവെള്ളം ലഭിക്കുന്നതിനു സൗകര്യമില്ല.

5.കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ കുടിവെള്ളക്ഷാമമുണ്ട്

6.മഞ്ചേരി കിള, ചേനൽകുണ്ടം, പാലക്കുന്ന് ഹരിജൻകോളനി, പൊയ്യൂർ, കാട്ടിലെ പ്പീടിക, അരിങ്ങേത്ത്പറമ്പ്, കാലടിവയൽ റോഡ് തുടങ്ങുന്ന പ്രദേശം, മുള്ളേക്കാട് കുന്നിൻ പ്രദേശങ്ങൾ, നിരത്തുപാലം, ആറാംമൈൽ, മയ്യിൽ കൃഷിഭവനു താഴെയുള്ള പ്രദേശം, വള്ളിയോട്ട് കിഴക്ക്, അമ്പിളിച്ചാൽ, കിഴക്കെപ്പറമ്പ്, ചോയ്യാടം, വേളം, കൊളാപ്പറമ്പ്, നെറ്റിയാറമ്പ്, ആമ്പിലേരിത്തട്ട്, പാവന്നൂർ, പാടിക്കുന്ന് ചെരിവ്, പഴയ ആശുപത്രി, കോട്ടയാട്, കണ്ടക്കൈപ്പറമ്പ്, അരിമ്പ്ര, കുറ്റിച്ചിറ, മുല്ലക്കൊടി ലക്ഷംവീട്കോളനി, മയ്യിൽ ടൗൺ എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാവാറുണ്ട്.

<u>സാധ്യതകളും നിർദ്ദേശങ്ങളും</u>

1.കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നീരൊഴുക്ക് സർവ്വേ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം. കുളങ്ങളും പൊതുകിണറുകളും റിപ്പേർ ചെയ്യുകയും പുതിയ കിണറുകൾ സ്ഥാപിക്കുകയും വേണം.

2.ഒറവയലിലെ കരിങ്കൽകുഴി, ആറാംവാർഡിലെ കുറ്റിച്ചിറക്കുളം, ഏഴാം വാർഡിലെ എരിഞ്ഞിക്കടവ് ഇല്ലംവക കുളം എന്നിവ റിപ്പേർ ചെയ്ത് കുടിവെള്ളത്തിന് ഉപയോഗപ്പെടുത്തണം. ഇതിനായി സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

3.ഗ്രാമസഭകൾ നിർദ്ദേശിച്ച സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ, പൊതുകിണറുകൾ, കുഴൽക്കിണറുകൾ എന്നിവ സ്ഥാപിക്കണം. ആവശ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുകയും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുകയും വേണം. പ്രവർത്തനക്ഷമമല്ലാത്ത പഞ്ചായത്തിലെ മുഴുവൻ കുഴൽക്കിണറുകളും റിപ്പേർ ചെയ്യണം.

4.അരിമ്പ്രപറമ്പിലെ കാറ്റാടിപറമ്പിനോടനുബന്ധിച്ച് വാട്ടർടാങ്ക് നിർമ്മിക്കണം.


5.വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നടത്തുന്ന ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാക്കണം.

6.മയ്യിൽ ആശുപത്രിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സത്വരനടപടികൾ കൈക്കൊള്ളണം.

7.പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന കുഴൽക്കിണറുകൾ റിപ്പേർ ചെയ്യണം.

8.വേനൽക്കാലത്ത് വെള്ളം വറ്റുന്ന പൊതുകിണറുകൾ റിപ്പേർ ചെയ്ത് ആഴം കൂട്ടണം. ഇതിനായി അതാതു പ്രദേശത്തെ ആളുകളുടെ അദ്ധ്വാനം ഉപയോഗപ്പെടുത്തണം.

9.കേടുവന്ന പൊതുടാപ്പുകൾ മാറ്റി സ്ഥാപിക്കണം.



5-6 ഗതാഗതം, ഊർജ്ജം

സമഗ്രവികസനത്തിന് ആവശ്യമായ ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ മോശമല്ല. റോഡുഗതാഗതം ആരംഭിക്കുന്നതിനു മുമ്പ് ജലഗതാഗതത്തെ ആശ്രയിച്ചായിരുന്നു മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെട്ടിരുന്നത്. ചെങ്ങളായി മുതൽ വളപട്ടണം വരെയുള്ള ബോട്ടു സർവീസായിരുന്നു ഇതിൽ പ്രധാനം. കക്കാട്, വളപട്ടണം, തളിപ്പറമ്പ് എന്നിവയായിരുന്നു അന്നത്തെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ. മുട്ടുകണ്ടി പുഴ, വളപട്ടണം പുഴ എന്നിവ യഥാക്രമം മയ്യിൽ, കയരളം, കണ്ടക്കൈ എന്നി പ്രദേശങ്ങളിലെ ജനങ്ങളെ ഈ വ്യാപാരകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി. റോഡുഗതാഗത വികസനത്തോടെ ബോട്ടു സർവീസുകൾ നാമാവശേഷമായി.

കടത്തുതോണികളായിരുന്നു പഞ്ചായത്തിലെ മറ്റൊരു ഗതാഗതോപാധി. ഇന്നും ചെങ്ങളായി, മലപ്പട്ടം, ആന്തൂർ, കുറുമാത്തൂർ തുടങ്ങിയ പഞ്ചായത്തുകളിലെത്താൻ കടത്തുതോണികളെയാണ് ആശ്രയിക്കുന്നത്. മയ്യിൽ പഞ്ചായത്തിൽതന്നെയുള്ള കോറളായിതുരുത്തുമായി ബന്ധപ്പെടുന്നതിനും കടത്തു തന്നെയാണ് ഏകമാർഗ്ഗം.

പ്രധാനകടത്തുകളും ബന്ധപ്പെടുന്ന പഞ്ചായത്തുകളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

കടവ്	ബന്ധപ്പെടുന്ന പഞ്ചായത്ത്
ചെക്കിക്കടവ്	ചെങ്ങളായി
പെരുമ്പാറക്കടവ്	ചെങ്ങളായി
നണിശ്ശേരിക്കടവ്	ആന്തൂർ
പറശ്ശിനിക്കടവ്	ആന്തൂർ
മുനമ്പ്കടവ്	മലപ്പട്ടം
എരിഞ്ഞിക്കടവ്	കോറളായിതുരുത്ത്

കാലംമാറി വന്നതോടെ ബോട്ടും കടത്തും ക്രമേണ അപ്രത്യക്ഷമാവാൻ തുടങ്ങി. ബോട്ടു ഗതാഗതം തീരെ ഇല്ലാതായി. കടത്ത് ഇന്നും ചില പ്രദേശങ്ങളിൽ നിലനില്ക്കുന്നു.

പഞ്ചായത്തിലെ ഇന്നത്തെ പ്രധാന വാഹനസൗകര്യം ബസ്സുകളാണ്. 1960മുതൽ ഇവിടെ

മിനിബസ്സ് സർവീസുകൾ ആരംഭിച്ചു. 1967ൽ കാട്ടാമ്പള്ളിപ്പാലം തുറന്നതോടു കൂടിയാണ് ജില്ലാ ആസ്ഥാനവുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ സൗകര്യം ലഭിച്ചത്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ബസ് സർവീസുള്ള ഈ റോഡ് തന്നെയാണ് ഇരിക്കൂർ, മട്ടന്നൂർ എന്നീ സ്ഥലങ്ങളുമായും നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നത്. മയ്യിൽ-കാഞ്ഞിരോട്, അരിമ്പ്ര-മുല്ലക്കൊടി-കണ്ടക്കൈ, കൊളച്ചേരിമുക്ക്-നെല്ലിക്കപ്പാലം എന്നിവയാണ് ഇവിടുത്തെ പ്രധാന റോഡുകൾ. ഇവയെല്ലാം തന്നെ പി.ഡബ്ല്യൂ.ഡി റോഡുകളാണ്. പഞ്ചായത്തിലാകെ 150.255 കിലോമീറ്റർ റോഡുകളുണ്ട്. ഇതിൽ 32കിലോ മീറ്റർ കച്ച റോഡും, 71 കിലോമീറ്റർ പക്ക റോഡും 47.255 കിലോമീറ്റർ ടാർറോഡുമാണ്. ഇതിൽ 14.755 കിലോ മീറ്റർ റോഡ് ടാർ ചെയ്തത് പഞ്ചായത്ത് ആണ്.

<u>താർ ചെയ്ത റോഡുകൾ-പട്ടിക</u>

പി.ഡബ്ല്യൂ.ഡി	നീളം മീറ്ററിൽ	പഞ്ചായത്ത്	നീളം മീറ്ററിൽ
കരിങ്കൽകുഴി-പാവന്നൂർമൊട്ട	7.500	മയ്യിൽ റോഡ്	3.500
പെരുമാച്ചേരി-നെല്ലിക്കപ്പാലം	3.000	ഗോപാലൻപീടിക-കരിങ്കണ്ടം	1.400
ചെക്യാട്ട്കാവ്-മുല്ലക്കൊടി-അരിമ്പ്ര	9.500	പൊയ്യൂർ റോഡ്	0.400
മയ്യിൽ-കാഞ്ഞിരോട്	5.500	പാടിയില്ലം-ചന്ദനകുളം	1.315
8/6-മുനമ്പ്കടവ്	2.000	ചെക്കിക്കടവ്	1.600
മയ്യിൽ-കണ്ടക്കൈ	5.000	വേളംഅമ്പലം	0.950
		കാട്ടിലെപീടിക-തയ്യിൽവളപ്പ്	1.000
		പാടിക്കുന്ന്മാവിൻതാഴെ-അരിമ്പ്ര	0.400
		നിരന്തോട്-ചട്ടുകപ്പാറ	2.000
		ചെക്യാട്ട്-എരിഞ്ഞിക്കടവ്	2.190
ആകെ നീളം	32.500	ആകെ നീളം	14.755

ആകെ റോഡുകളുടെ നീളം 150 കിലോ മീറ്ററാണെങ്കിലും വാഹനഗതാഗതയോഗ്യമായ 118 കി.മീ റോഡുകളാണ് ഇന്ന് നിലവിലുള്ളത്. ഇത് സംസ്ഥാന ശരാശരിയായ ഒരു ചതുരശ്ര കി.മീ.ന് 3.2 കി.മീറ്ററിനേക്കാൾ അധികമാണ്. ചതുരശ്ര കി.മീ.ന് 3.52 കി.മീറ്റർ റോഡുകളുള്ള നമ്മുടെ പഞ്ചായത്തിലെ ചില റോഡുകളെങ്കിലും ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. കാലാകാലങ്ങളിൽ റിപ്പയറിംഗ് നടക്കാറുണ്ടെങ്കിലും ഓവു ചാലുകൾ ഇല്ലാത്തതു കൊണ്ട് ഓരോ വർഷവും വീണ്ടും അറ്റകുറ്റപ്പണികൾ നടത്തേണ്ടുന്ന അവസ്ഥയാണിന്ന്. ഈ ഇനത്തിൽ മാത്രം വലിയ തുക പഞ്ചായത്ത് വർഷാവർഷം ചിലവഴിക്കുന്നുണ്ട് എന്ന് പട്ടിക രണ്ടിൽ നിന്ന് വ്യക്തമാവുന്നു.

വർഷം	മൊത്തം വരുമാനം	ചിലവഴിച്ച തുക	ചിലവഴിച്ച ശതമാനം
92-93	12,68,223.55	3,63,964.50	28.69
93-94	20,85,096.60	9,91,507.00	47.55
94-95	25,41,785.12	8,74,730.00	34.41

ശരാശരി 37.83%ത്തോളം തുകയാണ് പ്രതിവർഷം ഈ ഇനത്തിൽ പഞ്ചായത്ത് ചിലവഴിച്ചു കാണുന്നത്. ഇങ്ങനെ ചിലവഴിക്കപ്പെടുന്ന തുക ഉപയുക്തമാവുന്നില്ല എന്നതാണ് ഒരു പ്രധാന പോരായ്മ.

പഞ്ചായത്ത് ആസ്ഥാനമായ മയ്യിൽ ടൗണുമായി ബന്ധപ്പെടാൻ ഭൂരിഭാഗം വാർഡുകളിൽ നിന്നും സൗകര്യമുണ്ടെങ്കിലും 1,2,3 വാർഡുകളിൽ നിന്ന് നേരിട്ട് സൗകര്യം കുറവാണ്. ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മയ്യിൽ-കാഞ്ഞിരോട്

റോഡ് പി.ഡബ്ല്യൂ.ഡി. പണി പൂർത്തിയാക്കിയിട്ട് 15 വർഷമായെങ്കിലും റോഡിന്റെ അശാസ്ത്രീയ വളവുകൾ കാരണം ഇന്നും ബസ് സർവീസ് നടത്തി വരുന്നില്ല. ഈ സ്ഥിതി പരിഹരിക്കാൻ ആവശ്യമായത് ചെയ്യേണ്ടിയിരിക്കുന്നു.

താലൂക്ക് ആസ്ഥാനമായ തളിപ്പറമ്പുമായി ബന്ധപ്പെടുന്നതിന് പറശ്ശിനിക്കടവുപാലം വഴിയുള്ള റോഡ് പഞ്ചായത്തിന് ഏറെ സാധ്യതകൾ നല്കുന്നു. അതുപോലെ ജില്ലയിലെ മലയോരമേഖലകളിലേക്ക് വേഗത്തിൽ എത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട മലപ്പട്ടം മുനമ്പുകടവുപാലം യാഥാർത്ഥ്യമാക്കേണ്ടത് സമഗ്ര വികസനത്തിന് ആവശ്യമാണ്.

40തോളം ബസുകൾ സർവീസ് നടത്തുന്ന ഇവിടെ ബസ്സ്റ്റാൻറ് ഇല്ലാത്തത് വാഹനങ്ങൾ റോഡരികിൽ നിർത്തിയിടുന്നതിന് കാരണമാവുന്നു. വികസിച്ചു കൊണ്ടിരിക്കുന്ന ഒരു പട്ടണം എന്ന നിലയിൽ 50തോളം ജീപ്പ്/ഓട്ടോറിക്ഷകളും ഈ രീതിയിൽ തന്നെയാണ് പാർക്ക് ചെയ്യുന്നത്. ബസ്സ്റ്റാൻറ് ഉണ്ടാക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് എടുത്തിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനം തുടങ്ങിയിട്ടില്ല.

വയൽപ്രദേശങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റോഡുകളും വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്. വെള്ളം ഒഴുകി പോകാൻ പറ്റിയ ഓവുചാലുകൾ ഇല്ലയെന്നതും വയലിനെക്കാൾ ഉയർന്ന ഓവുചാലുകൾ നിർമ്മിച്ചതും വെള്ളക്കെട്ടിന് കാരണമായി. (ഉദാ കുറ്റിച്ചിറഭാഗം). പുതുതായി നിർമ്മിക്കുന്ന റോഡുകൾ ഇത്തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടികണക്കിലെടുത്ത് വേണം നിർമ്മിക്കാൻ.

<u>ഗതാഗതപ്രശ്നങ്ങൾ</u>

1.മിക്ക റോഡുകൾക്കും ഓവുചാലുകൾ ഇല്ല.

2.റോഡുകൾ യഥാസമയം റിപ്പയർ ചെയ്യാൻ കഴിയാറില്ല.

3. മയ്യിൽ-കാഞ്ഞിരോട് റോഡിൽ അപകടകരമായ വളവുകാരണം ഗതാഗതയോഗ്യമല്ലാതാവുന്നു.

4.റോഡരികിലെ മരങ്ങളും വൈദ്യുത പോസ്റ്റുകളും ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു.

5.നെൽപ്പാടങ്ങളിൽ കൂടി റോഡ് നിർമ്മിച്ചത് നീർക്കെട്ടിന് കാരണമായിട്ടുണ്ട്.

6.തീരെ വാഹനസൗകര്യം എത്താത്ത പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.

7. വികസിച്ചുകൊണ്ടിരിക്കുന്ന മയ്യിൽടൗൺ റോഡിന് വീതി കുറവാണ്.

8.ടാക്സി സ്റ്റാൻറ്, ബസ്സ്റ്റാൻറ് സൗകര്യം ഇല്ല.

9.ടെലിഫോൺ കേബിൾ പൈപ്പു ലൈനിനുമായി കുഴിക്കുന്ന ചാലുകൾ യഥാസമയം മണ്ണിട്ടു നികത്തുന്നില്ല.

10.ഗതാഗതയോഗ്യമായ എല്ലാ റോഡുകളിലും ബസ്സർവീസ് നടത്തുന്നില്ല.

<u>പുതിയ റോഡുകൾ-നിർദ്ദേശങ്ങൾ</u>

1. ഒറവയൽ-തായംപൊയ്യിൽ
   തായംപൊയ്യിൽ-ചേക്കോട്
   ചന്ദനകമ്പനി-ചട്ടുകപ്പാറ
   കനാൽമുതൽ കേടത്തുംമൂല വരെ
   തായംപൊയ്യിൽ-തായവളപ്പ്
   കനിക്കോട്ട്കുളം-ചാലക്കുന്ന്
   കനിക്കോട്ട്കുളം-മഠത്തിൽ വളപ്പ്
   കടൂർ റേഷൻപീടിക-മഞ്ചച്ചേരിക്കാള

2. തങ്ങൾമുക്ക്-കാലടിവയൽ
ഏന്തീവയൽ-വില്ലേജാഫീസ്
ബാലിയേരിപ്പാലം-അമ്പിളിച്ചാൽ
വേട്ടയാട്ട്മൂല-മാണിയൂർ വില്ലേജാഫീസ്
ആലപ്പറമ്പ്-വയലപ്പള്ളി
എരിഞ്ഞിക്കുളം-ബാലിയേരി

3 കാട്ടിലെപ്പീടിക - ആക്കാംബേത്ത്
പറമ്പ്-പെരുമാച്ചേരി വയൽ
കാട്ടിലെപ്പീടിക-തയ്യിലെവളപ്പ്-ചെക്കിക്കുളം
തയ്യിലെവളപ്പ് - ജില്ലിവർക്ക്സെൻറർ -
കോട്ടംപറമ്പ്-പെരുമാച്ചേരിവയൽ
അരയാരത്ത്കുട്ട്യപ്പ പറമ്പ്-പെരുമാച്ചേരി
മുട്ടുകണ്ടി വയൽ
ഇല്ലംമുക്ക് പരുവത്തില-പെരുമാച്ചേരി

4. കാതർപ്പീടിക-മയ്യിൽവയൽ
പരുവത്തില-വെള്ളക്കോറ-ആറാംമൈൽ
കാവിന്മൂല-തായംപൊയ്യിൽ
മയ്യിൽയുവജനവായനശാല-പഴയാശുപത്രി
തായംപൊയ്യിൽ-കാവിന്മൂല റോഡ് സ്വാമി
വീടിന് സമീപം വരെ
വള്ളിയോട്ട്രാഘവൻപീടിക-കിഴക്കെപ്പറമ്പ്
കവിളിയോട്ട്-പഴയാശുപത്രി

5. അരിമ്പ്രവളംഡിപ്പോ-പുളീറ്റിൽവയൽ-
പറശ്ശിനിറോഡ്
അരിമ്പ്ര ബസ്സ്റ്റോപ്പ്-ബോട്ടുകടവ്
ചാണകപ്പാറ-കോണോൻമൂല
മുളകുമ്പ്രത്ത് റോഡ്-കോണോൻമൂല
അരിമ്പ്ര എൻ.കെ സുകുമാരൻറെ
വീട്-അമ്പലം വരെ
ചന്ത്രോത്ത് മുഹമ്മദ്കുഞ്ഞിയുടെ വീട് -
മുല്ലക്കൊടി (പുഴയോരം)

7. പാടിക്കുന്ന് സ്റ്റീൽ കമ്പനി-ഞാറ്റുവയൽ
പുതിയവീട് പറമ്പ്-കരിമ്പിൽതാഴെ
മുണ്ടോട്ട്-എരിഞ്ഞിക്കടവ്
കപ്പാലം-ഞാറ്റുവയൽ
നെച്ചിക്കോത്ത്കാവ്-മഠപ്പുര
കരക്കണ്ടം-ഞാറ്റുവയൽ

6 മുല്ലക്കൊടി കടവ് - പറശ്ശിനിക്കടവ്പാലം
കുറ്റിച്ചിറ മാർക്കാണ്ടം-ചാത്തോത്ത്പാലം
യു.പി.സ്കൂൾ-കുറ്റിച്ചിറമില്ല്
മുല്ലക്കൊടികടവ്-ബോട്ടുകടവ്

8 കയരളം നോർത്ത് എൽപി എസ് -
എരിഞ്ഞിക്കടവ്-കൂളിച്ചാൽപറമ്പ്
കയരളംമേച്ചേരിവയൽ-കിളിയളം-
ചെട്ടിച്ചൂർ വയൽ

9 ഒറപ്പൊടി - കിണിയാട്ടുചാൽ
പുളുക്കൂൽ റോഡ് - തുരുത്തിപ്പാലം
കൃഷ്ണപ്പിള്ള വായനശാല - അമ്പിലേരി
താനിമൊട്ട - ബാലവാടി
പെരുമ്പാറക്കടവ്പള്ളിറോഡ്- എരിഞ്ഞി
ക്കടവ്
മയ്യിൽ,ചെക്യാട്ട് റോഡ്- വേളംചെക്യാട്ട്
റോഡ്
പുത്തൻവീട് റോഡ് - വായനാശാല റോഡ്

10 വേളം കൊളാപ്പറമ്പ് - ആമ്പിലേരി
വേളം വായനശാല-പൂലേരിവയൽ - ആമ്പി
ലേരി
കണ്ടക്കൈ കലാകേന്ദ്രം - പാലങ്ങാട്ട്മൂല-
കണ്ടക്കൈ കടവ്
വേളം കിഴക്ക് മണ്ണാത്തിക്കുളം - കണ്ടക്കൈ
റോഡ്
വേളം പാറപ്പുറം റോഡ് - കല്ലുംകടവ്റോഡ്
- ആമ്പളം വയൽറോഡ്
കൊളാപ്പറമ്പ് - കോട്ടയാട്ട്പുതിയ
തിറവയൽ
കോട്ടയാട്ട് അംഗൻവാടി - പുതിയതിറവയൽ
ചെക്യാട്ട്കാവ് തമ്പിലേരി- ചകിരികമ്പനി

11 പെരുവങ്ങൂർ കാവിന്മൂല -
എടയത്തുവീട് - കോട്ടയാട്ട് വയൽ
എട്ടിൽതാഴെ - കോറ വഴി- ലക്ഷംവീട്
കണ്ണോത്തുംമൂല - പെരുവങ്ങൂർ റോഡ്
കുട്ട്യൻകുന്നുവഴി പെരുവങ്ങൂർ വയൽ -
മണാട്ടി മൂല
ഇരുവാപ്പുഴ നമ്പ്രം (വലിയവെളിച്ചം പറമ്പ്)
-ചീരാച്ചേരി

ഓലക്കാട്- ലക്ഷംവീട്
കൃഷ്ണൻനായർവീട്- ചെക്കിക്കടവ്
ഗോപാലൻ സ്മാരകം - കുറുമ്പ്രക്കുളം - ചെക്കിക്കടവ്
പാവന്നൂർ വള്ളുവ കോളനി - ചീരാച്ചേരി വയൽ

<u>റിപ്പയറിംഗ്</u>

1. മയ്യിൽ-കാഞ്ഞിരോട് റോഡ്
തായംപൊയിൽ - വില്ലേജ് ആഫീസ്
തായംപൊയിൽ - ഒറവയൽ - പാലക്കുന്ന്

2. കടൂർമുക്ക് - ഏന്തീവയൽ
എരിഞ്ഞിക്കുളം - ശ്രീനിപീടിക
കടൂർമുക്ക് - ബാലിയേരി

3. ഇല്ലംമുക്ക് - ജാതിക്കാട് (SC/ST സ്കീമിൽപെടുത്തണം)
ചെക്കിക്കുളം - കൊളച്ചേരി മുക്ക്

4. ആറാംമൈൽ - ഇല്ലംമുക്ക്
മയ്യിൽ എൽ. പി. എസ്- കവിളിയോട്ട്
കാവിന്മൂല - താഴേ ആണോളംപറമ്പ്
കൃഷിഭവൻ - കവിളിയോട്ട്

5 ചാണകപ്പാറ - മുളകുമ്പ്രം
അരിമ്പ്ര - അണിയൂർ

6 അയ്യാർമുനമ്പ് - മുണ്ടോട്ട്
മുല്ലക്കൊടി - ലക്ഷംവീട് കോളനി
അരിമ്പ്ര ബസ്സ്റ്റോപ്പ് - വലിത്തിൽ താഴെ
കുറ്റിച്ചിറ-ഞാറ്റുവയൽ-ഗോപാലൻപീടിക
കടവുമുതൽ - പന്താറ്റുവയൽ

7. ഗോപാലൻ പീടിക - അറാക്കാവു റോഡ്
ഗോപാലൻപീടിക - ഞാറ്റുവയൽ - അരിമ്പ്ര
മഠപ്പുര - പട്ടം വയൽ
അറാക്കാവ് - മുണ്ടോട്ട്
മഠപ്പുര - കപ്പാലം
മഠപ്പുര - കരിമ്പിൻതാഴെ

8 പഴയാശുപത്രി - മേച്ചേരി വയൽ
പഴയാശുപത്രി - ഗുളികൻതറ - മേച്ചേരി
കയരളംമൊട്ട - മേച്ചേരി വായനശാല
വടക്കെ മൊട്ട - മേച്ചേരി വായനശാല
കയരലം എൽ.പി.എസ് - ചെക്യാട്ട്കാവ്

9 കണ്ടക്കൈ പോസ്റ്റാഫീസ്- വായനശാല
ബാലൻകരി - മുണ്ടോൻവയൽ
താനിമൊട്ട - ചാലവയൽ

10 ഗോപാലൻസ്മാരകം - മയ്യിൽ
വേളം - ചകിരികമ്പനി
പാറപ്പുറം - കോട്ടയാട്ട്
പെരുവങ്ങൂർ ക്ലബ് - കോട്ടയാട്ട് വയൽ
കൊളാപറമ്പ്സ്കൂൾ - കോട്ടയാട്ട് വയൽ

11 പെരുവങ്ങൂർമൊട്ട - ലക്ഷംവീട്
മുണ്ടോൻവയൽ - ലക്ഷംവീട്
ഇരുവാപ്പുഴ നമ്പ്രം സി.ആർ.സി- ചീരാച്ചേരി
ശ്രീധരൻപീടിക - അഹമ്മദ്ഹാജി പ്ലീടിക
8/4 കമ്പനി ഇരുവാപ്പുഴനമ്പ്രം വയൽ
കണ്ണോത്ത് മൂല റോഡ്

താറിംഗ് വേണ്ട റോഡുകൾ
പെരുമച്ചേരി - പൊയ്യൂർ
മയ്യിൽ ഹൈസ്കൂൾ - വാട്ടർടാങ്ക്
അരിമ്പ്ര അമ്പലം- പറശ്ശിനിപ്പാലം
അരിമ്പ്ര ബസ്സ്റ്റോപ്പ് - ചാത്തോത്ത്പാലം
ചെക്യാട്ടുകാവ് - കിളിയളം ഹരിജൻ കോളനി
വേളം- ചെക്യാട്ട്കാവ്
തേണത്ത്പറമ്പ് റോഡ്
8/4 - ഇരുവാപ്പുഴ നമ്പ്രം

നടപ്പാത

തായംപൊയ്യിൽ-ഓട്ടുറപ്പ

കൊടുവള്ളി ശങ്കരന്റെ വീട് - ഓട്ടുറപ്പ

തട്ടാന്റെ താഴെ - മോഹനൻപീടിക

അരയിടത്തുചിറ -സ്കൂൾപ്പറമ്പ്-ബാലവാടി (സ്ലാബ്)

പാലക്കുന്ന് റോഡ് - പഞ്ചായത്തുകിണർ

കൈക്കനാലിൽ (രാമപ്പെരുവണ്ണാന്റെ വീടിനു താഴെ) സ്ലാബ്

ചേക്കോട്ട്വയൽ- ബാലിയേരി (സ്ലാബ്)

വടക്കടനടി തോടിനു നടപ്പാലം

സബ്സെൻറർറോഡിൽ വടക്കെ അറ്റത്ത് സ്ലാബ്

ആർ.പി.ശങ്കരന്റെ വീടിനുമുന്നിൽ നടപ്പാത മണ്ണിട്ടുയർത്തൽ

കാലടി ശിശു മന്ദിരത്തിലേക്ക് നടപ്പാത ഉയർത്തൽ

എരിഞ്ഞിക്കുളം- ചേക്കോട്

കെ.വി. ബാലൻനായർപറമ്പ്-കെ.കെ. ഖദീജയുടെ വീടുവരെ (സ്ലാബ്)

കേളോത്ത് താഴെ തോടിനുപാലം

പൊയ്യൂർ മദ്രസക്ക് സമീപം സ്ലാബ്

കാലടി ഹസ്സൻഹാജിയുടെ പീടികക്ക് താഴെ സ്ലാബ്

തയ്യിലെ വളപ്പ് അംഗൻവാടിയിലേക്കുള്ള സ്ഥലത്ത് സ്ലാബ്

എൻ.പി.മൊയ്തീൻകുട്ടിയുടെ പീടികക്ക് സമീപം സ്ലാബ്

പൊയ്യൂർ റോഡ് - പൊയ്യൂർ വയൽ

കാവിൻമൂലയിൽ ജാതിപ്പാലം പുതുക്കൽ

മയ്യിൽ മടവൻകണ്ടിതോടിന് പുതിയപാലം

ബമ്മണാച്ചേരി-അയനത്ത്താഴെ

വള്ളിയോട്ട്വായനശാല-മഠത്തിൽ

താഴെപാലം- താഴെ ആണോളംപറമ്പ്

കാണത്തുംമൂല-ഏ.കെ.ജി. റോഡ്

പാറക്കൽതാഴെ- പുളിയാൽത്താഴെ

ഒതയോത്തെ താഴെ - കൂവ്വയിൽ വീടുവരെ

അയനത്തെ താഴെ കോൺക്രീറ്റ്പാലം

പുതിയവീട് -പരുവത്തില (സ്ലാബ്)

നണിയൂർ നമ്പ്രം യുവജനകലാവേദിക്കടുത്തുള്ള വയലിൽ നടപ്പാത

മുല്ലക്കൊടി ഹരിജൻകോളനി- മാപ്പിള എൽ.പി.എസ്

മുല്ലക്കൊടി യു. പി. -കുറ്റിച്ചിറപ്പാലം

എരിഞ്ഞിക്കടവ് -കരക്കണ്ടം

മഠപ്പുര-കയരളം യു.പി.എസ്

വലിയവീട്ടിൽ ക്ഷേത്രം-ആലിൻകടവ് സ്ലാബ്

ഞാറ്റുവയൽ - മുല്ലക്കൊടി കൈവയൽ

പട്ടം വയൽ - ആലിൻകടവ്

കരക്കണ്ടം - ചെമ്പോട്ടിൽ വീട് വരെ

എരിഞ്ഞിക്കടവ് - മേച്ചേരി

കണ്ടക്കൈ പോസ്റ്റാഫീസ് - വായനശാല

വേളം അമ്പലം വയലിൽക്കൂടി നടപ്പാത

കോട്ടയാട്ട് വടക്കെ വയൽ - കിഴക്കെ വയൽ (ഫാം റോഡ്)

പാറപ്പുറം കോട്ടയാട് റോഡ് - ചെക്കിക്കടവ്

ഇരുംനമ്പ്രം കുറ്റിയിൽപീടിക - പെരുവങ്ങൂർ എൽ. പി.

ചെക്കീലിടം - കൊല്ലൻകുന്ന്.

ലക്ഷംവീട് - കുട്ട്യൻകുന്ന്

ചീരാച്ചേരി - പാവന്നൂർമൊട്ട.

ഒമ്പതാം മൈൽ - പൂത്താംകണ്ടം

എരിഞ്ഞിക്കടവ് - കോറളായി -പാലം

മലപ്പട്ടം മുനമ്പ്കടവിന് പാലം

ഊർജ്ജം

മനുഷ്യപുരോഗതിയുടെ അവിഭാജ്യഘടകമാണ് ഊർജ്ജം. എന്നാൽ നാമിന്ന് ഏറ്റവും അധികം പ്രതിസന്ധി നേരിടുന്നതും ഈ മേഖലയിലാണ്. കൂടികൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് പുതിയ ഊർജ്ജ ശ്രോതസ്സുകൾ കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് ഇതിലെ പരിമിതി. വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ് ദൈനം ദിന ആവശ്യങ്ങൾക്കായി നാം മുഖ്യമായി ഉപയോഗിക്കുന്ന ഊർജ്ജ ശ്രോതസ്സുകൾ.

വെളിച്ചത്തിനായി മണ്ണെണ്ണയും പാചകത്തിനായി വിറകുമാണ് ഇവിടെ കൂടുതൽ ഉപയോഗിക്കുന്നത്. വീടുകളിൽ വിവിധ ഇന്ധനങ്ങളുടെ ഉപയോഗക്രമം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക- ഊർജ്ജ വിനിയോഗം

ഇന്ധനം	വെളിച്ചം%	എണ്ണം	പാചകം	എണ്ണം
		ഉപഭോഗം%		
വിറക്	-	-	98	3736
മണ്ണെണ്ണ	51.3	1956	.73	28
ഗ്യാസ്	-	-	.72	28
വൈദ്യുതി	48.7	1857	.55	21

അവലംബം:സാമൂഹ്യസാമ്പത്തികസർവെ-92

അടുത്ത കാലത്തായി പാചകത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടി വന്നിട്ടുണ്ട്. 1995-96 വർഷത്തിൽ 8 റേഷൻകടകളിലൂടെ 192,193 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്നവരുടെയും എണ്ണം വർധിച്ചിട്ടുണ്ട്.

ഇന്ധനക്ഷമത കുറഞ്ഞ അടുപ്പുകളാണ് 94% വീടുകളിലും ഉപയോഗിക്കുന്നത്. ഒരു കുടുംബത്തിന് പാചകത്തിനായി പ്രതിദിനം 8-10 കിലോ ഗ്രാം വിറക് ആവശ്യമാണ്. പഞ്ചായത്തിലെ ഒരു ദിവസത്തെ വിറകിന്റെ ഉപഭോഗം ഏകദേശം 41000 കിലോ ഗ്രാം വരും. വിറകിന്റെ വില കിലോവിന് 80 പൈസയായി കണക്കാക്കിയാൽ 32800 രൂപയുടെ വിറക് പ്രതിദിനം ഉപയോഗിക്കുന്നുണ്ട്. വിറക് സ്വന്തമായി ശേഖരിക്കുന്നതുകൊണ്ട് വിലയുടെ രൂക്ഷത നമുക്ക് നേരിട്ടനുഭവപ്പെടുന്നില്ല.

എന്നാൽ സഫല ഊർജ്ജം കണക്കാക്കുമ്പോൾ കൂടുതൽ വില നല്കുന്നതായി കാണാം. നിലവിലുള്ള നാടൻ അടുപ്പുകളുടെ കാര്യക്ഷമത ഇല്ലായ്മയാണ് ഇതിനു കാരണം. ഇതിനൊരു പരിഹാരമായി രൂക്ഷതകൂടിയ പരിഷത് അടുപ്പുകൾ പഞ്ചായത്തിലെ എല്ലാ വീടുകളിലും പ്രചരിപ്പിക്കേണ്ടതുണ്ട്. ഇതുവഴി വിറകിനുവേണ്ടി ഇപ്പോൾ ഓരോ കുടുംബവും ചിലവഴിക്കുന്നതിന്റെ പകുതിയെങ്കിലും ലാഭിക്കാൻ കഴിയും. രൂക്ഷത കൂടിയ പരിഷത് അടുപ്പിന്റെ ഗവേഷണ പ്രവർത്തനങ്ങളിൽ ഒരു വർഷക്കാലം ഫീൽഡ് ഗവേഷണം നടന്ന പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു വർഷക്കാലം ഫീൽഡ് പഠനങ്ങൾ ഏറ്റെടുത്തിരുന്നു. എന്നാൽ 152 പരിഷത്അടുപ്പുകൾ മാത്രമേ ഉപയോഗത്തിലുള്ളൂ.

മയ്യിൽ പഞ്ചായത്തിൽ വൈദ്യുതിഎത്തിയിട്ട് 26 വർഷം കഴിഞ്ഞു. എല്ലാ വാർഡുകളിലേക്കും വൈദ്യുതി എത്തിയെങ്കിലും ഇനിയും വൈദ്യുതി തീരെ എത്താത്ത ചിലഭാഗങ്ങൾ ഇവിടെയുണ്ട്. മാങ്ങാട്ട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് പ്രധാനമായും ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. മയ്യിൽ, കൊളച്ചേരി, ഏച്ചൂർ ഇലക്ട്രിക്കൽ സെക്ഷൻ വഴിയാണ് പഞ്ചായത്തിലെ വൈദ്യുതി വിതരണം നടക്കുന്നത്. വ്യത്യസ്ത പ്രദേശങ്ങളിലായി 20 ട്രാൻസ്ഫോർമറുകളാണ് ഇവിടെയുള്ളത്.

വിശദ വിവരം പട്ടിക 1ൽ

പൊയ്യൂർ	63K.V.A	8-10മൈൽ	63
മയ്യിൽ	"	8 4 "	100
നിരത്തുപാലം	100 K.V.A	ഇരു.നമ്പ്രം	63 K.V.A
മയ്യിൽബസാർ	100 K.V.A	ഒറപ്പൊടി	100
ചെക്യാട്ടുകാവ്	"	പഴയാശുപത്രി	63
മുല്ലക്കൊടി	"	ചെക്കിക്കുളം	
എരിഞ്ഞിക്കടവ്		നെല്ലിക്കപ്പാലം	
കോറളായി	50 K.V.A	കടൂർ	
കണ്ടക്കൈ	63 K.V.A	അരിമ്പ്ര	
		പറശ്ശിനിറോഡ്	
		പെരുമാച്ചേരിC.R.C	

അവലംബം ദ്വിതീയ വിവരശേഖരണം വൈദ്യുതി ആഫീസ്

കേരളത്തിന്റെ പൊതുവായ ഊർജ്ജ പ്രതിസന്ധിയുടെ രൂക്ഷത മയ്യിൽ പഞ്ചായത്തിലും വളരെ പ്രകടമാണ്. പീക്ക് ലോഡ് സമയത്ത് വോൾട്ടേജ് 50 ൽ താഴെയായി കുറയുന്നുണ്ട്. പഞ്ചായത്തിലാകെ 2940 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. വിശദവിവരം പട്ടിക-2ൽ.

പട്ടിക - 2

നിലവിലുള്ള ഉപഭോക്താക്കൾ	എണ്ണം
ഗാർഹികം	2218
വ്യാപാരം	408
വ്യാവസായികം	168
കാർഷികം	146
ആകെ	2940

വൈദ്യുതി വിതരണത്തിലെ കാര്യക്ഷമത ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആവശ്യത്തിന് ട്രാൻസ്ഫോർമറുകളും വിതരണത്തിലെ അപാകതയും പരിഹരിച്ചാൽ വോൾട്ടേജ് കമ്മിക്ക് കുറച്ചൊക്കെ പരിഹാരം കാണാൻ കഴിയും. വിശദമായ ഒരു പവർലൈൻ മാപ്പിംഗ് അനിവാര്യമാണ്. അതോടൊപ്പം തന്നെ വിവിധ വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച ശാസ്ത്രീയ കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായും ഉണ്ട്.

ഇനിയും വൈദ്യുതി ലഭിക്കാത്ത 50% കുടുംബങ്ങളുടെ കാര്യം മേൽ സൂചിപ്പിച്ചു. ഇവരിൽ കണക്ഷനുവേണ്ടി അപേക്ഷിച്ചവരുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക -3

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം.

ഓർഡിനറി	373
ഒ.ടി.വി	9
ഒ.വൈ.ഇ.സി	99
ആകെ	481

പഞ്ചായത്തിലെ പ്രധാന വഴികളിൽ ചിലതിൽ ഇനിയും തെരുവുവിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. 246 ബള്ബുകളും 5 ട്യൂബുകളുമാണ് തെരുവുവിളക്കായി ഉപയോഗിക്കുന്നത്. ഈ ഇനത്തിലേക്കായി കഴിഞ്ഞ വർഷം 34092 രൂപ പഞ്ചായത്ത് ചിലവഴിച്ചിട്ടുണ്ട്. കാർഷികാവശ്യത്തിന് ജലസേചന പമ്പുസെറ്റുകൾ സ്ഥാപിച്ച പലർക്കും ഒരു വർഷം കഴിഞ്ഞിട്ടും വൈദ്യുതി കിട്ടാത്തത് കർഷകരെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

<u>പ്രശ്നങ്ങൾ</u>

1. പാചകത്തിനാവശ്യമായ ഇന്ധനത്തിന്റെ ദൗർലഭ്യം
2. 50% വീടുകൾക്ക് വൈദ്യുതി ഇല്ല.
3. വോൾട്ടേജ് കമ്മി.
4. വൈദ്യുതി ദുരുപയോഗം

<u>സാധ്യതകൾ, നിർദ്ദേശങ്ങൾ</u>

1. രൂക്ഷത കൂടിയ അടുപ്പ് എല്ലാ വീടുകളിലും എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം
2. സ്പോട്ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കണം
3. കാർഷികാവശ്യത്തിന് പമ്പ് സെറ്റ് വാങ്ങിയവർക്ക് വൈദ്യുതി കണക്ഷൻ അടിയന്തിരമായും നല്കണം.
4. ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ
5. പൊതുശ്മശാനം വൈദ്യുതീകരിക്കണം
6. വൈദ്യുത ലൈനിൽ തട്ടുന്ന മരച്ചില്ലകൾ യഥാസമയം മാറ്റണം.
7. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലം -

കാട്ടിലെപ്പീടികക്കും കടൂർമുക്കിനും ഇടയിൽ

പെരുമ്പാറക്കടവ്, തയ്യിലെവളപ്പ്, അറാക്കാവ്, കിളിയളം ഹരിജൻ കോളനി, മയ്യിൽ ഇല്ലം

മുക്ക്, പെരുവങ്ങൂർമൊട്ട

മുല്ലക്കൊടി ലക്ഷം വീട്, ചെക്കിക്കടവ്, നണിയൂർനമ്പ്രം വയൽ

ചട്ടുകപ്പാറയിൽ കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാധ്യത പരിശോധിക്കണം.

8.മയ്യിൽ ടൗണിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ

9.പവർ ലൈൻ മാപ്പിംഗ് നടത്തണം.

10. ഗതാഗതത്തിനു തടസ്സം നില്ക്കുന്ന വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

11. ദ്രവിച്ചു പഴകിയ എല്ലാ പോസ്റ്റുകളും അടിയന്തിമായും മാറ്റണം.


12. മയ്യിൽ ലക്ഷംവീടിൽ സൗരോർജ്ജവിളക്ക് സ്ഥാപിക്കണം.


13. വൈദ്യുതി ഇല്ലാത്ത വീടുകളിൽ സബ്സിഡി നിരക്കിൽ സൗരോർജ്ജ റാന്തൽ വിതരണം ചെയ്യണം.

14. പാടിക്കുന്നിൽ വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിക്കണം.

15. ഗ്രന്ഥശാലകൾക്ക് സൗജന്യമായി വൈദ്യുതി അനുവദിക്കണം.

16. വെതർസ്റ്റേഷൻ സ്ഥാപിച്ച് സൗരോർജ്ജം, കാറ്റിൽനിന്നുള്ള വൈദ്യുതി സാധ്യതകൾ ആരായണം





5-7 പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിടസൗകര്യങ്ങളുടെ കാര്യത്തിൽ സാമാന്യം തൃപ്തികരമായഅവസ്ഥയാണ് മയ്യിൽ പഞ്ചായത്തിലുള്ളത്. വേനരഹിതരുടെ എണ്ണം താരതമ്യേന ഇവിടെ കുറവാണ്. പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ സവിശേഷതകൾ താഴെകൊടുത്ത പട്ടിക പരിശോധിച്ചാൽ വ്യക്തമാകും.

മേൽക്കൂര	എണ്ണം	തറ	എണ്ണം.
പുല്ല്/ഓല	175	മണ്ണ്	2877
ഷീറ്റ്	13	സിമൻറ്	861
ഓട്	3277	മൊസൈക്ക്	69
കോൺക്രീറ്റ്	345	മറ്റുള്ളവ	6
മറ്റുള്ളവ	3		

ഭിത്തി	എണ്ണം	വിസ്തീർണ്ണം (അടി)	എണ്ണം.
ഓല	28	200ൽ താഴെ	679
മൺകട്ട	2315	201-500	1498
മരം/ഷീറ്റ്	73	501-1000	1215
ഇഷ്ടിക/കല്ല്	1397	1001-1500	321
		1501 ന് മുകളിൽ	100

അവലംബം: സാവൂഹ്യ സാമ്പത്തിക സർവ്വേ'92.

വർഷംപ്രതി ശരാശരി 170 പുതിയ വീടുകൾ പഞ്ചായത്തിൽ നിർമ്മിക്കുന്നുണ്ട് എന്ന് കണക്കാക്കിയിരിക്കുന്നു. നിലവി ലുള്ള വീടുകളിൽ ബഹുഭൂരിഭാഗവും ഓടിട്ട ഇരുനില കെട്ടിടങ്ങളാണ്.

അമ്പതുവർഷം മുമ്പ്വരെ പഞ്ചാ യത്തിലെമുഖ്യ ആവാസ പ്രദേശങ്ങൾ വള പട്ടണം പുഴയോട് ചേർന്നിട്ടുള്ള കണ്ട ക്കൈ, കയരളം ഭാഗങ്ങളും തെക്കു ഭാഗ ത്ത് താഴ്വരകളോട് അടുത്തു നിൽക്കുന്ന ചെറുപഴശ്ശിപ്രദേശവുമാണ്. മയ്യിൽ ഗവ.ഹൈ സ്കൂൾ സ്ഥാപിതമായതോടെ അതുമായി ബന്ധപ്പെട്ട് ഉണ്ടായ വിവിധ മേ ഖലകളിലെ വികസന പ്രവർത്തനങ്ങൾ ഈ ഉയർന്ന പീഠഭൂമിയിലേക്ക് ജനങ്ങളെ ആ കർഷിച്ചു. ജനസംഖ്യയിലുണ്ടായ വർധന വ്, കമ്പിൽ - ചാലോട് റോഡിന്റെ വിക സനംമൂലമുണ്ടായ ഗതാഗത സൗകര്യങ്ങൾ എന്നിവയും ഈ ജനവാസവ്യാപനത്തിന് കാരണമായി. താഴ്വര പ്രദേശങ്ങളിൽ നെൽകൃഷി അടിസ്ഥാനമാക്കിയുള്ള കാർഷിക സമ്പദ് വ്യവസ്ഥക്ക് മാറ്റങ്ങൾ വരികയും തെങ്ങ്, കശുവണ്ടി തുടങ്ങിയ വാണിജ്യ വിളകൾക്ക് പ്രാധാന്യം കൈവരി കയും ചെയതത് അതിനു സഹായകമായി. ഇന്ന് ഏറ്റവും ഏറെ പാർപ്പിടങ്ങൾ ഏറെ വർധിച്ചു കൊണ്ടിരിക്കുന്നത് പഞ്ചായത്തി നെ നെടുകെ മുറിച്ചു കൊണ്ടുപോകുന്ന റോഡിന്റെ പാർശ്വങ്ങളിലാണ്.

മൺകട്ടയും, ചെങ്കല്ലുമാണ് വീടിന്റെ ചുമർ നിർമ്മാണത്തിന് കൂടുത ലായി ഉപയോഗിച്ചുവരുന്നത്. ബഹുഭൂ രിഭാഗം വീടുകളും 200 മുതൽ 1000 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ളതാണ്. നിലവിലുള്ള വീടുകളിൽ കൂടുത ലും ഓ ടുമേഞ്ഞതാണെങ്കിലും സമീപകാലത്തു നി ർമ്മി ക്കുന്നവയുടെ മേൽക്കൂര മിക്കവാറും കോൺക്രീറ്റാണ്. നമ്മുടെ കാലാവസ്ഥക്ക് യോജിച്ചതല്ല കോൺക്രീറ്റ് വീടുകൾ എന്ന് പൊതുവെ ധാരണ ഉണ്ടെങ്കിലും തടിയുടെ അമിതമായ വിലക്കയറ്റം കാരണംഓടിനു പകരം കോൺക്രീറ്റ് മേൽപ്പുരനിർമ്മിക്കു ന്ന പ്രവണതകൂടിവരുന്നു. 1992 ൽ നടത്തി യ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം കേവലം 82 വീടുകൾ മാത്രമാണ് ഓല മേഞ്ഞതായി കണ്ടെത്തിയത്.

മേൽക്കൂരയുടെ കാര്യത്തിൽ മാത്ര മല്ല ചുമർ, തറ തുടങ്ങിയവയുടെ നിർ മ്മാണത്തിലും മാറ്റങ്ങൾ വന്നുകൊണ്ടിരി ക്കുന്നു. നിലവിലുള്ളവയിൽ ഭൂരിഭാഗം വീ ടുകളുടെയും തറ മണ്ണുകൊണ്ടുള്ളതാണ് എങ്കിലും മൊസൈക്ക്, കടപ്പ, മാർബിൾ, സിറാമിക്ക് ടൈൽസ് എന്നിവയ്ക്ക് പ്രിയം വർദ്ധിച്ചുവരുന്നു.

വാടകവീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം താരതമ്യേന കു റവാണ്- കേവലം 69 മാത്രം. വേന നിർമ്മാ ണാവശ്യത്തിനു വേണ്ട വായ്പാ സൗകര്യം ഇന്നു വേണ്ടത്ര ഇല്ല. ബ്ലോക്ക് അടിസ്ഥാ നത്തിൽ ഒരു സഹകരണസംഘം പ്രവർ ത്തിക്കുന്നുണ്ടെങ്കിലും ആവശ്യക്കാർക്കൊ ക്കെ വായ്പകൊടുക്കാൻ ഈ സ്ഥാപ നത്തിനു കഴിയാറില്ല. ആധുനിക രീതിയി ലുള്ള ഹൗസിംഗ് കോളനികൾ മയ്യിൽ പഞ്ചായത്തിലില്ല. ലക്ഷം വീട്കോളനികൾ രണ്ടും ഹരിജൻ കോളനികൾ അഞ്ചുമാണ് ഇവിടെ ഉള്ളത്. ലക്ഷംവീട് കോളനികളിലെ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കു ന്നു.

	കുടുംബാങ്ങൾ
മയ്യിൽ -	8
പെരുവങ്ങൂർ -	14

കെട്ടിട നിർമ്മാണ രംഗത്ത് ചില പരീക്ഷണങ്ങളും മയ്യിൽ പ്രദേശത്ത് നടന്നിട്ടുണ്ട്. ചിലവുകുറഞ്ഞ കെട്ടിടങ്ങൾ എന്ന ആശയം തുടക്കത്തിൽ തന്നെ ഇവിടെ പ്രാവർത്തികമാക്കാൻ ശ്രമിച്ചതായിക്കാണാം. ഹോളോ ബ്രിക്സ്, ഉരുളൻകല്ല് എന്നിവ കൊണ്ടുള്ള ഗൃഹമാതൃകകൾ ഉദാഹരണങ്ങളാണ്. കെട്ടിട നിർമ്മാണ ത്തിനാവശ്യമായ വെട്ടുകല്ല്, കരിങ്കല്ല്,കോൺക്രീറ്റ് കട്ടിള, ജനലുകൾ, മണൽ തുടങ്ങിയ നിർമ്മാണ വസ്തുക്കൾ ഇവിടെ വേണ്ടത്രലഭ്യമാണ്. സമീപ പഞ്ചായത്തുകളിലടക്കം ഈ വിഭവങ്ങൾ ഇവിടെ നിന്നാണ് കൊണ്ടു പോകുന്നത്. വിദഗ്ധരായ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം ഇവിടെ അനുഭവപ്പെടുന്നു. സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം, മൊത്തം തൊഴിലാളികളിൽ 4% വരുന്ന 265 പേർ നിർമ്മാണ തൊഴിലാളികളാണെന്നു കാണാം. തൊഴിലാളികളിൽ 12% പേർ ചെങ്കൽ, കരിങ്കൽ ക്വാറികളിലാണ് ജോലിചെയ്തുവരുന്നത്. കൃഷികഴിഞ്ഞാൽ ഏറ്റവും അധികം സ്ത്രീകൾ തൊഴിലെടുക്കുന്ന മേഖലയും ഇതുതന്നെ. മെച്ചപ്പെട്ട കൂലി നിരക്ക് നിലനിൽക്കുന്നതിനാൽ സമീപകാലത്തായി അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരും നിർമ്മാണ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. നിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്ക് ചുവടെ കൊടുക്കുന്നു.

	പു	സ്ത്രീ
കൽപ്പണി	125	50
തേപ്പ്പണി	125	50
ആശാരിപ്പണി	125	-
പെയിൻറിംഗ്	125	-
കോൺക്രീറ്റ്	150	100

[അവലംബം ഗ്രാമ സഭാ രേഖകൾ]

വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ 8ാം പദ്ധതിക്കാലത്ത് പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളഭവനങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു. വളരെ കുറച്ച് പേർക്കേ ഇത്തരം പദ്ധതികളിലൂടെ സഹായം ലഭിക്കുന്നുള്ളൂ എന്നുകാണാം.

സാമ്പത്തികസഹായം ലഭി ച്ചവരുടെ എണ്ണം	പണി പൂർത്തിയാക്കിയവർ
110	107

[ദ്വിതീയ വിവര ശേഖരണം]

പ്രശ്നങ്ങൾ:

- അമിതമായ നിർമ്മാണ ചിലവ്
- നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
- വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട്
- വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം
- ഭൂമിയുടെ അമിതമായ വിലക്കയറ്റം.

സാധ്യതകൾ:

- ഭവന നിർമ്മാണത്തിനു വായ്പ
- ലഭ്യമാക്കാൻ സഹകരണ സംഘംരൂപീകരിക്കുക.
- ചിലവുകുറഞ്ഞ വീടുകളുടെ പ്രചാരണം.
- ഫ്ളാറ്റ് സമ്പ്രദായം പ്രചരിപ്പിക്കൽചെ
- ലവുകൂടിയ വീടുകൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തൽ.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് വളരെയധികം പ്രവർത്തനങ്ങൾ നടക്കുന്ന ഒരു കാലഘട്ടമാണിത്. ഗവൺമെൻറും, സാമൂഹ്യ സന്നദ്ധ - സംഘടനകളും വിവിധ സാമ്പത്തിക സ്ഥാപനങ്ങളും വളരെയേറെ

ശ്രദ്ധചെലുത്തുന്ന ഒരു മേഖലയാണിത്. മൊത്ത വരുമാനത്തിന്റെ നല്ല ഒരു ശതമാനം ഉല്പാദന ക്ഷമമല്ലാതിരുന്നിട്ടും ഇത്തരം മേഖലയിൽ വിനിയോഗിക്കുന്നത് ഒരു പുത്തൻ അവബോധത്തിന്റെ സാംസ്ക്കാരികചിഹ്നമായി നമുക്ക് കാണാം.

ഏറ്റവും അവസാനം നടന്ന IRDP സർവ്വേ അനുസരിച്ച് 2043 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇതിൽ 195 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരത്രെ. DWCRA, TRYSEM തുടങ്ങിയ പദ്ധതികൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കിനടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ ചിലതാണ്. ട്രൈസം പദ്ധതി അനുസരിച്ച് ഇതുവരെയായി പരിശീലനം ലഭിച്ച 107 പേരിൽ 74 പേർ സ്വയംതൊഴിൽ കണ്ടെത്തുകയുണ്ടായി. കരിങ്കൽ ജില്ലി വർക്സ്, തയ്യൽ, ഇലക്ട്രിക്കൽ, വയറിംഗ് തുടങ്ങിയ തൊഴിൽ മേഖലകളിലാണ് കൂടുതൽ പേരും ഏർപ്പെട്ടിരിക്കുന്നത്. ആകെ ട്രൈസം പരിശീലനം ലഭിച്ചവർ ഇന്നേർപ്പെട്ടിരിക്കുന്ന തൊഴിൽ രംഗത്തെ പട്ടിക താഴെ കൊടുക്കുന്നു.

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവർ	ഇതരതൊഴിലിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
കോഴിവളർത്തൽ	5	2	3	-
തയ്യൽ	24	24	-	-
ഇലക്ട്രീഷൻ	27	13	13	2
പ്രിൻറിംഗ്കമ്പോസിംഗ്	11	4	4	3
വയറിംഗ്	8	8	-	-
വെൽഡിംഗ്	3	-	3	-
പ്ളംബിങ്ങ്	3	3	-	-
കരിങ്കൽജില്ലി വർക്സ്	20	20	-	4
റേഡിയോ & TV റിപ്പയർ	4	-	-	-
കാർപ്പൻററി	1	1	-	-
ഷിറ്റ്മെറ്റൽവർക്സ്	1	-	1	-
ആകെ	107	74	24	9

[അവലംബം- ദ്വിതീയ വിവരശേഖരണം-]

DWCRA പദ്ധതി അനുസരിച്ച് 4 യൂനിറ്റുകൾക്കാണ് ഇവിടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളത്. കരിങ്കൽ, ബീഡി, ഹോട്ടൽ യൂനിറ്റുകളായിരുന്നു പ്രധാനപ്പെട്ട സംരംഭങ്ങൾ. ഇതിൽ ഹോട്ടൽ യൂനിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വിശദ വിവരം പട്ടികയിൽ.

തൊഴിൽ സംരംഭത്തിന്റെ ഇനം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ.
ജില്ലിയൂനിറ്റ്	12	ഇപ്പോൾ 8പേർപ്രവർത്തിക്കുന്നു.
ജില്ലിയൂനിറ്റ്	10	" 7 "
ബീഡിയൂനിറ്റ്	10	" 6 "
ഹോട്ടൽ	10	ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

[അവലംബം- ദ്വിതീയ വിവരശേഖരണം-]

കരിങ്കൽ ജില്ലിയൂനിറ്റ്, ബീഡി യൂനിറ്റ് എന്നിവ തൃപ്തികരമായ രീതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 10 പേർ ചേർന്ന് മയ്യിൽ ടൗണിൽ ആരംഭിച്ച ഹോട്ടൽ യൂനിറ്റ് 4 വർഷക്കാലം പ്രവർത്തിച്ചു. ആരംഭത്തിൽ നന്നായെങ്കിലും ക്രമേണ ജോലിയിലുള്ള താല്പര്യക്കുറവ് കാരണം സ്ഥാപനം നിർത്തേണ്ടുന്ന അവസ്ഥയാണുണ്ടായത്. നല്ലൊരു സംഘമായിക്കൊണ്ട് സ്ഥാപനത്തെ നയിക്കാനുള്ള ശേഷിയില്ലായ്മ ഇതിന്റെ തകർച്ചയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോഴും നല്ല സാധ്യതയുള്ള ഒരു മേഖലയാണിത്.

വിവിധ ആവശ്യങ്ങൾക്കായി അനുവധിക്കപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ കൃത്യമായി ഉപയോഗിക്കപ്പെടാറുണ്ട്. കക്കൂസ് നിർമ്മാണത്തിന് സഹായം ലഭിച്ചമുഴുവൻ പേരും (20)ഇത് വിനിയോഗിച്ചിട്ടുണ്ട്.പഞ്ചായത്തിൽ ഇനിയും കക്കൂസ് ഇല്ലാത്ത 874 കുടുംബങ്ങളുണ്ട്. ഇത്ആകെ കുടുംബത്തിന്റെ 18% വരും. കൊള ച്ചേരി ശുദ്ധ ജല പദ്ധതി അനുസരിച്ച് പദ്ധതി പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ സോഷ്യോ ഇക്കണോമിക് യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ ദുർബലവിഭാഗങ്ങൾക്ക് ചിലവുകുറഞ്ഞ കക്കൂസ്നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി. വാർഡ്വാട്ടർ കമ്മറ്റിയുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടന്നത്. 2500/- രൂപയിൽ 500/- രൂപ ഗുണഭോക്താക്കളാണ് ഇതിനായി ചിലവഴിച്ചത്. അവശേഷിക്കുന്ന കക്കൂസ് ഇല്ലാത്ത 18% കുടുംബങ്ങൾ സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവരാണ്.

വിവിധ വകുപ്പുകളിലൂടെ ഗവൺമെൻറ് നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതി അനുസരിച്ച് പെൻഷൻ കൈപ്പറ്റുന്നവർ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. കഴിഞ്ഞ 5 വർഷക്കാലം വിവിധ പെൻഷൻ കൈപ്പറ്റിയവരുടെ എണ്ണം താഴെ ചേർക്കുന്നു.

കൊല്ലം	വിധവ	വികലാംഗ	വാർധക്യം	ക്ഷയം	കുഷ്ഠം	കാൻസർ	കർഷക	തൊഴിലില്ലായ്മ
1991	10	4	-	1	1	1	69	56 } 191 192
1992	09	1	3	2	-	-	44	
1993	01	3	-	1	-	-	19	
1994	04	1	2	-	-	1	18	96 } 193 194 195
1995	03	1	3	-	-	1	26	

അവലംബം- ദ്വിതീയ വിവരശേഖരണം

കർഷകത്തൊഴിലാളി പെൻഷനും തൊഴി ലില്ലായ്മ വേതനത്തിനുമാണ് ഏറ്റവും അധികം അപേക്ഷകർ ഉള്ളത്. 1992 ൽനടത്തിയ സാമൂഹ്യ സാമ്പത്തിക സർവെ അനുസരിച്ച് 2736പേർ തൊഴിൽ അന്വേഷകരായി ഉണ്ടായിരുന്നു. ഇതിൽ 2271പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവരാണ്. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനത്തിനും അർഹരായവർ നിരവധി പേർ ഈപഞ്ചായത്തിലുണ്ട്.

വിവിധ തൊഴിൽ മേലകളിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധികളിൽ 552 പേർ അംഗങ്ങളായിട്ടുണ്ട്. കരിങ്കൽ, ചെങ്കൽ, ചെത്ത്, നിർമ്മാണം എന്നിവയാണ് പ്രധാനപ്പെട്ടവ. വിശദ വിവരം താഴെ.

മേഖല	ക്ഷേമനിധിയിൽചേർന്നവർ	പെൻഷൻ ലഭിക്കുന്നവരുടെഎണ്ണം
കരിങ്കൽ	162	4
ചെങ്കൽ	250	8
കൺസ്ട്രക്ഷൻ	140	3

അവലംബം - ദ്വിതീയ വിവര ശേഖരണം

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലായി 25 അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കടൂർ, കണ്ടക്കൈ, കയരളം, നണിയൂർനമ്പ്രം എന്നിവിടങ്ങളിൽ മാത്രമാണ് അംഗൻവാടികൾക്ക് കെട്ടിടമുള്ളത്. ഗ്രാമ വികസന വകുപ്പിന്റെ കീഴിലായിരുന്നപ്പോൾ ഉണ്ടാക്കിയ കെട്ടിടങ്ങളാണിവ. സ്വന്തമായി കെട്ടിടമോ പാചക സാമഗ്രികളോ ആവശ്യമായ കളിക്കോപ്പുകളോ ഇല്ലാതെ പരിതാപകരമായ അവസ്ഥയിലാണ് മറ്റ് അംഗൻവാടികൾ. ഇവയുടെ ഭൗതിക സൗകര്യം നന്നാക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി അതിന്റെ പ്രവർത്തന മേഖലയിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ചിലപ്രവർത്തനങ്ങൾരൂപീകരിച്ചിട്ടുണ്ട്. അംഗൻവാടികളെ ക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

അംഗൻവാടികളുടെ വിവരം

നമ്പർ	സ്ഥലം
1	തായം പൊയിൽ
2	ചെറുപഴശ്ശി
3	ഒറവയൽ
4	ചേക്കോട്
5	കടൂർ
6	തൈലവളപ്പ്
7	പൊയ്യൂർ
8	വളളിയോട്ട്വയൽ
9	കാവിൻമൂല
10	നണിയൂർനമ്പ്രം
11	നണിയൂർനമ്പ്രം
12	അരിമ്പ്ര
13	മുല്ലക്കൊടി
14	മുല്ലക്കൊടി
15	കോറളായി
16	കൊവുപ്പാട്
17	കയരളം
18	കരക്കണ്ടം
19	കിളിയളം
20	കോട്ടയാട്
21	കണ്ടക്കൈ
22	കണ്ടക്കൈ
23	വേളം
24	പെരുവങ്ങൂർ
25	ഇരുവാപ്പുഴ നമ്പ്രം

പ്രശ്നങ്ങൾ:

1. സാമൂഹ്യ ക്ഷേമ പദ്ധതികൾ ജനകീയമാവുന്നില്ല.

2. വിദ്യാർത്ഥികൾക്ക് ലഭ്യമാവുന്ന സർക്കാർ സഹായങ്ങളെക്കുറിച്ച് അവബോധം വിദ്യാർത്ഥികൾക്കോ രക്ഷിതാക്കൾക്കോ യഥാസമയം വിവരം ലഭ്യമാവുന്നില്ല.

3. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ കാലാകാലംപരിഷ്ക്കരിക്കുന്നില്ല.


4. അംഗൻവാടികൾക്ക് ന്യായമായ വാടക കൊടുക്കുന്നതിന് ആവശ്യമായ തുകയഥാസമയം ലഭ്യമല്ല.

5. ലഹരിവിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
6. മന്ദബുദ്ധികൾ, അന്ധ-ബധിര-മൂക വിദ്യാർത്ഥികളെ പരിചരിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം ഇല്ല.
7. അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.
8. പെൻഷൻ ലഭിക്കുന്നതിലെ കാലതാമസം.

<u>സാധ്യതകൾ</u>

1. അംഗൻവാടികളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുക.
2. അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കണം.
3. മദ്യം പൂർണ്ണമായും നിരോധിക്കണം.
4. കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.
5. അംഗവൈകല്യം സംഭവിച്ചവർക്കുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.





5-8 സംസ്ക്കാരം

സമ്പന്നമായ ഒരു സാംസ്ക്കാരിക പശ്ചാത്തലം അവകാശ പ്പെടാവുന്ന പ്രദേശമാണ് മയ്യിൽ. വളരെക്കാലം മുമ്പുതന്നെ കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ഒരു ജനതയാണിവിടെ ഉണ്ടായിരുന്നത്. കാർഷിക സംസ്ക്കാരത്തിലൂന്നി നിന്നുകൊണ്ട്, ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, കലാസമിതികൾ, വയോജന വിദ്യാകേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക വളർച്ചയ്ക്ക് വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്.

വേളം, കണ്ടക്കൈ, കയരളം വായനശാലകൾ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾവഴി സാധാരണക്കാരന്റെ അവകാശബോധത്തെ തട്ടിയുണർത്തി. സാക്ഷരതാക്ലാസ്, ബോധവൽക്കരണ ക്ലാസുകൾ, വിവിധ രൂപത്തിലുള്ള കായിക മത്സരങ്ങൾ, കോൽക്കളി, പൂരക്കളി തുടങ്ങിയ നാടൻകലകൾ, പ്രസിദ്ധ നാടകമായ 'പാട്ടബാക്കി' തുടങ്ങി നിരവധിനാടകങ്ങൾ, വിവിധ നൃത്ത രൂപങ്ങൾ, ഇവയെല്ലാം സംഘടിപ്പിക്കാൻ ഈ സ്ഥാപനങ്ങൾക്കു കഴിഞ്ഞു. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ ഉണ്ടായ ഉണർവ്വിന്റെ ഫലമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അനേകം പുതിയ ഗ്രന്ഥശാലകളും, കലാസമിതികളും, നിലവിൽ വന്നു. ഇവയെല്ലാം ഏറിയുംകുറഞ്ഞും മേൽപ്പറഞ്ഞ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ 20 വർഷക്കാലമായി ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ ക്ളാസുകൾ, കലാപരിപാടികൾ തുടങ്ങിയ ബഹുജനവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആതിഥ്യംഅരുളുന്നതിനും ഇത്തരം സാംസ്ക്കാരിക സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്.

ഇത്തരത്തിൽ പഞ്ചായത്തിലെ എ ല്ലാവിധ പുരോഗമന പ്രവർത്തനങ്ങൾ ക്കും, ഊർജ്ജം പകരുന്നതിൽ ഈപ്രസ്ഥാ നങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക്നി സ്തുലമാണ്. അതുവഴി പുതിയആശ യങ്ങളും, കാഴ്ചപ്പാടുകളും, അവകാശ ബോധവും പ്രചരിപ്പിക്കുന്ന തിനും, ഒരുപരിധിവരെ പഞ്ചായത്തിലെ ജനങ്ങളെ യാ കെ ഒറ്റക്കെട്ടാക്കാനും സാധിച്ചു.

ഇന്ന് സ്റ്റേറ്റ് ലൈബ്രറി കൗൺ സിൽ അഫിലിയേഷനുള്ള 19 ഗ്രന്ഥശാ ലകൾ നമുക്കുണ്ട്.

പട്ടിക താഴെ

നമ്പർ	വാർഡ്	പേര്
1	1	YMRC ലൈബ്രറി & റീഡിംഗ് റൂം, കടൂർ
2	1	SHM വായനശാല & ഗ്രന്ഥാലയം, കൊളവയൽ, തായം പൊയിൽ.
3	1	യുവജന വായനശാല & ഗ്രന്ഥാലയം തായംപൊയിൽ
4	2	നവകേരള വായനശാല & ഗ്രന്ഥാലയം ചെറുപഴശ്ശി.
5	4	ജയകേരള വായനശാല & ഗ്രന്ഥാലയം വളളിയോട്.
6	4	പബ്ളിക് ലൈബ്രറി & സീ. ആർ.സി മയ്യിൽ
7	4	ദേശാഭിവൃദ്ധി വായനശാല & ഗ്രന്ഥാലയം പൊയ്യൂർ
8	4	യുവജന വായനശാല & ഗ്രന്ഥാലയം മയ്യിൽ.
9	5	ഗ്രാമീണ വായന ശാല & ഗ്രന്ഥാലയം അരീമ്പ്ര.
10	5	വിദ്യാപോഷിണി വായനശാല & ഗ്രന്ഥാലയം നണിയൂർ നമ്പ്രം.
11	7	ജ്ഞാനോദയംവായനശാല & ഗ്രന്ഥാലയം ചോയ്യാടം, കയരളം.
12	5	പൊതുജന വായനശാല & ഗ്രന്ഥാലയം നണിയൂർ നമ്പ്രം.
13	6	സി. ആർ.സി വായനശാല മുല്ലക്കൊടി.
14	7	രൈരുനമ്പ്യാർ സ്മാരക വായനശാല & ഗ്രന്ഥാലയം കൊവുപ്പാട്. കയരളം
15	7	AKG സ്മാരക വായനശാല & ഗ്രന്ഥാലയം, ഞാറ്റുവയൽ, കയരളം.
16	8	യുവജന ഗ്രന്ഥാലയം കയരളം
17	9	SJM വായനശാല & ദേശീയ ഗ്രന്ഥാലയം കണ്ടക്കൈ.
18	10	വേളം പൊതുജന വായനശാല വേളം.

ലൈബ്രറി കൗൺസിൽ അംഗത്വമെ ങ്കിലും സജീവമായി പ്രവർത്തിക്കുന്ന 10 വായ നശാലകൾ പഞ്ചായത്തിലുണ്ട്. അവയുടെ അനുബന്ധമായോ അല്ലാതെ യോ പ്രവർ ത്തിക്കുന്ന 11 കലാസമിതികളും 12 സ്പോർട്സ് ക്ലബ്ബുകളും ഉണ്ട്. 30 സ്ഥാ പനങ്ങൾക്ക് സ്വന്തമായികെട്ടിടങ്ങൾ ഉണ്ട്. 33.08 ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചാ യത്തിൽഓരോ ച.കി.മീറ്ററിനുളളിലും ഏ തെങ്കിലും ഒരു സാംസ്ക്കാരിക സ്ഥാ പനമെങ്കിലും പ്രവർത്തിക്കുന്നു എന്നത് എടു ത്തുപറയത്തക്കതാണ്. കലാരംഗത്ത് പ ഞ്ചായത്തിലാകെ വന്പിച്ച ഉണർവ്വുണ്ടാക്കി യ പ്രവർത്തനമായിരുന്നു. 1975 മാർച്ച് -

ഏപ്രിലിൽ നടന്ന മയ്യിൽ - കുറ്റ്യാട്ടൂർ പഞ്ചായത്ത് കലോത്സവം. അത് സംഘടിപ്പിക്കുന്നതിൽ യശശ്ശരീരനായ കെ. പി. ആർ. മാരാർവഹിച്ച പങ്ക് അവിസ്മരണീയമാണ്. എന്നാൽ പിന്നീട് പഞ്ചായത്ത് തലത്തിൽ ഏകോപനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. എങ്കിലും ഗ്രന്ഥാലയങ്ങളും കലാസമിതികളുടെയും വാർഷി കാഘോഷവേളകളും, ചില കലാസമിതികൾ സംഘടിപ്പിക്കുന്ന നാടക മത്സരങ്ങളും ഓണാഘോഷങ്ങളും കലാരംഗത്തെ ജ്വലിപ്പിച്ചു നിർത്താൻ സഹായിക്കുന്നുണ്ട്.

ജനങ്ങളുടെ ഐക്യത്തിന്റെ വേദികളായിരുന്നു ആരാധനാലയങ്ങൾ. ചാലങ്ങോട്ട്കാവ്, മുച്ചി ലോട്ടുകാവ്, ചെറുപഴശ്ശിക്കാവ് തുടങ്ങിയ കാവുകളും, പുരാതനമായ വേളം ഗണപതിക്ഷേത്രം പോലുള്ളക്ഷേത്രങ്ങളും ആരാധനാലയങ്ങൾഎന്നതിലുപരി സാംസ്ക്കാരിക സംഗമവേദികളുമായിരുന്നു. നാടകങ്ങൾ തുടങ്ങിയ കലകളുടെയും, ടെലിവിഷന്റെയുംസ്വാധീനം വർധിക്കുകയും അനുഷ്ഠാന കലയായ തെയ്യങ്ങളുടെ പ്രാധാന്യം കുറഞ്ഞു വരികയും ചെയ്യുന്നുണ്ട്.

ഹിന്ദുമതവും, ഇസ്ലാംമതവുമാണ് ഇവിടുത്തെ പ്രധാന മതങ്ങൾ.മതസൗഹാർദ്ദത്തിന്റെയും, സഹവർത്തിത്വത്തിന്റെയുംമികച്ച കേന്ദ്രമാണ് പണ്ടുമുതലേ മയ്യിൽ പഞ്ചായത്ത്. മതസംഘർഷങ്ങളുടെ ചരിത്രം ഈ പ്രദേശത്തിനില്ല. മുസ്ലീം ആരാധനാസ്ഥലമായ 'ആയാർ മുനമ്പി' ലെ നേർച്ചയിൽ ഹിന്ദുക്കളും പങ്കെടുക്കാറുണ്ട് എന്നത് സഹവർത്തിത്വത്തിന്റെ മൂർത്തമായ ഒരുദാഹരണമാണ്.

ജാതീയമായ വേർതിരിവുകളും സാമൂഹ്യബന്ധങ്ങളും മുൻകാലത്തുണ്ടായിരുന്നു. അധഃകൃതരെന്നു കണക്കാക്കപ്പെട്ടിരുന്ന പുലയർക്ക് തീണ്ടൽ ബാധകമായിരുന്നു. പുലയർ തൊട്ട വസ്തു സവർണ്ണർ ഉപയോഗിക്കണമെങ്കിൽ വെള്ളത്തിൽ മുക്കിയെടുക്കുകയോ, മുസ്ലീം വിഭാഗത്തിൽപ്പെട്ടവർ എടുത്തുകൊടുക്കുകയോ വേണമായിരുന്നു.

ജാതീയമായ തൊഴിൽ വിഭജനവും മുൻകാലത്തുണ്ടായിരുന്നു. ഇതിനെതിരെ പല ബോധവൽക്കരണ-പ്രക്ഷോഭ പ്രവർത്തനങ്ങളും നടന്നിരുന്നു. അതിൽ ശ്രദ്ധേയമായ ഒന്നാണ് ഇടൂഴി നമ്പൂതിരിയുടെ നേതൃത്വത്തിൽ നടന്ന മിശ്രഭോജനം. ഇത്തരത്തിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളുടെയും രാഷ്ട്രീയപ്രക്ഷോഭങ്ങളുടെയും ഉപോൽപ്പന്ന മെന്നനിലയിൽ ഇന്ന് ജാതീയമായ തൊഴിൽ വിഭജനമോ തീണ്ടലോ നിലനിൽക്കുന്നില്ല. സാമൂഹ്യ പ്രവർത്തനങ്ങളിൽ മാത്രമല്ല കുടുംബപരമായ ചടങ്ങുകളിലും ആഘോഷങ്ങളിലും ജാതിനോക്കാതെയുള്ള പങ്കാളിത്തം എല്ലാ പ്രദേശങ്ങളിലും ഉണ്ട്.

<u>കായികരംഗം.</u>

വടക്കൻ കേരളത്തിൽ കണ്ടു വരുന്ന ഒട്ടുമിക്ക കായിക വിനോദങ്ങളും നമ്മുടെ പഞ്ചായത്തിലും സർവ്വസാധാരണമായിരുന്നു. ഫുട്ബാൾ, വോളിബോൾ, ബാറ്റ്മിൻറൺ, കബഡി എന്നിവയായിരുന്നു പണ്ടുമുതലേ ഉണ്ടായിരുന്ന മുഖ്യവിനോദങ്ങൾ. ഫുട്ബാൾ, വോളിബോൾ എന്നി വയിൽ മയ്യിൽ പഞ്ചായത്ത് പ്രസിദ്ധമാണ്. ജില്ലാനിലവാരത്തിലുള്ള ക്ലബ്ബുകളിൽ കളിക്കുന്ന ധാരാളം താരങ്ങളെ സംഭാവന ചെയ്യാൻ മയ്യിൽ പഞ്ചായത്തിന് കഴിഞ്ഞി

ട്ടുണ്ട്. അതിൽ മയ്യിൽ യങ് ചാലഞ്ചേഴ്സ് സ്പോർട്ട്സ് ക്ലബ്ബിന്റെ പങ്ക് പ്രഥമഗണനീയമാണ്. മുമ്പ് മയ്യിൽ സി. ആർ.സി. യുടെയും കുറച്ചു വർഷങ്ങളായി യങ് ചാലഞ്ചേഴ്സ് സ്പോർട്ട്സ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ നടക്കുന്ന ഫുട്ബാൾ ടൂർണ്ണമെൻറ് എടുത്തുപറയത്തക്കതാണ്. ജില്ലാ നിലവാരത്തിലുള്ള ട്ടൂർണ്ണമെൻറുകളിൽ നിരവധി തവണ ചാമ്പ്യൻഷിപ്പ് നേടിയ യങ് ചാലഞ്ചേഴ്സ് സ്പോർട്ട്സ് ക്ലബ് ഫുട്ബാൾ പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കയരളം രൈരുന മ്യാർ സ്മാരക കലാകേന്ദ്രവും, വേളം പൊതുജന വായനശാലയും സംഘടിപ്പി ക്കുന്ന വോളിബാൾ ടൂർണ്ണമെൻറുകൾ പ്രശസ്തങ്ങളാണ്. അടുത്തകാലത്തായി ക്രിക്കറ്റ് ക്ലബുകൾ രൂപീകരിച്ച് ക്രിക്കറ്റ് പരിശീലനവും, ടൂർണ്ണ മെൻറും സംഘടിപ്പിച്ചു തുടങ്ങിയിട്ടു ണ്ട്. ഷട്ടിൽ ബാറ്റ്മിൻറൺ, ബാൾ ബാറ്റ്മി ൻറൺ, കബഡി എന്നിവയും, മററുപല നാടൻകളികളും സ്മരണമാത്രമായി മാറിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്ത് സ്റ്റേഡിയം അരിമ്പ്രയിലാണുള്ളത്. സ്റ്റേഡിയം ഇനിയും വേണ്ടത്ര സൗകര്യപ്രദമായി മാറ്റാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഉള്ളസൗകര്യം വേണ്ടത്ര ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതാണ്. മയ്യിൽ ഗവ.ഹൈസ്കൂൾഗ്രൗണ്ട് ജില്ലയിലെ പ്രമുഖ കളിസ്ഥലങ്ങളിൽ ഒന്നാണ്.

1990 ൽ നടത്തിയ കേരളോത്സവത്തിന്റെ ഭാഗമായി ഗ്രൗണ്ട് നിരപ്പാക്കൽ നടന്നുവെങ്കിലും, പുല്ലുവെച്ച്പിടിപ്പിച്ച് മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല. ഫുട്ബാൾ, ബാസ്ക്കറ്റ്ബാൾ തുടങ്ങി നിരവധി സ്പോർട്ട്സ് പരിപാടികൾക്ക് അനുയോജ്യമാണത്.

ദൈനംദിന പ്രവർത്തനങ്ങൾ ഉള്ളതും പ്രത്യേകാവസരങ്ങളിൽ മാത്രം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുമായ കുറെയേറെ സ്പോർട്ട്സ് ക്ലബുകൾ പഞ്ചായത്തിലുണ്ട്. ആസൂത്രിതമായ കായിക വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ വലിയ മുന്നേറ്റത്തിന് അനുയോജ്യമായ പശ്ചാത്തലം ഈ പഞ്ചായത്തിനുണ്ട്.

<u>പ്രശ്നങ്ങൾ</u>

1. പഞ്ചായത്തിലെ മിക്ക സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ല. ഉള്ള ഭൗതികസാഹചര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
2. സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്.
3. മിക്ക സ്ഥാപനങ്ങളിലെയും ടെലിവിഷന്റെ നിയന്ത്രണമില്ലാത്ത പ്രവർത്തനം സാംസ്ക്കാരികപ്രവർത്തനങ്ങളെ ദോഷകരമായിബാധിക്കുന്നു. പുതിയ തലമുറയെ സാംസ്ക്കാരിക പ്രവർത്തനങ്ങളുമായിബന്ധപ്പെടുത്തുന്നതിൽ ടെലിവിഷൻ പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നു.
4. മിക്ക സ്ഥാപനങ്ങളും സ്വന്തമായി കലാപരിപാടികൾ തയ്യാറാക്കി അവതരിപ്പിക്കുന്ന ശീലത്തിൽനിന്ന് പിറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പകരം പ്രൊഫഷണൽ സംഘങ്ങളുടെ പരിപാടികൾക്ക് മുൻതൂക്കം കൊടുത്തുവരുന്നത് ഗ്രാമീണ ജനതയുടെ കലാഭിരുചികൾ തളരാനിടയാക്കുന്നുണ്ട്.
5. ഗ്രാമീണ ജനതയുടെ താല്പര്യങ്ങളും, അഭിരുചികളും, ജീവിതവീക്ഷണങ്ങളും വളച്ചുകെട്ടില്ലാതെ തുറന്നു കാട്ടുന്നു. നാടൻ

കലാരൂപങ്ങൾ അപ്രത്യക്ഷ്യ മായിക്കൊണ്ടി രിക്കുന്നു.

6. ചിലപ്രദേശങ്ങൾ സാംസ്ക്കാരിക പ്ര വർത്തന ധാരയിൽപെടാതെ നില്ക്കു ന്നുണ്ട്.

7. നാടൻ കളികളും, നാടൻ പാട്ടുകളും, നാട്ടിപ്പാട്ടുകളും കുറ്റിയറ്റുപോയിക്കൊ ണ്ടിരിക്കുകയാണ്.

8. വായനാരംഗത്ത് സ്ത്രീകൾ പിന്നിലാണ്. അവർക്ക് പുസ്തകങ്ങളും, ആനുകാലിക ങ്ങളും യഥേഷ്ടം ലഭ്യമാകുന്നില്ല.

9. കലാസാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത്തലത്തിൽ ഏകോപിപ്പിക്കാനുള്ള സംവിധാനമില്ല.

10. സാമ്പത്തിക ധൂർത്ത് എന്നത് ആഘോ ഷങ്ങളുടെയും, ചടങ്ങുകളുടെയും മുഖ മുദ്രയായി മാറിക്കൊണ്ടിരിക്കുന്നു.

11. കായിക പഠനകേന്ദ്രങ്ങൾ പഞ്ചായത്തി ൽ നിലവിലില്ല.

<u>നിർദ്ദേശങ്ങൾ, സാധ്യതകൾ</u>

1. സാംസ്ക്കാരിക സ്ഥാപനങ്ങളുടെ ഭൗതി കസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

2. ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന റഫ റൻസ് പുസ്തകങ്ങൾ ലൈബ്രറികളിൽ ല ഭ്യമാക്കണം.

3. ആവശ്യമായ പ്രദേശത്ത് സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

4. വായനശാലകളുടെയും കലാസമിതി കളുടേയും, ക്ലബുകളുടെയും ഒരു ഏകോ പന സമിതി പഞ്ചായത്ത്തലത്തിൽ ഉണ്ടാ ക്കാവുന്നതാണ്.

5.തുടർസാക്ഷരതാപദ്ധതി വായന ശാലക ളുടെ നേതൃത്വത്തിൽ സജീവമാകണം.

6. സ്ത്രീകൾക്ക് വായനക്കുള്ള പുസ്തക മെത്തിക്കാൻഅങ്കൻവാടിയുടെ സൗകര്യവും മറ്റും പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.

7. വായന പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയുണ്ടാക്കണം.

8. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു കമ്മ്യൂ ണിറ്റി ഹാൾ ഉണ്ടാക്കുന്നത് നന്നായിരിക്കും.

9. തെയ്യം, തിറ പോലുള്ള നാടൻ കലക ളിൽ പ്രാവീണ്യമുള്ള നിരവധി പേരുള്ള ഈ പഞ്ചായത്തിൽ നാടൻ കലാഅക്കാദമി യുടെ ഒരു ഉപകേന്ദ്രം സ്ഥാപിക്കാൻ ശ്രമി ക്കണം.

10. കാവുകൾ, കോട്ടങ്ങൾ, ക്ഷേത്രങ്ങൾ, ആചാരങ്ങൾ തുടങ്ങിയവയുമായി ബന്ധ പ്പെട്ട ഐതിഹ്യങ്ങൾ ശേഖരിക്കണം.

11. കലാവാസനകൾ പ്രോത്സാഹിപ്പി ക്കാൻ പഞ്ചായത്ത് കേന്ദ്രീകൃതമായ സംവി ധാനം ഉണ്ടാക്കണം.


12. കുട്ടികളുടെ സാംസ്ക്കാരിക ബോധം ഉയർത്താനുള്ള പദ്ധതികളുണ്ടാക്കണം.

13. പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായി രുന്ന നാടൻ പാട്ടുകൾ, നാട്ടിപ്പാട്ടുകൾ ഇവ ശേഖരിച്ചു സൂക്ഷിക്കണം.

14. കായികവിനോദ കേന്ദ്രങ്ങളുടെ സൗ കര്യം മെച്ചപ്പെടുത്തണം. മയ്യിൽ ഗവ:ഹൈ സ്കൂൾ ഗ്രൗണ്ട്, പഞ്ചായത്ത് സ്റ്റേഡിയം ഇ വ മെച്ചപ്പെടുത്താനുള്ള അടിയന്തിരപരി പാടികൾ ഉണ്ടാക്കണം.

15. സമഗ്ര കായിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുകയും വനിത കൾക്കും, കുട്ടികൾക്കും പ്രത്യേക പ്രാധാ ന്യം നല്കാനുതകണം.

16.വീഡിയോക്ലബ്ബുകൾ ഫിലിം സൊ സൈറ്റി എന്നിവയുടെ ബഹുജന വിദ്യാഭ്യാ സ സാധ്യതകൾ പരിശോധിക്കണം.



5-9 വനിത

കേരളത്തിലെ സ്ത്രീപുരുഷ അനുപാതം 1000പുരുഷന്മാർക്ക് 1036 സ്ത്രീകൾ എന്നതാണ്. ജനസംഖ്യാടിസ്ഥാനത്തിൽ സ്ത്രീകളാണ് മുന്നിലെങ്കിലും സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക മേഖലകളിൽ അവരുടെ പങ്കാളിത്തം ദുർബലമാണ്.

1996-ലെ കണക്കനുസരിച്ച് മയ്യിൽ ഗ്രാമ പഞ്ചായത്തിൽ 27,220 ജനങ്ങളുള്ളതിൽ 13,908 സ്ത്രീകളാണ്. ഇത് മൊത്തം ജനസംഖ്യയുടെ 51% വരും. പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം സംസ്ഥാന ശരാശരിയേക്കാൽ കുറവാണ്-1000 ത്തിന് 1029 -.ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ സമൂഹത്തോടൊപ്പംതന്നെ മുന്നേറാൻ സ്ത്രീകൾക്ക് കഴിയുന്നുണ്ടെങ്കിലും, സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ പുരുഷന്മാർക്കൊപ്പമെത്താൻ അവർക്കു കഴിഞ്ഞിട്ടില്ല. അരനൂറ്റാണ്ട് മുമ്പുവരെയുണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥയിൽ ഒരുപാട് വ്യതിയാനങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞു. കൂട്ടുകുടുംബങ്ങളിലും മരുമക്കത്തായ സമ്പ്രദായത്തിലും നിലനിന്നിരുന്ന ജാത്യാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും അടിപ്പെട്ട ഒരു ജനസമൂഹമായിരുന്നു നമ്മുടേത്. അവിടെ കുടുംബനാഥയെന്ന പരിഗണന സ്ത്രീക്ക് ലഭിച്ചിരുന്നെങ്കിലും അഭിപ്രായങ്ങൾ രൂപീകരിക്കാനും സാമൂഹ്യമായി ഇടപഴകാനുമുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നില്ല. മാറുമറക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിൽ 'ആത്തേമ്മ' മാരായി കഴിയുകയായിരുന്നു നമ്മുടെ സ്ത്രീകൾ. സമൂഹത്തിൽ നടക്കുന്ന പ്രശ്നങ്ങളോട് പ്രതികരിക്കാനോ, പ്രവർത്തിക്കാനോ അവസരം ലഭിക്കാതെ കഴിഞ്ഞുകൂടിയിരുന്ന അകത്തളങ്ങളിലേക്ക് ദേശീയ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ ക്രമേണ മാറ്റൊലികൊണ്ടതായി കാണാം.

ഇത്തരമൊരു സാമൂഹ്യ പശ്ചാ ത്ത ലത്തിൽ അധികാരികളുടെ മർദന സംവി ധാനങ്ങളോട് സ്വതവേ പ്രതികരിച്ചിരുന്ന നമ്മുടെ പ്രദേശത്തെ പുരുഷന്മാരോടൊ പ്പം സ്ത്രീകളും ഉണ്ടായിരുന്നു. കണ്ടക്കൈ അധികാരിയുടെ വീട്ടുമുറ്റത്തേക്ക് പൊളി ഞ്ഞ ചട്ടി-കലങ്ങളുമായി സ്ത്രീകളെ സംഘ ടിപ്പിച്ച്, സ്ത്രീക്കും കരുത്തുണ്ടെന്ന് തെളി യിച്ച ധീര പാരമ്പര്യത്തിനുടമയാണ് കണ്ട ക്കൈയിലെ കുഞ്ഞാക്കമ്മ. ഇത് സ്വാതന്ത്ര്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ അനുര ണനങ്ങൾ സ്ത്രീയുടെ സാമൂഹ്യ ഇടപെട ലിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കാൻ സമൂഹത്തെ പ്രേരിപ്പിച്ചു തുടങ്ങിയിരുന്നു എന്നതിന് നിദർശനമാണ്.

കാലംമാറി. മുന്നേറ്റങ്ങൾ പലതു മുണ്ടായെങ്കിലും നൂറ്റാണ്ടുകളായി നാം പി ൻതുടർന്നുവരുന്ന അധികാര ബന്ധങ്ങളും ജാതിമത മൂല്യങ്ങളും മറ്റ്സാമൂഹ്യ സ്വാധീ നങ്ങളും നിയന്ത്രണങ്ങളും വലിയ മാറ്റമി ല്ലാതെ ഇന്നും തുടരുന്നു. ഈ അവസ്ഥ വീണ്ടും സ്ത്രീകളെ പിന്നണിയിലേക്ക് കൊണ്ടുപോയി. കുടുംബ ജോലികൾ ഭൂരി ഭാഗവുംസ്ത്രീകൾതന്നെ ചെയ്യേണ്ടിവരു ന്നു. പുറംജോലികളിൽകൂടി ഏർപ്പെടുന്ന സ്ത്രീകൾ അധിക ഭാരം വഹിക്കേണ്ടിവ രുന്നു. സ്ത്രീകളുടെ വരുമാനം, വരുമാന മായികണക്കാക്കപ്പെടുന്നില്ല. കുടുംബങ്ങ ളിൽ പുരുഷമേധാവിത്വ സമീപനം നി ലനിൽക്കുന്നു. ഈ അവസ്ഥ സ്ത്രീയുടെ സാമൂഹ്യ പങ്കാളിത്തത്തിന് വിലങ്ങുതടി യാകുന്നു.

ആരോഗ്യം.

സൂചികകൾ കാണിക്കുന്നത് ആ രോഗ്യ രംഗത്ത് നാം മുന്നിട്ടു നിൽക്കുന്നു വെന്നാണ്. കേരളീയ ആരോഗ്യ സൂചിക ആ യുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃ മരണനിരക്ക് എന്നിവയിൽ ഭാരതീയ ശരാ ശരിയേക്കാൾ മുന്നിലാണ്. എന്നാൽ സ്ത്രീ കളുമായി ബന്ധപ്പെട്ട പലരോഗങ്ങളും റി പ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നതാണ് വ സ്തുത. കുടുംബാസൂത്രണ മാർഗങ്ങൾക്ക് വിധേയമാക്കപ്പെടുന്നത് കൂടുതലും സ്ത്രീ കളാണ്. നാട്ടിലെ വിറകടുപ്പുകൾ ഭൂരിഭാ ഗവും മൂന്നുകല്ലടുപ്പുകൾ ആയതിനാൽ അവയിൽനിന്നുണ്ടാകുന്ന പുക, കരി എ ന്നിവയുടെ ആധിക്യം സ്ത്രീകളിൽ വിളർച്ച, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കു കാരണമാകുന്നു. പാചകം വിറകുശേഖര ണം, തുടങ്ങിയവ മുഖ്യമായും സ്ത്രീയുടെ ചുമതലയാണ്.

വിദ്യാഭ്യാസം.

പട്ടിക-1

ഹൈസ്കൂൾ		UP വിഭാഗം		LP വിഭാഗം	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1002	1035	981	880	819	828
ആകെ 2037		1861		1647	

ITC		ടൈപ്പ്റൈറ്റിംഗ്		കമ്പ്യൂട്ടർ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
73	2	56	87	42	58
75		143		100	

വിദ്യാഭ്യാസകാര്യത്തിൽ ആൺ പെൺ വിവേചനം ഇന്ന് നിലവിലില്ല. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് എൽ.പി.വി ഭാഗത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെക്കാൾ അധികമാണ്. ഹൈസ്കൂൾ തലത്തിലും ഇതുതന്നെയാണ് സ്ഥിതി.

പട്ടിക-2

1989 മുതൽ 97 വരെ 1-ാം തരത്തിൽ ചേർന്ന വരുടെ പട്ടിക ചുവടെ കൊടുക്കുന്നു.

വർഷം	ആൺ	പെൺ	ആകെ	പെൺ കു ട്ടി കളുടെ ശതമാനം.
89-90	304	250	554	45
90-91	306	262	568	46
91-92	295	274	569	48
92-93	263	260	523	49
93-94	254	279	533	52
94-95	240	274	514	53
95-96	233	224	457	49

പട്ടിക 2 സൂചിപ്പിക്കുന്നത് കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നല്ല മാറ്റം ദൃശ്യമായി എന്നാണ്. 1989-ൽ 45% പെൺകുട്ടികളെയാണ് സ്കൂളിൽ ചേർത്തിരുന്നത് എങ്കിൽ 1994 ആവുമ്പോഴേക്കും വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ പ്രവേശനം സ്ത്രീ പുരുഷ അനുപാതത്തോടൊപ്പമെത്തി. സാങ്കേതിക വിദ്യാഭ്യാസ പങ്കാളിത്തത്തിന്റെ കാര്യത്തിൽ വേണ്ടത്ര പുരോഗതി വന്നു എന്ന് പറഞ്ഞുകൂടാ. ITI പോലുള്ള സ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ എണ്ണം കേവലം വിരലിലെണ്ണാവുന്നതാണ്. അതേ സമയം ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ തുടങ്ങിയമേഖലകളിൽ നേരെ വിപരീതമാണ് സ്ഥിതി. മേൽ വിവരിച്ച പട്ടിക 1 -ൽ നിന്ന് ബോധ്യമാവുന്നമറ്റൊരു പ്രധാന കാര്യം വൈറ്റ് കോളർജോലിയു മായിബന്ധപ്പെട്ട വിദ്യാഭ്യാസത്തിനാണ് പെൺകുട്ടികൾ പ്രധാന്യംകൊടുത്തുവരുന്നതെന്നാണ്. പഠനം വിവാഹകമ്പോളത്തിൽ വിലകൂട്ടാനുള്ള ഉപാധിയായി ചുരുങ്ങുന്നു. മുസ്ലീം സമൂഹത്തിലാകട്ടെ കൂടുതൽ പെൺകുട്ടികളും യു.പി.ക്ലാസുകളിൽ നിന്ന് പഠനം നിർത്തുന്നു. അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ സ്ത്രീകൾ പൊതുവെ പിന്നിലാണ്.

ഗ്രന്ഥ ശാലകളിലെ സ്ത്രീപങ്കാളിത്തം (സാമ്പിൾ സർവ്വേ 96.)

ഗ്രന്ഥാലയത്തിന്റെ പേര്	അംഗങ്ങൾ				
	പുരുഷൻ	സ്ത്രീ	ആകെ.	സ്ത്രീ	ശതമാനം.
1 പബ്ലിക് ലൈബ്രറി CRC Mayyil	483	59	542		11
2 നവകേരള ഗ്രന്ഥാലയം പെരുപഴശ്ശി	282	33	315		10
3 വേളം പൊതുജന വായനശാല	412	72	484		15
4 മുല്ലക്കൊടി CR	216	21	237		9

19 അംഗീകൃത ഗ്രന്ഥാലയമുള്ള മയ്യിൽ പഞ്ചായത്തിൽ 4 ഗ്രന്ഥാലയങ്ങളിൽ നടത്തിയ സാമ്പിൾസർവ്വേയിലൂടെ കിട്ടിയവിവരങ്ങൾ വെച്ച് 15%ൽ താഴെമാത്രമാണ് ശരാശരി വനിതകൾ ഗ്രന്ഥാലയത്തെ ഉപയോഗപ്പെടുത്തുന്നത്.

<u>സംഘടനകൾ.</u>

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന മഹിളാസംഘടനകളുടെ പ്രവർത്തനം മയ്യിൽ ഗ്രാമപഞ്ചായത്തിലും ഉണ്ട്. കടൂർ, കയരളം, ചെറുപഴ ശ്ശി, മുല്ലക്കൊടി, എന്നീസ്ഥലങ്ങളിൽ മഹിളാസമാജങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്നവ സജീവമല്ല.

സംഘടനയുടെ പേര്	പു	സ്ത്രീ	സംഘടനയുടെ പേര്	പു	സ്ത്രീ	സംഘടനയുടെ പേര്	പു	സ്ത്രീ
സി.പി.ഐ.എം	22	1	കോൺഗ്രസ് (i)മണ്ഡലം	18	3	IUML	-	21
DYFI	61	9	യൂത്ത് കോൺഗ്രസ്	21		MYL	-	17
KSKTU	61	-	കർഷകകോൺഗ്രസ്	15	-	MSR	-	15
കർഷകസംഘം	63	-	കർഷകതൊഴിലാളി	15				

ഈ പട്ടിക സൂചിപ്പിക്കുന്നത് രാഷ്ട്രീയ സന്നദ്ധസംഘടനകളിലെ സ്ത്രീ നേതൃത്വ പ്രാതിനിധ്യം നാമമാത്ര മാണ് എന്നുള്ളതാണ്. 1000ന് 1029 സ്ത്രീകളുള്ള നമ്മുടെ പഞ്ചായത്തിലെ രാഷ്ട്രീയ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലേക്ക് ഇനിയും കൂടുതൽ സ്ത്രീകൾ കടന്നു വരേണ്ടിയിരിക്കുന്നു.

<u>വനിതാ സംരഭങ്ങൾ.</u>

DWCRAയുടെ സഹായത്തോടെ ആരംഭിച്ച സംരഭങ്ങൾ എടുത്തുപറയത്തക്കതാണ്. രണ്ട് ജില്ലി യൂനിറ്റുകളുടെയും, ബീഡിയൂണിറ്റിന്റേറയും പ്രവർത്തനം സജീവമാണ്. വനിതാ സംരംഭം എന്നനിലയിൽ രണ്ടു ഗാർമെൻറുകൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ച വനിതാ പാലുൽപന്ന നിർമ്മാണയൂണിറ്റ് ഈ രംഗത്തെ ഒരു പുത്തൻ സംരംഭമോണ്.

<u>തൊഴിൽ.</u>

കൃഷി, കെട്ടിട നിർമ്മാണം, കരിങ്കൽ-ചെങ്കൽ വ്യവസായം തുടങ്ങി യ മേഖലകളിലാണ് സ്ത്രീകൾ ഏറേയും ജോലിചെയ്യുന്നത്. ബീഡി, കൈത്തറി, തയ്യൽ. പായനെയ്ത്ത് എന്നിവയിലും സ്ത്രീപങ്കാളിത്തംഉണ്ട്. കൈത്തറി മേഖലയിൽ നല്ലി ചുറ്റുമായി ബന്ധപ്പെട്ടാണ് ഇതുവരെയും ജോലി ചെയ്തി രുന്നതെ ങ്കിലും ഇപ്പോൾ കൈത്തറി നെയ്ത്തിലും സ്ത്രീകൾ ഏർപ്പെടുന്നു ണ്ട്. 19 സ്ത്രീകൾ മയ്യിൽ വീവേർസ് കോ-ഓപ്പ്. സൊസൈറ്റിയിൽ ഇപ്പോൾ നെയ്ത്ത് തൊഴിലാളികളായുണ്ട്. മറ്റുമേഖലകളിലെ സ്ത്രിപുരുഷ അനുപാതം പട്ടികയിൽ കൊടുത്തിരിക്കുന്നു.

ചെങ്കൽ		കരിങ്കൽ		കൃഷി		കെട്ടിടനിർമ്മാണം	
പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
5	1	1	2	1	4	1	1

മേൽപട്ടികയിൽനിന്ന് എല്ലാ മേഖലയിലും സ്ത്രീ തൊഴിലാളികളും പു

രുഷ തൊഴിലാളി കളോടൊപ്പം ഉണ്ട് എന്നാണ് . കൃഷിയിൽ ഏറെ ആവശ്യം സ്ത്രീ തൊഴിലാളികളാണ്.ഈ ജോലിയോടുള്ള ആഭിമുഖ്യം പുതിയതലമുറയിലെ പെൺ കുട്ടികൾക്ക് കാണുന്നില്ല.അത് സ്ത്രീ കളുടെ ഇടയിലുള്ള തൊഴിലില്ലായ്മക്ക് ഒരു പ്രധാന കാരണമാണ്. സാമൂഹ്യ പദവിയെക്കുറിച്ചുള്ള വികലധാരണക ളാണ് ഇതിന് പ്രധാന കാരണം.

സർവ്വീസ് മേഖലയിൽ സ്ത്രീക ളുടെ എണ്ണം പൊതുവിൽ കുറവാണ്. എന്നാൽ അധ്യാപനരംഗത്ത് 57% സ്ത്രീക ളാണ് എന്ന് പട്ടിക കാണിക്കു ന്നു.

വർഷം	അധ്യാപകർ			സ്ത്രീ
	സ്ത്രീ	പു	ആകെ	ശതമാനം
95-96	117	90	207	57

വീട്ടു ജോലികൾ പ്രധാനമായും സ്ത്രീകളാണ് ഇന്ന് ചെയ്തുവരുന്നത്. മൃഗ പരിപാലനം കുടുംബ ജോലിയിൽ ഒരു മുഖ്യ ഇനമായി കണക്കാക്കുന്നു.

തൊഴിൽ പങ്കാളിത്തനിരക്ക്.
കണ്ണൂർജില്ല മയ്യിൽഗ്രാമ പഞ്ചായത്ത്.

പു	സ്ത്രീ	പു	സ്ത്രീ
44.65	13.87	45.09	18.27.

തൊഴിൽ പങ്കാളിത്തത്തിൽ ന മ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ ഭേ മാണ് എന്ന് മേൽപട്ടികയിൽ നിന്ന് വ്യ ക്തമാവുന്നു. അതേയവസരം നാം ഇ നിയും ഒരു പാടു മുന്നേറാനുണ്ട്.

സാമൂഹ്യ - സാമ്പത്തക സുരക്ഷി തത്വത്തിന്ഇന്ന്പുരുഷനെ ആ ശ്രയിക്കേണ്ട നിലയാണ് ഭൂരിഭാഗം കുടുംബങ്ങളിലും കണ്ടുവരുന്നത്. മദ്യപാനം ഒരു വലിയ പ്രശ്നമായി പഞ്ചായത്തിൽ ഉയർന്നുവ ന്നിട്ടില്ലെങ്കിലും ഇതിന്റെ ദൂഷ്യഫലം കൂടുതലായും അനുഭവിക്കുന്നത് സ്ത്രീ കളാണ്.

സ്ത്രീകളുടെ കൂട്ടായ്മയിലുള്ള തൊഴിൽ സംരംഭങ്ങൾഉയർന്നുവരുന്നത് സംഘബോധം വളർത്താനും കാര്യശേഷി വർദ്ധിപ്പിക്കാനും ഉപകരിക്കും.

<u>പ്രശ്നങ്ങൾ</u>

സ്ത്രീകൾ ഏറെക്കുറെ ഇടപെടു ന്ന മേഖലയായ നെയ്ത്തുവ്യവസായത്തി ൽ സാങ്കേതിക പരിശീലനങ്ങൾ ഇപ്പോൾ നിലവിലില്ല.

സ്ത്രീകൾക്ക് കൂടുതൽ തൊഴി ലവസരങ്ങൾസൃഷ്ടിക്കുന്ന കശുവണ്ടി, കശുമാങ്ങ, ചക്ക, മാങ്ങ ഇവയുടെ സംസ് ക്കരണത്തിനുള്ള സംവിധാനങ്ങൾ നില വിലില്ല.

സ്ത്രീകൾ കാർഷിക മേഖലയി ലേക്ക് കടന്നുവരാ ൻ വൈമുഖ്യം കാ ണിക്കുന്നു. തുല്യജോ ലിക്ക് തുല്യവേ തനം എന്ന അവസ്ഥ നിലവിലില്ല.

മഹിളാസമാജങ്ങളുടെ പ്രവർ ത്തനം കാര്യക്ഷമമല്ല. അംഗൻവാടികൾ, മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ ഇവയുടെ ഇന്നത്തെ അവസ്ഥ അത്യന്തം ശോച നീയമാണ്.

സ്ത്രീകളെ ഉപഭോഗ വ്സ്തു വാക്കി മാറ്റുന്നദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ കടന്നുകയറ്റം അതിശക്തമാണ്. പ്രാചീന രീതിയിലുള്ള അടുപ്പുകൾ സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധി ക്കുന്നു. സ്ത്രീകളുടെ നേതൃത്വത്തിലുള്ള

തൊഴിൽസംരഭങ്ങൾവിരള മാണ്. സ്ത്രീകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല. സ്ത്രീകളുടെ മേൽനോട്ടത്തിൽ നടത്തുന്ന കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിലില്ല.

സ്ത്രീകൾക്കായുള്ള സാംസ്ക്കാരിക കേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ, ഡ്രൈവിംഗ് സ്കൂൾ എന്നിവ ആവശ്യമാണ്.

പഞ്ചായത്ത് ആസ്ഥാനത്ത് പൊതു മൂത്രപ്പുര ഇല്ല.

മയ്യിൽ CHC യിൽ ഒരു ഗൈനക്കോളജിസ്റ്റ് ഇല്ല. വാർഡ് തലത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ നിലവിലില്ല.

അസംഘടിതതൊഴിൽ മേഖലയിലെ ഉൽപ്പന്നങ്ങളായ പായ മുതലായവയ്ക്ക് ഉൽപാദകന് അർഹമായ വില കിട്ടുന്നില്ല.

<u>സാധ്യതകൾ</u>

പഞ്ചായത്ത് തലത്തിൽ വനിതകൾക്ക് തൊഴിൽപരിശീലന കേന്ദ്രങ്ങളും, സഹകരമേഖലയിൽ തൊഴിൽ ശാലകളും ഉണ്ടാവണം. പ്രാദേശിക ഉൽപന്നങ്ങളുടെ സംസ്ക്കരണ യൂണിറ്റുകൾ വാർഡുതലത്തിൽ ആരംഭിക്കുകയും പഞ്ചായത്തുതലത്തിൽ ഇവയെ ഏകോപിച്ചു കൊണ്ടുള്ള സംവിധാനവും ഉണ്ടാവണം.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കൈത്തറി തൊഴിലാളികളുള്ള കടൂർ കേന്ദ്രീകരിച്ച് ഒരു കൈത്തറി സഹകരണ സംഘത്തിന്റെ യൂണിറ്റ് ഉണ്ടാവണം.

തയ്യൽ, പാലുൽപ്പന്ന നിർമ്മാണം, കോഴിവളർത്തൽ, ആടുവളർത്തൽ, മുല്ല കൃഷി, ബുക്ക് ബൈൻറിങ്ങ്, കരകൗശല വസ്തു നിർമ്മാണം, സോപ്പ്നിർമാണം, എന്നീയൂണിറ്റുകൾ സാധ്യതയനുസരിച്ച് വാർഡുതലത്തിൽ ആരംഭിക്കണം.

കാർഷികമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ജോലിസുരക്ഷിതത്വം, ക്ഷേമ പദ്ധതികൾ, ആകർഷകമായ വരുമാനം, പ്രസവാനുകൂല്യം, ഉൽസവബത്ത, കുട്ടികളുടെ വിദ്യാഭ്യാ സം-വിവാഹം എന്നിവക്കുള്ള ധനസഹായം, പെൻഷൻ എന്നിവ ലഭ്യമാക്കണം.

അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവ കേന്ദ്രീകരിച്ചു കൊണ്ട് മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാം.

മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ ദൃശ്യശ്രാവ്യമാധ്യമങ്ങളിലെ സ്ത്രീവിരുദ്ധ സമീപനത്തിനെതിരെയും, മദ്യം, മയക്കുമരുന്ന്, വിവാഹധൂർത്ത്, അന്ധവിശ്വാസങ്ങൾ എന്നിവക്കെതിരെയും ശക്തമായ തുടർബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാം.

വീടുകൾതോറും പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്തിന്റെമേൽനോട്ടത്തിൽ സമയബന്ധിതമായി നടപ്പിലാക്കണം.


സ്ത്രീകൾക്കായുള്ള സാംസ്ക്കാരികകേന്ദ്രങ്ങൾ,കളിസ്ഥലങ്ങൾ എന്നിവ വാർഡുകൾതോറും ഉണ്ടാവണം. പഞ്ചായത്ത്തലത്തിൽ ഒരു ഡ്രൈവിംങ്ങ് സ്കൂൾ വനിതകൾക്കായി ഉണ്ടാവണം.

കരിങ്കൽ വ്യവസായത്തിൽ തൊഴിൽ ചെയ്യുന്നവർക്ക് റിസ്ക്ക് അലവൻസ് നൽകാനും, തൊഴിലുടമയുടെ ചെലവിൽ അവരെ ഇൻഷ്വർ ചെയ്യാനും വേണ്ട നടപടികൾ ഉണ്ടാവണം. പഞ്ചായത്തിലെ പ്രധാന ഉൽപന്നമായ കശുവണ്ടി, കൊപ്ര ഇവയുടെ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സംവിധാനം ഉണ്ടായാൽ വനിതകൾക്ക് കൂടുതൽ തൊഴിൽസാധ്യതയും, ഗുണമേന്മയുള്ള വസ്തുക്കൾ ലഭിക്കുന്നതിനും ഇടയാക്കും.

അതുപോലെ സ്ത്രീകൾ വീടുകളിൽവെച്ചുചെയ്യുന്ന പായ്നെയ്ത്ത് അസംഘടിതമേഖലയായതിനാൽ ഉൽപന്നത്തിന്റെ പകുതിമൂല്യമേ ലഭിക്കുന്നുള്ളൂ. പഞ്ചായത്തലത്തിൽ ഏകീകൃതമായ സംവിധാനം ഉണ്ടാവേണ്ടതാണ്.

മയ്യിൽ CHC യിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും, വാർഡുതലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും വേണം. അനേകം ആളുകൾ നിത്യേനയെന്നോണം ബന്ധപ്പെടുന്ന പഞ്ചായത്ത് ആസ്ഥാനത്ത് ഒരു പൊതുമൂത്രപ്പുര ഉണ്ടാവുന്നത് സ്ത്രീകൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും.





5-10 സഹകരണം

രണ്ടാം ലോക മഹായുദ്ധത്തെതുടർന്ന് രാജ്യത്ത് കടുത്ത ഭക്ഷ്യക്ഷാമവും പട്ടിണി മരണവും ഉണ്ടായി. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിൽ ഇതിനെതിരെ വൻതോതിലുള്ള ജനകീയപ്രക്ഷോഭം ഉയർന്നുവന്നു. അതിന്റെ അടിസ്ഥാനത്തിൽ നെല്ല് ശേഖരണവും റേഷനിംങ്ങ് സമ്പ്രദായവും ആരംഭിച്ചു. ഈ പ്രവർത്തനം ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി ഉല്പാദക-ഉപഭോൽകക്കുള്ള സഹകരണ സംഘങ്ങൾ (PCC) പലയിടത്തും രൂപീകൃതമായി. അതിന്റെ ഭാഗമായി മയ്യിൽ, കയരളം, കണ്ടക്കൈ, കൊളച്ചേരി, ചേലേരി, നാറാത്ത്, കണ്ണാടിപ്പറമ്പ് എന്നീ വില്ലേജുകൾചേർന്ന് മുല്ലക്കൊടി ആസ്ഥാനമാക്കി ഒരു പി.സി.സി. സൊസൈറ്റി രൂപീകരിച്ചു. ഇതാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭം. ജല ഗതാഗത കേന്ദ്രം എന്നനിലയിലാണ് മുല്ലക്കൊടി ഇതിന്റെ ആസ്ഥാനമാകുന്നത്.

നെല്ലെടുപ്പും റേഷനിംങ്ങും ഗവൺമെൻറ് അവസാനിപ്പിച്ചതിനെതുടർന്ന് പി.സി.സി. സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചു. ഈ സൊസൈറ്റിയുടെ പ്രവർത്തന മൂലധനം ഉപയോഗിച്ചാണ്1954ൽ മുല്ലക്കൊടി കൊ-ഓപ്പ് റൂറൽ ബാങ്ക് സ്ഥാപിച്ചത്. കാർഷി കോല്പന്നങ്ങളുടെ ഈടിന്മേൽ മെമ്പർമാർക്ക് വായ്പനല്കലായിരുന്നു ഇതിന്റെ ആദ്യകാല പ്രവർത്തനം.

മുല്ലക്കൊടി പി.സി.സി. സൊസൈറ്റി രൂപീകരണത്തിനുശേഷം കയരളം, കണ്ടക്കൈ, മയ്യിൽ എന്നീ വില്ലേജുകളിൽ ഐക്യനാണയ സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി. 1950 ഒക്ടാബർമാസം കണ്ടക്കൈയിലും, 1953 സപ്തമ്പറിൽ കയരളത്തും, 1957 ആഗസ്തിൽ മയ്യിലും ഐക്യനാണയ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചു. കൃഷിക്കു മുൻതൂക്കമുള്ള

ഈവില്ലേജുകളിൽ കർഷകർക്ക് വായ്പാ സൗകര്യംവളരെകുറവായിരുന്നു എന്നു പറയാം. ഉള്ളവതന്നെ ഉയർന്ന പലിശക്ക് പണംകടംകൊടുക്കുന്ന പ്രാദേശിക വ്യക്തികളായിരുന്നു. ഇതിനൊരു പരിഹാരം എന്ന നിലയിലായിരുന്നു ഈ ഐക്യനാണയ സംഘങ്ങൾ രൂപീകൃതമായത്. കർഷകർക്കാവശ്യമായവിത്ത്, വളം,വില്പന, വായ്പനൽകൽ എന്നിവയായിരുന്നു ഇതിന്റെ മുഖ്യ പ്രവർത്തനങ്ങൾ. ഇവയൊക്കെത്തന്നെവളരെ പരിമിതമായിരുന്നു. മേൽപ്പറഞ്ഞ 3 ഐക്യനാണയ സംഘങ്ങളും സംയോജിച്ച് മയ്യിൽ കൊ.ഓപ്പ സൊസൈറ്റി 1970-ാംൽ രൂപീകരിച്ചു. ഇതാണ് ഇന്നത്തെ മയ്യിൽ സർവീസ് കൊ.ഓപ്പ ബാങ്ക്.

കഴിഞ്ഞ 25 വർഷത്തിനുള്ളിൽ രൂപീകരിച്ചവയാണ്ഇവിടെയുള്ള ഭൂരിപക്ഷം സഹകരണ സംഘങ്ങളും ഡിപ്പാർട്ടുമെൻറിന്റെ സഹകരണത്തോടുകൂടി തീർത്തും ജനപങ്കാളിത്തത്തോടുകൂടിതന്നെയാണ് ഈസംഘങ്ങളെല്ലാം രൂപീകൃതമായതുംവളർന്ന് വികസിച്ചതും. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരംതാഴെ ചേർക്കുന്നു.

പട്ടിക-1

സ്ഥാപനങ്ങളുടെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	പ്രവർത്തനമൂലധനം /വാർഷികനേട്ടങ്ങൾ	ലാഭം /നഷ്ടം
വായ്പാസംഘങ്ങൾ						
1. മയ്യിൽ സർവീസ് കൊ.ഓപ് ബാങ്ക്	1970	10005	28	43ലക്ഷം	9കോടി	ലാഭം
2. മുല്ലക്കൊടി കൊ.ഓപ് റൂറൽ ബാങ്ക്	——	രണ്ടുബ്രാഞ്ചുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.				ലാഭം
3. മയ്യിൽപഞ്ചായത്ത് വനിതാസഹകരണസംഘം	1994	500	1	2ലക്ഷം	7ലക്ഷം	——
വായ്പേതര സംഘം						
1. ഇരിക്കൂർ ബ്ലോക്ക് കാർപ്പന്ററി വർക്കേഴ്സ് ഇൻറ.കൊ.ഓപ്. സൊസൈറ്റി നഷ്ടം	1961	87	——	902	1378	
2. മയ്യിൽ ക്ഷീരോല്പാദക സഹകരണസംഘം	1968	365	12	9600	2.5ലക്ഷം	ലാഭം
3. മയ്യിൽ വിവേഴ്സ് ഇൻറ. കൊ.ഓപ്.സൊ.	1979	337	5	15ലക്ഷം	[illegible]ലക്ഷം	ലാഭം
4. ഇരിക്കൂർ ബ്ലോക്ക് പ്രിൻറിംങ്ങപബ്ലിഷിംഗ് കൊ.ഓപ്.സൊസൈറ്റി	1985	228	9	31700	6 ലക്ഷം	ലാഭം
5. മാരുതി ചകിരിവ്യവസായ സഹകരണസംഘം	1993	58	1	1.4ലക്ഷം	പ്രവർത്തനം ആരംഭിച്ചിട്ടില്ല	
6. മയ്യിൽ പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം	——	ലിക്വിഡേഷനിൽ				——
7. സ്കൂൾ കൊ.ഓപ് സ്റ്റോർ മയ്യിൽ HD, മയ്യിൽ സെൻട്രൽ LP മുല്ലക്കൊടി UP.	11800	ഇല്ല	12141	——	——	

മയ്യിൽ സർവിസ് കൊ.ഓപ് ബാങ്ക്

1950കളിൽ ആരംഭിച്ച മയ്യിൽ, കയരളം, കണ്ടക്കൈ ഐക്യനാണയ സഹകരണ സംഘങ്ങൾ സംയോജിപ്പിച്ചാണ് മയ്യിൽ ആസ്ഥാനമായി കൊ.ഓപ്.സൊസൈറ്റിആരംഭിച്ചത്. മയ്യിൽ പഞ്ചായത്താണ് ഇതിന്റെ പ്രവർത്തന പരിധി. 1970 സപ്തമ്പറിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തെ രണ്ടുവർഷം കൊണ്ടുതന്നെ ബാങ്കായി ഉയർത്താൻ കഴിഞ്ഞു. തുടർന്നിങ്ങോട്ടുള്ള വർഷങ്ങളിൽ ബാങ്കിന് മുന്നേറ്റത്തിന്റെ പടവുകളായിരുന്നു. പ്രയത്നശീലരും, ദീർഘവീക്ഷ ണവുമുള്ള വരുമായപഞ്ചായത്തിലെ സഹകാരി കളുടെ കൂട്ടായമെയാണ് ഈ സ്ഥാപന ത്തെഇന്നുകാണുന്നനിലയിലെത്തിച്ചത്. കഴിഞ്ഞ 25 വർഷത്തെ കണക്കുകൾ അതു കാണിക്കുന്നു.

വർഷം	മെമ്പർമാർ	ഓഹരിമൂലധനം	നിക്ഷേപം	വായ്പ	പ്രവ.മൂലധനം	ലാഭം/നഷ്ടം
70-71	1002	60081	1470	170739	223434	4456
75-76	1604	117115	271417	296317	679660	15371
80-81	2638	234218	187913	2290894	2861709	6346 -
85-86	4803	590501	10675276	10941443	12786980	8803
90-91	7210	1471243	22542693	24501172	28480525	5945
95-96	10005	4312677	8006942	8245999	91452225	1400000

1002 മെമ്പർമാരിൽ നിന്നാരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 10005 മെമ്പർ ഉണ്ട്. പഞ്ചായതിർത്തിക്കുള്ളിലെ ഓരോ കുടുംബത്തിയും ഒരാളെങ്കിലും ബാങ്കിൽ മെമ്പറായിചേർന്നിട്ടുണ്ട്. നിയമം അനുശാസിക്കുന്നരീതിയിൽ, ബാങ്കിനെ സമീപിക്കുന്ന എല്ലാവർക്കും അംഗത്വം നൽകുന്നു എന്നാതണ് ഇത് കാണിക്ക ുന്നത്. 1976 മുതൽ നിക്ഷേ പ സമാഹര ണയജ്ഞം ബാങ്കിന്റെ വളർച്ചയ്ക്ക് സഹായകരമാകുന്നുണ്ട്. ഈകാര്യത്തിൽ ജില്ലയിൽ ഏറ്റവും നല്ല പ്രവർത്തനം നടത്തിയസ്ഥാപനത്തി നുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ട്രോഫി ബാങ്കിനുലഭിച്ചി ട്ടുണ്ട്. മെമ്പർമാർക്കാ വശ്യമായ കാർഷികേതരവുമായ വാ യ്പകൾ കൊടുത്തുവരുന്നുണ്ട്. ഹ്രസ്വ കാല കാർഷികവായ്പാ ഇനത്തിൽ കഴിഞ്ഞ വർഷംമാത്രം35 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, തെങ്ങ്, കവുങ്ങ്, കശുമാവ്, റബ്ബർ തുടങ്ങിയ ദീർഘകാല വിളകൾക്കും, കിണർ, പമ്പ്സെറ്റ്സ്ഥാപിക്കുന്നതിനും ദീർഘ കാല വായ്പകൾ നൽകിവരുന്നു. മെമ്പർമാരുടെ എല്ലാവിധ സ്കീം ലോണുകളും, കാർഷികേതരലോണ് കൊടുക്കുന്നുണ്ട്. 5ലക്ഷം രീപവരെ പരമാ വധി വായ്പാ സൗകര്യം ഇന്നുണ്ട്. വിത്ത്, വളം, കീടനാശിനി വിതരണത്തി നായി 4ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് മാവേലിസ്റ്റോർ നട ത്തൽ,കേന്ദ്രകശുവണ്ടി സംഭരണം എന്നിവ സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ പ്പെടുന്നു. കൃഷിക്കാർക്കാവശ്യമായ കാർഷിക ഉപകരണങ്ങൾ നൽകു ന്നതിനായി ഒരു അഗ്രോസർവീസ് സെ ൻറർ പ്രവർത്തിക്കുന്നു.സ്പ്രെയർ, ട്രാക്ടർ എന്നിവ ഇതുവഴി കർഷകർക്ക് വാടകക്കു ലഭിക്കുന്നു. 4 ബ്രാഞ്ചുക ളുള്ള ഈ സ്ഥാപനത്തിൽ ഇന്ന് 29 ജീവനക്കാരാ

ണുള്ളത്. ഈ പഞ്ചായ ത്തിലെ മുഴുവൻ ആളുകളുടെയും കാർഷികവും, കാർഷികേ തരവുമായ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റി ക്കൊണ്ട് ഉറ്റസുഹൃത്തായി മാറാൻ സ്ഥാപനത്തിനുകഴിഞ്ഞിട്ടുണ്ട്.

വായ്പേതര സംഘങ്ങൾ

വായ്പേതര രംഗത്ത് 8 സംഘങ്ങൾ ഉണ്ട്. ഇതിൽ 3 എണ്ണം മാത്രമാണ് ലാഭ ത്തിൽ പ്രവർത്തിക്കുന്നത്.

മയ്യിൽ ക്ഷീരോല്പാദക സംഘം പ്രവർത്തനം ആരംഭിച്ചത് 1968 ൽ ആണ്. കുറെക്കാലം നിർജ്ജീവമായിക്കിടന്ന ഈ സ്ഥാപനം 1988 ൽ പ്രവർത്തനം പുനരാരംഭിച്ചു. ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ദിനം പ്രതി 500 ലിറ്റർ പാൽശേഖരിച്ച് പഞ്ചായത്തിൻറ വിവിധഭാഗങ്ങളിൽ പാൽ എത്തിക്കുന്നുണ്ട്. കൃഷിക്കാർക്കാവശ്യമായ കാലിത്തീറ്റ സംഘം വഴി വിതരണം ചെയ്തുവരുന്നുണ്ട്.പഞ്ചായത്തിലാകെ അധികംവരുന്ന പാൽ സംഭരിക്കാനുള്ള സംവിധാനം ഇന്നില്ല. ഇത് സംഭരിച്ച് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം സംഘത്തിൻെറ നേതൃത്വത്തിൽ ഏറ്റെടു ക്കേണ്ടതുണ്ട്. സംഘത്തിൻെറ കീഴിൽ വനിതകളുടെ നേതൃത്വത്തിൽ ഒരു പാൽഉല്പാദനയൂനിറ്റ് അടുത്തകാത്തായി ആ ര ം ഭ ി ച്ച ി ട്ട ു ണ്ട ് .

1979 ലാണ് മയ്യിൽ വീ വേഴ്സി ൻെറ സ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി പ്രവർത്തനം ആരംഭിച്ചത്.കൈത്തറി വികസന കോർപ്പറേഷൻെറ സഹായ ത്തോടെ കയറ്റുമതി ലക്ഷ്യമാക്കി 100 മഗ്ഗം പരിപാടി അനുസരിച്ചാണ് ഇതു തുടങ്ങിയത്. കയറ്റുമതിക്കുള്ള ഒട്ടേറെ തടസ്സങ്ങൾകാരണം ആദ്യകാലത്ത് സംഘം ഒട്ടേറെ പ്രശ്നങ്ങൾ അഭിമു ഖീകരിച്ചിട്ടുണ്ട്. ഇന്ന് 80 മഗ്ഗങ്ങളിലായി 19 സ്ത്രീകൾ പണിയെ ടുക്കുന്നുണ്ട്. പൊതുവായി കൈത്തറി രംഗം നേരിടുന്ന പ്രശ്നങ്ങൾ ഈ സ്ഥാപനത്തേയും ബാധിച്ചിട്ടുണ്ട്. എന്നാൽ ഈ ബുദ്ധിമുട്ടു കളെ മറികടന്നുകൊണ്ട് സ്ഥാപനത്തെ മുന്നോട്ടുനയിക്കാൻ ഭരണസമിതിക്കു കഴിയുന്നുണ്ട്. ഇപ്പോൾ സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു.

അച്ചടി രംഗത്തെ പുതിയസംരംഭ മായി ഇരിക്കൂർ ബളോക്ക് കൊ.ഓപ്. പ്രിൻറിംഗ് & പബ്ളിക് കൊ .ഓപ് സൊ സൈറ്റി (സഹകരണ പ്രസ്സ്) 1985ൽ തുടങ്ങിയ സ്ഥാപനത്തിൽ ഇന്ന് 9 ജീവനക്കാരാണുള്ളത്. അടുത്തകാല ത്തായി പുതിയ യന്ത്രങ്ങൾ വാങ്ങി വി പുലീകരണം നടന്നിട്ടുണ്ട്. മതിയായ സാമ്പത്തിക സഹായം ലഭിക്കുകയാ ണെങ്കിൽ ഇനിയും വികസനത്തിനു സാ ധ്യതയുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് നല്ല ഭാവിയുണ്ട്.

വേളം കേന്ദ്രമായി ഒരു യന്ത്ര വൽകൃത ചകിരി വ്യവസായ സഹകര ണസംഘം 1993ൽ രജിസ്റ്റർ ചെയ്തു വെങ്കിലും വൈദ്യുതി ലഭിക്കാത്തതി നാൽ പ്രവർത്തനം ആരംഭിക്കാൻ കഴി ഞ്ഞിട്ടില്ല.

കാർപ്പൻററി വർക്കേഴ്സ് സൊ സൈറ്റി, കൺസ്യൂമർ സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം വളരെ മോശമാണ്. ഇതിൽ കൺസ്യൂമർ സംഘം ലിക്വിഡേഷൻഘട്ടത്തിലാണ്. കാര്യക്ഷമ തയില്ലാത്ത മാനേജ്മെ ൻറാണ് ഇതിൻെറ പരാജയ കാരണം. 1961ൽ ആരംഭിച്ച കാർപ്പൻററി വർക്കേഴ്സ് സഹകരണ

സംഘം 10 വർഷത്തോളം നന്നായി നടന്നെങ്കിലും കാർപ്പൻറി തൊഴിലാളികളുടെ താല്പര്യമില്ലായ്മ കാരണം ഇന്ന് ഇത് പ്രവർത്തന ക്ഷമമല്ല.

3 സ്കൂൾ കൊ.ഓപ്. സ്റ്റോറു കൾ ഈപഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മയ്യിൽ HS കൊ.ഓപ് സ്റ്റോറും ധഫ സ്കൂൾ കൊ.ഓപ്. സ്റ്റോറും മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നു.

വായ്പാ സ്ഥാപനങ്ങളാണ് വായ്പേതര സംഘങ്ങളെക്കാൾ നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. എന്നാൽ സമീപ കാലത്ത് ആരംഭിച്ച എല്ലാ വായ്പേതര സംഘങ്ങളും പുരോഗതി യിലേക്കുതന്നെയാണ് പോകുന്നത്. എ സ്റ്റാബ്ളിഷ്മെൻറ ചെലവുകളും കഴിയുന്നത്ര ചുരുക്കിക്കൊണ്ട് സ്ഥാപന ങ്ങളുടെ വളർച്ചക്കാവശ്യമായ പദ്ധതികൾ എല്ലാ സ്ഥാപനങ്ങളും ചെയ്തുവ രുന്നുണ്ട്. ശക്തമായ ഒരു സഹകരണ അടിത്തറ പഞ്ചായത്തിനുണ്ട്. ഈ അനുകൂല ഘടകത്തെ ഉപയോഗിച്ച് കൂടുതൽ രംഗത്തേക്ക് ഈ മേഖല വികസിപ്പിക്കേണ്ടതുണ്ട്.5. ഗ്രാമീണ പരമ്പരാഗത തൊഴിൽ മേഖ ല പ്രോത്സാഹിപ്പിക്കുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിലില്ല.

6. ബ്ളോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭവന നിർമ്മാണസംഘം ഉണ്ടെങ്കിലും ആവശ്യക്കാർക്ക് മുഴുവൻ വായ്പ കൊടുക്കാൻ ഈസ്ഥാപന ത്തിന് കഴിയുന്നില്ല.

7. നിലവിലുള്ള കാർപ്പൻറി സംഘം പ്രവർത്തനരഹിതമാണ്.

<u>നിർദ്ദേശങ്ങൾ</u>

1. ആധുനിക രീതിയിലുള്ള എല്ലാ കാർഷികയന്ത്രോപകരണങ്ങളും കർഷകർ ക്ക് വിതരണം ചെയ്യാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കണം.

2.ഭവന നിർമ്മാണസംഘം രൂപീകരി ക്കണം.

3.ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ച് കരാറുകാരെ ഒഴിവാക്കിപ ഞ്ചായത്തിൻെറനിർമ്മാണ പ്രവർത്തനങ്ങൾ ഈ സൊസൈറ്റിയെ ഏല്പിക്കണം.

4. മയ്യിൽ ആസ്ഥാനമാക്കി കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കണം. ഇതിൻെറ കീഴിൽ ഒരു ഗൃഹോപകരണഷോറൂം ആരംഭിക്കണം.

5. നിലവിലുള്ള കാർപൻറി സൊസൈറ്റി സജീവമാക്കണം.

6. കയരളം, കണ്ടക്കൈ, മയ്യിൽ എന്നീവില്ലേജുകളിൽ വനിതാ വായ്പ സഹകരണ സംഘം രൂപീകരിക്കണം.

7. വാർഡ് അടിസ്ഥാനത്തിൽ വനിതാ മൾട്ടിപർപ്പസ് സഹകരണ സംഘം രൂപീകരിക്കണം. (ഗാർമെൻറ്സ്, കൊട്ട, കസേര, മേശ, ചെരിപ്പ് മുതലായവ)

8. ഒന്നാം വാർഡിൽ ഒരു വീവേഴ്സ് സൊസൈറ്റിയുടെ സാദ്ധ്യത പരിശോധിക്കണം.

9.പാൽ സംഘത്തിൻെറ പ്രവർത്തനം വിപുല മാക്കണം. എല്ലാവാർഡുകളി ലും വിതരണ-ശേഖരണ കേന്ദ്രം സ്ഥാപിക്കണം. നാല്പയിനം പശുക്കളെ ലഭ്യമാക്കി പാലിൻെറ ഉല്പാദനം കൂട്ടണം. പശുവിനെ വാങ്ങുന്നതിനുള്ള വായ്പാ സംഖ്യ വർദ്ധിപ്പിക്കണം. ഉല്പന്നനിർമ്മാണയൂനിറ്റുകൾ ആരംഭിക്കണം തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കണം.

10.മുല്ലക്കൊടിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി അഗ്രോ സർവ്വീസ സെൻററിൻെറപ്രവർത്തനം മെച്ചപ്പെടുത്തണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തനം വിപുലമാക്കി ഓരോ വാർഡിൽ നിന്നും ഒരു പ്രതിനിധി എന്നരൂപ ത്തിൽ

ഭരണസമിതി പുനഃസംഘടിപ്പിക്കണം

11. പട്ടിക ജാതിക്കാർക്കായി പായനെയ്ത്ത് സഹകരണ സംഘം രൂപീകരിക്കണം. ഇവർക്ക് ആധുനിക പരിശീലനല്കാൻ ശ്രദ്ധിക്കണം.

12.പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മാർക്കറ്റിംങ്ങ് സൊസൈറ്റി രൂപീകരി ക്കണം. ഇതുവഴി മുഴുവൻ കാർഷി കോല്പന്നങ്ങളും ശേഖരിക്കാൻ സാധിക്കണം.

13. കൊപ്ര, കശുവണ്ടി ഇവയുടെ സംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള സഹകരണ മേഖലക്കുള്ള സാധ്യത പരിശോധിക്കണം.

14. സഹകരണ ആയുർവേദ ആശുപത്രി സ്ഥാപിക്കാൻ പഞ്ചായത്തിൽ സാധ്യതയുണ്ട്.


15. മുട്ടക്കോഴിവളർത്തൽ സഹകരണ സംഘം ആരംഭിക്കണം.


16. സഹകരണ മോട്ടോർവാഹന വർക്ക്ഷോപ്പിന്റെ ബാദ്ധ്യത പരിശോധിക്കണം.

17. സാങ്കേതിക പഠനത്തിനായി സഹ കരണാടിസ്ഥാനത്തിൽ ഒരു സ്ഥാപ നംആരംഭിക്കണം. സഹകരണാടി സ്ഥാപനത്തിൽ ഒരു ആർട്ട്സ് കോളേജ് മയ്യിൽ സ്ഥാപിക്കാൻ സാധ്യതയുണ്ട്. ഇതു പരിശോധിക്കപ്പെടണം.

18. ഏറെ സാധ്യതയുള്ള പഴ സംസ്ക്കരണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

19. വിദേശത്ത് പോകുന്നവർക്ക് ഏറ്റവും കൂടുതൽ വായ്പ സഹകരണ സംഘ ങ്ങളാണ് നല്കുന്നത്. എന്നാൽ വിദേശപണം സ്വീകരിക്കുന്ന NRE എക്കൗണ്ട് തുടങ്ങാൻ സഹകരണ സ്ഥാപനത്തിന് അനുമതി ഇല്ലാത്തതിനാൽ ഇവരുടെ വരുമാനം മറ്റുമേഖല വഴിയാണ് നാട്ടിലെത്തുന്നത്. അതുകൊണ്ട് സഹക രണബേങ്കിൽ NRE എക്കൗണ്ട് തുടങ്ങാൻആവ ശ്യമായ നടപടി ഗവൺമെന്റിന്റെയും റിസർവു ബേങ്കിന്റേയും ഭാഗത്തുനിന്നു ണ്ടാവാൻ ഗ്രാമ പഞ്ചായത്ത് സമ്മർദ്ദം ചെലുത്തണം.





5–11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സാമൂഹ്യമുഖ്യധാരയിലേക്ക് ഇന്നും പൂർണ്ണമായി കടന്നുവരാത്ത ഒരു വിഭാഗമാണ് കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർ. ഒട്ടേറെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ടെങ്കിലും ഇവരിൽ ഭൂരിഭാഗവും സാമൂഹ്യമോ സാമ്പത്തികമോ ആയ പിന്നോക്കാവസ്ഥയിൽ കഴിയുന്നവരാണ്. ഇതിൽ നിന്നും നേർവിപരീതമാണ് നമ്മുടെ പഞ്ചായത്തിലെ സ്ഥിതി.

പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന മലയ, പുലയ, വള്ളുവ എന്നീവിഭാഗങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. പട്ടികവർഗ്ഗവിഭാഗക്കാർ ഈ പഞ്ചായത്തിലില്ല. ആദ്യകാലങ്ങളിൽ പുലയസമുദായക്കാർ കൃഷിപ്പണി, പായനെയ്ത്ത് എന്നിവയിലൂടെയും മലയ, വണ്ണാൻ, വിഭാഗങ്ങൾ മുഖ്യമായും തെയ്യം, തുടങ്ങിയ അനുഷ്ഠാനകലകളിൽനിന്നുള്ള വരുമാനത്തിലൂടേയും ആണ് ഉപജീവനം കഴിച്ചുവന്നിരുന്നത്. ഈ പഞ്ചായത്തിൽ എണ്ണത്തിൽ കൂടുതൽ പുലയസമുദായക്കാരാണ്. ഇവരുടെ വീടുകളെ ചാളകളെന്നും ശ്മശാനങ്ങളെ ചുടലകളെന്നുമാണ് വളിച്ചിരുന്നത്. മുസ്ലീം വിഭാഗങ്ങൾ ഒഴികെയുള്ളവർ ഇവരെ സമൂഹത്തിന്റെ പുറംമ്പോക്കുകളിൽ പുറന്തള്ളപ്പെടുകയാണ് ചെയ്തത്. നാല്പത് വർഷങ്ങൾക്കുമുമ്പ് വരെ തൊപ്പിപ്പാളയും തോർത്തുമുണ്ടും മാത്രം ധരിച്ച് നടന്നിരുന്ന ഇവർ സാമൂഹ്യമുഖ്യധാരയിലേക്ക് ഉയർന്നുവന്നത് സാമൂഹ്യനവോത്ഥാനപ്രസ്ഥാനങ്ങളുടെ കടന്നുവരവോടുകൂടിയാണ്.

ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ അയിത്തത്തിനും അനാചാരങ്ങൾക്കും

അസമത്വത്തിനും എതിരായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും രൂപപ്പെട്ടുവന്നു. മിശ്രഭോജനമെന്നത് ആ കാലഘട്ടത്തിൽ നടന്ന പ്രധാന നവോത്ഥാന പ്രവർത്തനമാണ്. മയ്യിൽ പഞ്ചായത്തിൽ മയ്യിൽ, ചെറുപഴശ്ശി തുടങ്ങിയ പ്രദേശങ്ങളിൽ മിശ്രഭോജനാസ്രയിത പരിപാടിയായി നടത്തിയതായി പഴമക്കാർ പറയുന്നു.

നാടൻകലകളായ തെയ്യക്കോലങ്ങൾകെട്ടിയാടിയിരുന്നത് പ്രധാനമായും വണ്ണാൻമാരും പുലയരും, മലയരും ആണ്. ഇതിൽ പൊട്ടൻ, വിഷ്ണു മൂർത്തി, ഗുളികൻ, വസൂരിമാല, കണ്ടകർണ്ണൻ എന്നിവയുടെ കോലം കെട്ടിയാടുന്നത് പ്രധാനമായും മലയസമുദായക്കാരും, കുറത്തി, മരുതിയോടൻ, ശാസ്തപ്പൻ എന്നിവ പുലയസമുദായക്കാരുമാണ് കെട്ടിയാടുന്നത്.

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ പട്ടിക ഒന്നിൽ കാണുക

പട്ടിക I

വർഷം	ജനസംഖ്യ		ആകെ	പഞ്ചായത്തിലെ ആകെ	പട്ടികജാതി ശതമാനം
	ആൺ	പെൺ			
1961	329	328	657	13,033	5.04
1991	719	640	1359	25, 223	5.38

പട്ടികജാതി വിഭാഗത്തിന്റെ 1961 ലെ സ്ത്രീപുരുഷ അനുപാതം 1000 ത്തിന് 996 എന്നനിലയിലാണ്. 1991ൽ 1000ന് 890 ആയിക്കുറഞ്ഞിരിക്കുന്നു. ജനസംഖ്യാ വളർച്ചാനിരക്ക് വലിയ വ്യത്യാസമില്ലാതെ തുടരുന്നതായാണ് മേൽപട്ടിക സൂചിപ്പിക്കുന്നത്. സ്ത്രീപുരുഷ അനുപാതത്തിൽ കാണുന്ന കുറവ് പഠനവിധേയമാക്കേണ്ടതാണ്.

1991ലെ കാനേഷുകുമാരി കണക്കുകൾ നല്കുന്ന മറ്റൊരുസൂചന പഞ്ചായത്തിലെ ശരാശരി കുടുംബവലുപ്പം പട്ടികജാതിക്കാരുടേത് മറ്റുസമുദായങ്ങളുടേതിനോട് ഏതാണ്ട് തുല്യമാണെന്നാണ്. പഞ്ചായത്തിലെ ശരാശരി കുടുംബവലിപ്പം 6.28, പട്ടികജാതിവിഭാഗക്കാരുടേത് 6.32. ഇതിൽ നിന്നും ലഭിക്കുന്ന സൂചന ഈ വിഭാഗത്തിന്റെ സാമൂഹ്യക്ഷേമ നിലവാരം താരതമ്യേന ഉയർന്നിട്ടുണ്ടെന്നാണ്.

വിദ്യാഭ്യാസനിലവാരം വിശകലനവിധേയമാക്കുമ്പോൾ പഞ്ചായത്തിലെ പട്ടികജാതിയിലെ മുഴുവൻ കുട്ടികളേയും വിദ്യാഭ്യാസസമ്പന്നരാക്കുന്നതിൽ ഈ വിഭാഗം തല്പരരാണ്.

1995 - 96 വിദ്യാഭ്യാസവർഷത്തിലെ പട്ടികജാതി കുട്ടികളുടെ കണക്ക് പട്ടികയിൽ കാണുക.

പട്ടിക

ക്ലാസ്	ആൺ	പെൺ	ആകെ
1	11	17	28
2	10	14	24
3	9	11	20
4	18	20	38
5	12	12	24
6	25	25	50
7	26	15	41
8	26	22	48
9	29	17	46
10	20	10	30
ആകെ	186	163	349

പഞ്ചായത്തിലെ 16 സ്കൂളുകളിലായി പട്ടികജാതിയിൽപ്പെട്ട ആകെ 349 കുട്ടികൾ പഠിക്കുന്നു. ഇതിൽ തോറ്റുപഠിക്കുന്നവർ 64 പേരാണ്. (45 ആൺകുട്ടികൾ) 19 പെൺകുട്ടികൾ ഇവരിൽ പഠനം നിർത്തിയവർ ആൺകുട്ടികൾ മൂന്നും പെൺകുട്ടികൾ രണ്ടും ആണുള്ളത്.

പട്ടിക

	ആകെ	പട്ടികജാതി
പഞ്ചായത്തിലെ കുടുംബഗങ്ങളുടെ എണ്ണം	3911	215
ദാരിദ്ര്യരേഖയ്ക്ക് താഴെ എണ്ണം	2043	195
നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം	623	190

(അവലംബം ഐ. ആർ ഡി. പി. സർവ്വെ)

മേൽകാണിച്ച പട്ടിക ബോധ്യപ്പെടുത്തുന്നത് ഐ. ആർ ഡി. പി. സാമ്പ ത്തികസഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ മറ്റുസമുദായങ്ങളേക്കാൾ ഒരുപാട് മുന്നേറിയിട്ടുണ്ട് എന്നാണ്.23.5% കുടുംബങ്ങളാണ് മറ്റുസമുദായങ്ങളിൽ നിന്നും നാളിതുവരെ സാമ്പത്തികസഹായം കൈപ്പറ്റിയവരെങ്കിൽ പട്ടികജാതി വിഭാഗത്തിൽ ഇത് 97.5% വരും.

ഹരിജൻ കോളനികൾ നിരന്തോട്, നണിയൂർ നമ്പ്രം കിഴക്ക് - പടിഞ്ഞാറ് കിളിയളം, മുല്ലക്കൊടി, എന്നീ പ്രദേശങ്ങളിലായി ആകെ 91 കുടുംബങ്ങളാണ് ഉള്ളത്. വിശദവിവരങ്ങൾ പട്ടികയിൽ കാണുക.

പട്ടിക

ക്രമനമ്പർ	കോളനിയുടെ പേര്	വാർഡ്	എണ്ണം
1.	നിരന്തോട്	1	18
2	നണിയൂർ നമ്പ്രം (കിഴക്ക് / പടിഞ്ഞാറ്)	5	17
3	കിളിയളം	8	21
4	മുല്ലക്കൊടി	6	35
	ആകെ		91

കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ ഏറെക്കുറേ തൃപ്തികരമാണ്. ഏറ്റവും അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നത് കോറളായിതുരുത്തിലാണ്. കിഴക്കും പടിഞ്ഞാറുമായി നാല്പതുകുടുംബങ്ങൾ ഇവിടെയുണ്ട്. ഈ തുരുത്തിലെ ആദിമനിവാസികൾ ഇവരാണ്. എല്ലാകോളനികളിലേക്കും റോഡ്, ഗതാഗതസൗകര്യം ഇന്ന് നിലവിലുണ്ട്. വൈദ്യുതിയും എല്ലാകോളനികളിലേക്കും എത്തിയിട്ടുണ്ട്. കോളനികളിൽ നിന്നും ഒരു കിലോമീറ്ററിനുള്ളിൽ പ്രാഥമിക വിദ്യാഭ്യാസസൗകര്യമുണ്ടെങ്കിലും, കിളിയളം ഒഴിച്ചുള്ള കോളനികളിൽ കൂടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

മുൻകാലങ്ങളിലേതിൽ നിന്നും വ്യത്യസ്ഥമായി ഇവരുടെ സാമൂഹ്യപദവി മെച്ചപ്പെടുത്താൻ കഴിഞ്ഞു എന്നുമാത്രമല്ല പുരോഗമന ബഹുജനസംഘടനകളിൽ ഈ വിഭാഗത്തിന്റെ സാനിധ്യം വർദ്ധിച്ചുവരുന്നതായും കാണാം. വിദ്യാഭ്യാസകാര്യത്തിലും മറ്റുസാംസ്ക്കാരിക പ്രവർത്തനങ്ങളിലും പൊതു അവസ്ഥയിൽ നിന്നും വ്യത്യസ്ഥമല്ല ഇവരുടെ നില. പരംമ്പരാഗതമായി ചെയ്തുവന്നിരുന്ന തഴപ്പായ നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം കുടുംബങ്ങൾ ഇന്നുമുണ്ട്. കോറളായിതുരുത്തിനെപ്പോലുള്ള പ്രദേശങ്ങളിൽ ഏറെ കുടുംബങ്ങൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. എങ്കിലും ഈ ഉല്പന്നത്തിന്റെ വിപണനത്തിന് പൊതുസംവിധാനത്തിന്റെ അഭാവം ഇടത്തട്ടുകാരുടെ ചൂഷണത്തിന് കാരണമാകുന്നു.


പ്രശ്നങ്ങൾ


1. എല്ലാ ഹരിജൻ കോളനികളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമമുണ്ട്. മുല്ലക്കൊടി കോളനിയിലെ ശുദ്ധജലവിതരണ പദ്ധതി പ്രവർത്തനക്ഷമമല്ല.
2. കോളനിപ്രദേശങ്ങളിൽ തെരുവുവിളക്കുകൾ ഇല്ല.
3 മുല്ലക്കൊടി കോളനിയിലെ വായനശാലാ സൗകര്യം തീർത്തും അപര്യാപ്തമാണ്. റോഡ് വളരെ മോശമായ അവസ്ഥയിലും ആണ്.
4 പായ നെയ്ത്ത്, കുട്ടമെടയൽ എന്നീ തൊഴൽ ചെയ്യുന്നവർക്ക് അസംസ്കൃതവസ്തുക്കൾ ആവശ്യാനുസരണം ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണവും ഇവർ അനുഭവിക്കുന്നു.
6. സ്വന്തമായി സ്ഥലം. വീട് എന്നിവയില്ലാത്ത ചില കുടുംബങ്ങൾ ഈ വിഭാഗത്തിൽ ഉണ്ട്.
7 വിവിധ സഹായപദ്ധതികളേയും ആനുകൂല്യങ്ങളേയും പറ്റി വിവരങ്ങൾ യഥാസമയം കിട്ടാത്തതിനാൽ അർഹമായത് നഷ്ടപ്പെടുന്ന അനുഭവങ്ങൾ ഉണ്ട്.

8. യഥാർത്ഥ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സ്കീമുകളല്ല പലതും
9. സർക്കാരിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നടീൽ വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ പലപ്പോഴും ഗുണനിലവാരം കുറഞ്ഞവയാണ്.
10. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന കോറളായിതുരുത്തിലുള്ളവർ മറ്റുപ്രദേശങ്ങളിൽ എത്തിച്ചേരുവാൻ ഏറെ പ്രയാസപ്പെടുന്നു, പ്രത്യേകിച്ച് വർഷകാലങ്ങളിൽ.

സാദ്ധ്യതകൾ

1 കൊളച്ചേരി പദ്ധതി വഴി എല്ലാകോളനികളിലും ശുദ്ധജലം എത്തിക്കാൻ കഴിയും.
2 കോളനികളുമായി ബന്ധപ്പെട്ട റോഡ് സൗകര്യം മെച്ചപ്പെടുത്തണം.
3 കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.
4 വീടില്ലാത്ത കുടുംബഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബഗങ്ങളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തുവാൻ, പ്രത്യേക സഹായ പദ്ധതികൾ ഉണ്ടാകേണ്ടതാണ്.
5 കോളനികളിൽ ശിശുക്ഷേമകേന്ദ്രം സാസ്ക്കാരികകേന്ദ്രം ഇവയുടെ സൗകര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.
6 ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസപരമായ അഭിവൃദ്ധിക്കുള്ള പരിപാടികൾ തയ്യാറാക്കേണ്ടതാണ്.
7 അനുയോജ്യമായ കുടിൽ വ്യവസായ പദ്ധതികൾ ഉണ്ടാക്കി പ്രോത്സാഹനം കൊടുക്കേണ്ടതാണ്
8. തെയ്യം കലയിൽ താല്പര്യമുള്ളവർക്ക് വിദഗ്ധ പരിശീലനം ലഭിക്കുന്നതിന് ഫോക്ക്ലോർ ഇൻസ്റ്റിറ്റ്യൂട്ടുമായി അവരെ ബന്ധപ്പെടുത്താൻ ശ്രമിക്കണം.
9 പട്ടികജാതി വിഭാഗത്തിലെ അനുയോജ്യരായവരെ സംഘടിപ്പിച്ച് ഒരു മാർഗ്ഗദർശക വിഭാഗം രൂപീകരിക്കാവുന്നതാണ്
10 വിവധ പദ്ധതികൾ വഴി ചെലവഴിക്കപ്പെടുന്ന തുകയും മറ്റും അർഹതപ്പെട്ടവർക്ക് തന്നെ കിട്ടുമെന്ന് ഉറപ്പ് വരുത്താൻ മാർഗ്ഗദർശക വിഭാഗത്തിന് കഴിയണം.
11 തോട്ടിൻ കരകളിലും പുഴയോരങ്ങളിലും മുണ്ടകൈത വെച്ചുപിടിപ്പിച്ചാൽ മണ്ണൊലിപ്പ് തടയാനും പായനെയ്ത്ത് വികസിപ്പിക്കാനും കഴിയും.
12 കോറളായി തുരുത്ത് പൊതുശുശാന സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്
13 കോറളായി തുരുത്തിൽ നിന്നും വാഹനഗതാഗതയോഗ്യമായ ഒരു പാലം അത്യാവശ്യമാണ്.





5–12 വിഭവ സമാഹരണം

ഏറ്റവും ഒടുവിലായി സർക്കാർ നടത്തിയ ഗ്രഡേഷൻ അനുസരിച്ച് മയ്യിൽ പഞ്ചായത്ത് ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണ്. വിവിധ സാമ്പത്തിക മേഖലകൾ വിലയിരുത്തിയാൽ മയ്യിലിനെ ഒരു കാർഷികഗ്രാമമെന്ന് വിശേഷിപ്പിക്കാം. ഇവിടെ തൊഴിൽ എടുക്കുന്നവരിൽ 33% കാർഷിക മേഖലയിലും 26% സേവന മേഖലകളിലും ജോലിചെയ്യുമ്പോൾ വ്യാവസായിക മേഖലയിൽ കേവലം 19% പേർ മാത്രമാണ് ഉള്ളത്.

91 – 92 മുതൽ 95 – 96 വരെയുള്ള കാലയളവിലെ പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക I

സ്വന്ത വരുമാനത്തിൽ മുഖ്യ ഇനമായ വിവിധ നികുതി വരുമാനം 75% വർദ്ധിച്ചിരിക്കുന്നു. കെട്ടിട നികുതി, തൊഴിൽ നികുതി ഇവയിലുള്ള വർദ്ധനവ് ശരാശരി നികുതി വർദ്ധനവിൽ നിന്ന് വളരെയൊന്നും കൂടുതലല്ല. എന്നാൽ വിനോദ നികുതിയിൽ നാമമാത്രമായ വർദ്ധനവേ കാണുന്നുള്ളൂ. സർക്കാരിൽ നിന്നുള്ള വിവിധ ഗ്രാൻറുകളുടെ കാര്യത്തിൽ 5 വർഷത്തിനു

പട്ടിക 1

പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങൾ

	91-92	92-93	93-94	94-95	95-96	5വർഷംകൊണ്ടുണ്ടായ വർദ്ധനവ് %
കെട്ടിട നികുതി	90,294.28	1,30,304.09	1,48,806.57	1,56,370.44	1,69.717.44	87
സർവീസ് ചാർജ്ജ്	15,035.70	21,310.43	24,346.62	25,610.87	27,909.36	85
തൊഴിൽ നികുതി	82,500.00	94,237.00	1,06,697.00	1,24,568.00	1,48,140.00	79
വിനോദ നികുതി	26,876.18	88,063.11	29,908.00	27,053.60	29,516.69	9.8
പ്രദർശന നികുതി	1,042.50	1,371.25	2,223.50	2,455.00	2,520.00	141
നികുതി വരുമാനം ആകെ	2,15,748.66	2,59,385.88	3,72,081.69	3,36,058.91	3,77,803.30	75%
ലൈസൻസ് ഫീസ്	17,713.75	18,604.00	19,871.00	20.376.00	21,926.00	23
വസ്തുകൈമാറ്റ നികുതി	1,40,847.00	1,89,122.00	4,90,439.00	1,92,465.00	2,00,021.00	42
ഗവൺമെൻറ് ഗ്രാൻറുകൾ	3,33,847.00	4,34,361.00	3,40,744.00	3,00,230.00	8,24,630.00	147
പഞ്ചായത്ത് വക ഭൂമിയിൽ നിന്നുംകടവിൽ നിന്നും	50,346.00	96,051	3,93,183	9,00,773	7,98,691	1486

അവലംബം : ദ്വിതീയ വിവരശേഖരണം '96

ഇതിൽ 147% വർദ്ധനവ് ഉണ്ടായാരിക്കണം

പട്ടിക II

ഗ്രാൻറ് ഇനം	91-92	92-93	93-94	94-95	95-96
Busic Tax grant	51,463	54,108	54,226	62.846	1,85,961
Establishment grant	19,429	40,808	33,633	——	——
M. I. Grant	7,000	7,000	7,000	7,000	7,000
VRM	20,832	20,768	21,855	21,884	23,664
VTI	53,623	1,06,102	——	23,000	2,85,527
Untied fund	1,81,000	2,05,008	2,24,000	——	3,20,050

അവലംബം : ദ്വിതീയ വിവര ശേഖരണം 96

കഴിഞ്ഞ 5 വർഷങ്ങളിലായി ലഭിച്ച ഗ്രാൻറ് സംബന്ധിച്ച വിവര പട്ടിക 2ൽ കൊടുത്തിരിക്കുന്നു. അടിസ്ഥാന നികുതി വിഹിതത്തിലാണ് കാര്യമായ വർധനവ് കാണിക്കുന്നത്. മറ്റ് ഗ്രാൻറുകളുടെ വർധനവ് നാമമാത്രമാണ്. പഞ്ചായത്തിൻെറ വരുമാനത്തിൽ ഏറ്റവും വലിയ വർധനവ് കാണിക്കുന്നത് പുറംമ്പോക്ക് ഭൂമി അടക്കമുള്ള പഞ്ചായത്ത് സ്വത്തിൽ നിന്നുള്ള വരവിലാണ്.(മുഖ്യമായും മണൽ ലേലം)

മൊത്തത്തിലുള്ള ചിത്രം സൂചിപ്പിക്കുന്നത് സ്വന്തമായ നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നതാണ്. ഗ്രാൻറിലുള്ള ചെറിയ വർധനവു, പഞ്ചായത്ത് വസ്തുക്കളിൽ നിന്നുമുള്ള വരുമാന വർദ്ധനവുമാണ് സാമ്പത്തികരംഗത്ത് പഞ്ചായത്തിനെ കാര്യമായി സഹായിക്കുന്നത് മണൽ ലേലത്തിൽ നിന്നുള്ള വരുമാനം സ്ഥായിയാതെല്ലാം. പഞ്ചായത്തിൻെറ വരുമാന സ്ഥിതി ഭദ്രമല്ല എന്നുചുരുക്കം. എങ്കിലും രണ്ട് വർഷമായി എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ലഭിക്കുന്നില്ല എന്നത് വരുമാനത്തിൽ ഉണ്ടായ നേരിയ പുരോഗതിയെ സൂചിപ്പിക്കുന്നു. വരുമാന വർദ്ധനവിനുള്ള സാദ്ധ്യകളെന്തൊക്കെ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഉദാഹരണമായി കെട്ടിടനികുതി വാർഷികവാടകയുടെ ആറ് മുതൽ 10%വരെ ചുമത്താമെന്നിരിക്കെ മിനുമം നിരക്കുമാത്രമാണ് ചുമത്തിയിരിക്കുന്നത്. പഞ്ചായത്ത് ഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതുണ്ട്. അതേസമയം നികതി പിരിവ് 100% ആക്കുന്നതിൽ വർഷങ്ങളായി വിജയിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്.

ഇനി ചെലവിനം പരിശോധിക്കാം. കഴിഞ്ഞ 5 വർഷക്കാലത്തെ മുഖ്യചെലവിനങ്ങൾ പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

പട്ടികമൂന്ന്

ശ്രദ്ധേയമായ വസ്തുത 5 വർഷമായുണ്ടായ വരുമാന വർദ്ധനവിന് ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടില്ല എന്നതാണ്. അത് ആകെ ചെലവിനങ്ങളുടെ 41% ത്തിൽ നിന്ന് 19%ആയി കുറഞ്ഞിട്ടുണ്ട്. ഭരണചെലവ് കഴിച്ചാൽ പ്രധാന ചെലവിനം മരാമത്ത് പണികൾക്കാണ്. പിന്നെയുള്ളത് കുടിവെള്ളം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ സേവന മേഖല കളിലുള്ള ചെലവുകളാണ്. ഉൽപാദനമേഖലയിൽ ഒന്നും തന്നെ ചെയ്യാൻ സാധിച്ചിട്ടില്ല.

പട്ടിക. 3

ചെലവിനങ്ങൾ

	91-92	92-93	93-94	94-95	95-96
1. ഭരണം	3,06,623135	3,18,510	3,87,923.28	4,24,224.45	6,10,416.25
2. പൊതുമരാമത്ത്	1,75,522	3,64,266	3,24,013	8,33,267	11,42,945
3. വിദ്യാഭ്യാസം	16,283,	42,393	40,372.94	2,81,519,35	22,673
4. പൊതുജനാരോഗ്യം	16283				
കുടിവെള്ളം	2,700	2,27,571.70	10,677	2,84,713	22,297
5. തെരുവു വിളക്കുകൾ	8,892	32,277	33,564	2,85,758	34,178

അവലംബം : ദ്വിതീയ വിവരശേഖരണം '96

മേൽപറഞ്ഞ മേഖലകളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നത് കൊണ്ട് അൺടൈഡ് ഫണ്ടുപോലും ഉൽപാദനമേഖലയിലേക്ക് തിരിച്ച് വിടാൻ കഴിയാത്ത പരിതസ്ഥിതിയാണുള്ളത്. ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ചൂണ്ടികാണിക്കുന്നത് സേവനമേഖലകളിൽ വരും കാലങ്ങളിൽ വലിയ തോതിൽ തുക നീക്കിവെക്കേണ്ടിവരുമെന്നതാണ്. പഞ്ചായത്തിന്റെ പരിമിതമായ വരുമാനം വെച്ച് ഇത് എങ്ങിനെ നിർവ്വഹിക്കാമെന്നത് ഗൗരവമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതുണ്ട്.

ധനകാര്യസ്ഥാപനങ്ങൾ

ധനകാര്യസ്ഥാപനങ്ങളുടെ സഹായം ഗ്രാമവികസനത്തിൽ പ്രയോജനപ്പെടുത്താൻ ആസൂത്രിതമായ ശ്രമങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ ധനകാര്യസ്ഥാപനങ്ങൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

പേര്	നിക്ഷേപം	വായ്പ
1.. മയ്യിൽ സർവ്വീസ് സഹകരണ ബേങ്ക്	800ലക്ഷം	824ലക്ഷം
2. സിൻറിക്കേറ്റ് ബേങ്ക്	235ലക്ഷം	60ലക്ഷം
3. മുല്ലക്കൊടി കോ-ഓപ്പ്-റൂറൽ ബേങ്ക് (മയ്യിൽ പഞ്ചായത്തിലുള്ള ശാഖ)	44ലക്ഷം	35ലക്ഷം
4. മയ്യിൽ വില്ലേജ് വനിതാ സഹകരണ സംഘം	9.7ലക്ഷം	7.2ലക്ഷം

സഹകരണസ്ഥാപനങ്ങൾ അവയുടെ നിക്ഷേപത്തിലും കവിഞ്ഞ തുക വായ്പ കൊടുക്കുന്നുണ്ട്. എന്നാൽ ദേശസാൽകൃത ബാങ്കിന്റെ നിക്ഷേപ വായ്പ അനുപാതം വളരെകുറവാണ്. 26% സഹകരണ ബേങ്കുകൾ നല്കിവരുന്ന വായ്പ പൊതുവികസന പദ്ധതികൾക്കുവേണ്ടി തിരിച്ചുവിടുകയും ദേശസാൽകൃതബേങ്കുകളുടെ വായ്പാ സാദ്ധ്യത പ്രയോജനപ്പെടുത്താൻ കഴിയുകയും ചെയ്യുന്ന വിധത്തിൽ സ്കീമുകൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഗ്രാമസഭകളിൽ നിന്നും ലഭിച്ച കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ 650ഓളം ആളുകൾ വിവിധ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ വഴി പ്രതിവർഷം ചുരുങ്ങിയത് ഒന്നരകോടി രൂപ പഞ്ചായത്തിൽ എത്തുന്നതായാണ് കണക്കാക്കപ്പെടുന്നത്. ആ തുകയുടെ ഗണ്യമായ ഭാഗം ഭൂസ്വത്ത്, കെട്ടിടങ്ങൾ എന്നിവയിലാണ് നിക്ഷേപിക്കുന്നത്. ഉൽപാദന മേഖലയിലേക്ക് ഈ തുക എങ്ങിനെ പ്രയോജനപ്പെടുത്താം എന്ന് പരിശോധിക്കപ്പെടണം. പൊതു ആവശ്യത്തിലേക്കുള്ള കെട്ടിടനിർമ്മാണം പൊതു ആഘോഷം തുടങ്ങിയവയ്ക്ക് ഗൾഫ് കുടിയേറ്റക്കാരുടെ സഹായം ലഭ്യമാകാറുണ്ട്.

പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രം രാഷ്ട്രീയ സാമൂഹ്യപ്രതിബദ്ധതയുടേയും ത്യാഗപൂർണ്ണമായ പൊതുപ്രവർത്തനത്തിന്റേയും നിരവധി മാതൃകകൾ നല്കുന്നുണ്ട്. പഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളും സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മിച്ചവയാണ്. 30ഓളം വായനശാല ക്ലബ്, കെട്ടിടങ്ങൾ മയ്യിൽ ഹൈസ്ക്കൂളിന്റെ ആറ് കെട്ടിടങ്ങൾ ഇവയൊക്കെ പൊതുജനങ്ങളുടെ സ്വമേധയാ ഉള്ള സേവനത്തിന്റേയും സാമ്പത്തിക സഹായത്തിന്റേയും ഫലമാണ്. അടുത്തകാലത്ത് രൂപംകൊണ്ട ജനകീയ ആസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട് കൊണ്ട് ഇതിനകം തന്നെ 2050 മനുഷ്യാധ്വാനം ലഭിച്ചിട്ടുണ്ട്.

ഇതെല്ലാം സൂചിപ്പിക്കുന്നത് പഞ്ചായത്തിന്റെ മുഖ്യവിഭവങ്ങളിൽ ഒന്ന് ത്യാഗധനരായ സന്നദ്ധ പ്രവർത്തകരുടെ അധ്വാനമാണെന്നതാണ്. മനുഷ്യാധ്വാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപ്പെടുത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നില്ല.
2. സർക്കാരിന്റെ സാമ്പത്തിക സഹായം വേണ്ടത്ര ലഭിക്കുന്നില്ല. അർഹമായ വിഹിതം പോലും യഥാസമയം ലഭിക്കുന്നില്ല.
3. ധനകാര്യ സ്ഥാപനങ്ങലുടെ ഫണ്ട് വികസന പദ്ധതികൾക്കായി ഉപയോഗിക്കുന്നില്ല.
4. ദേശസാൽകൃതബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം വളരെ കുറഞ്ഞതാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. നികുതി വരുമാനം വർദ്ധിപ്പിക്കുക.
2. ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കാൻ ശ്രമിക്കുക.
3. പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട പുറമ്പോക്ക ഭൂമി പൂർണ്ണമായും വിഭവസമാഹരണത്തിനായി പ്രയോജനപ്പെടുത്തുക.
4. ഗൾഫ് മലയാളികളുടെ സാമ്പത്തിക നിക്ഷേപം ആകർഷിക്കാൻ കഴിയുന്ന സ്കീമുകൾ തയ്യാറാക്കുക.
5. ഇൻസ്റ്റിറ്റ്യൂഷനൽ ഫൈനാൻസ് ഉപയോഗിച്ചുള്ള വികസന പദ്ധതികൾക്ക് രൂപം കൊടുക്കുക.
6. ഷോപ്പിംഗ് കോപ്ലക്സ് പോലുള്ള സ്ഥിരവരുമാനമുള്ള ആസ്തികൾ നിർമ്മിക്കുക.
7. പഞ്ചായത്തധീനതയിലുള്ള പുറമ്പോക്കിൽ നിന്ന് മത്സ്യ ബന്ധന അവകാശം പാട്ടത്തിന് കൊടുക്കുക.
8. മണൽ ഖനന സാധ്യത പഠന വിധേയമാക്കുക.
9. പൊതുമരാമത്ത് പ്രവർത്തികളിൽ കരാർ സമ്പ്രദായം കുറച്ചുകൊണ്ടുവരികയും 1 ജനകീയ കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം രൂപപെടുത്തുക.
10. 'ലേബർ കോൺട്രാക്ട്സ്സൊസൈറ്റികൾ രൂപീകരിക്കുക.

വികസനരേഖ തയ്യാറാക്കിയവർ

എം.പി. ദാമോദരൻ നമ്പ്യാർ
എം. ഈശ്വരൻ എമ്പ്രാന്തിരി
പി. പത്മനാഭൻ
പി.പി. ദാമോദരൻ
കെ.കെ. ഗോവിന്ദൻ
കെ.കെ. കുഞ്ഞനന്തൻ നമ്പ്യാർ
പി. കുഞ്ഞികൃഷ്ണൻ
കെ.കെ. രാമചന്ദ്രൻ
സി.സി. വിനോദൻ
പി .എം.വി. പ്രേമരാജൻ
യു. ജനാർദ്ദനൻ
യു.കെ. നാരായണൻ
കെ. രാജഗോപാലൻ
വി.വി. ദേവദാസൻ
കെ.സി. ഹരികൃഷ്ണൻ
കെ.പി. ബാലകൃഷ്ണൻ നമ്പ്യാർ
കെ. ബാലകൃഷ്ണൻ നായർ
കെ. രമേശൻ
വി. വി. പ്രേമരാജൻ
വി.വി. ബാലകൃഷ്ണൻ
കെ.ആർ. ബാലകൃഷ്ണൻ
പി. സൗമിനി

കെ. ശശി
എ.പി. ശകുന്തള
കെ. ദാമോദരൻ
സി.വി. കുഞ്ഞിരാമൻ നമ്പ്യാർ
പി. മുകു ന്ദൻ
ടി.ഒ. നാരായണൻ
പി. ബാലൻ
സി. ചന്ദ്രൻ
കെ.സി. മഹേശൻ
കെ.പി. മുസ്തഫ മാസ്റ്റർ
കെ. ശ്രീധരൻ
പി.കെ. ഗോപാലകൃഷ്ണൻ
എ.കെ. രുഗ്മിണി അമ്മ
കെ.പി. ചന്ദ്രൻ
കെ.വി. ബാലകൃഷ്ണൻ മാസ്റ്റർ
എം. ബാലകൃഷ്ണൻ നമ്പ്യാർ
ഇ.പി. ദാമോദരൻ നമ്പ്യാർ
ഒ.എം. ദിവാകരൻ
പി.കെ. വിജയൻ
ടി. പ്രദീപൻ
പി.പി. മുകുന്ദൻ

മയ്യിൽ ഗ്രാമ പഞ്ചായത്ത്-സമഗ്ര വികസനരേഖ - 96

Gayathri Offset Printers Kannur- 1, Tel.68936